2014 നവംബർ 25
വാല്യം 07
ലക്കം 22

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ഐ.പി.സി.യിൽ ഭരണ പ്രതിസന്ധി രൂക്ഷമാകുന്നു

* പാസ്റ്റർ കെ.സി. ജോണിന്റെ ജനറൽ സെക്രട്ടറി സ്ഥാനം കോടതി റദ്ദാക്കി
* പാസ്റ്റർ സാം ജോർജ്ജ് ആക്ടിംഗ് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു.

**കുമ്പനാട്:** ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോണിന്റെ സ്ഥാനം തിരുവല്ല മുൻസിഫ് കോടതി റദ്ദാക്കിയതിനെ തുടർന്ന് ഐ.പി.സിയിൽ ഭരണപ്രതിസന്ധി രൂക്ഷമാകുന്നു. രാജ്യാന്തര പ്രഭാഷകനും ഐ.പി.സിയിലെ പ്രമുഖ നേതാവുമായ പാസ്റ്റർ കെ.സി.ജോണിനെ കോടതി അയോഗ്യനായ വാർത്ത ഐ.പി.സിയിൽ അമ്പരപ്പുളവാക്കിയിരിക്കുകയാണ്. ഭരണഘടനാ ചട്ടങ്ങൾ മറികടന്ന് അധികാര സ്ഥാനത്ത് എത്തുകയായിരുന്നു എന്ന ആരോപണം ഉയർന്ന പാസ്റ്റർ കെ.സി. ജോണിന് സമീപകാലത്ത് തുടർച്ചയായ തിരിച്ചടികളാണ് ഉണ്ടാവുന്നത്.

ജനറൽ കൗൺസിൽ സ്റ്റേറ്റ് കൗൺസിലിനോട് ആവശ്യപ്പെട്ട 12 അംഗ ലിസ്റ്റിൽ പാസ്റ്റർ കെ.സി ജോണിന്റെ പേര് ഇല്ലായിരുന്നു. ഭരണഘടന ലംഘിച്ച് എക്സിക്യൂട്ടീവ് സ്ഥാനത്ത് 13-ാമനായി എത്തിയ പാസ്റ്റർ കെ.സി.ജോണിന്റെ സ്ഥാന ലബ്ദി ഭരണഘടനാ വിരുദ്ധമെന്ന് കോടതി കണ്ടെത്തുകയായിരുന്നു. ഇതേ തുടർന്നാണ് താല്ക്കാലികമായി കോടതി സ്ഥാനം റദ്ദാക്കിയത്. പാസ്റ്റർ കെ.സി.ജോൺ അപ്പീൽ കൊടുക്കുമെന്ന് അറിയുന്നു.

തൽസ്ഥാനത്തേക്ക് ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് ആക്ടിംഗ് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു. 26-ന് കൂടുന്ന അടിയന്തിര ജനറൽ കൗൺസിൽ ഭാവിനടപടികൾ തീരുമാനിക്കും.

ഐ.പി.സിയുടെ ഭരണ നയങ്ങളെ നിർണ്ണയിച്ചിരുന്ന പാസ്റ്റർ കെ.സി.ജോണിന്റെ നിലപാടുകൾക്ക് തുടർച്ചയായ തിരിച്ചടികളാണ് ഉണ്ടാകുന്നത്. ധൃതിപിടിച്ച് അവതരിപ്പിച്ച ഭരണഘട

08

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് നേതൃത്വത്തിനെതിരെ കേസ്

* ഓവർസീയർക്കും കൗൺസിൽ അംഗങ്ങൾക്കും കോടതി സമൻസ്

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് നേതൃത്വത്തിനെതിരെ കോട്ടയം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. O.S-.NO.744/2014 നമ്പരായി ഫയൽ ചെയ്ത കേസിൽ സ്റ്റേറ്റ് ഓവർസീയർ വി.ജെ. ജെയിംസ്, ജേക്കബ് തോമസ് (സാബു), സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ എന്നിവർ ഉൾപ്പെടെ 18 പേർ പ്രതികളാണ്. ആക്ഷൻ കൗൺസിൽ അംഗങ്ങളായ സി.ജോൺ ജേക്കബ്, ഫിലിപ്പ് ജേക്കബ് എന്നിവരാണ് വാദികൾ.

16-5-2014ൽ സ്റ്റേറ്റ് ഓവർസിയർ കോടതിയിൽ നല്കിയ വ്യാജ സത്യാവാങ്ങ്മൂലം റദ്ദാക്കി ഓവർസിയറെ പ്രോസിക്കൂട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടും ദൈവസഭ ചട്ടങ്ങളും കീഴ്വഴക്കങ്ങളും സൊസൈറ്റി നിയമങ്ങളും ലംഘിച്ച് ഓവർസിയറായി തുടരുന്ന വി.ജെ.ജെയിംസിനെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ടു കൊണ്ടാണ് ഹർജി.

ഗുരുതരമായി നിയമലംഘനം നടത്തി കോടതിയെ തെറ്റിദ്ധരിപ്പിച്ച ഓവർസീയർ തൻ സ്ഥാനത്തു നിന്നും

08

# അസംബ്ലീസ് ഓഫ് ഗോഡ് ശതാബ്ദി പ്രത്യേക സമ്മേളനം ജനുവരി 24 ന്

(ഷാജൻ ജോൺ ഇടയ്ക്കാട് മീഡിയ കൺവീണർ)

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷനോടനുബന്ധിച്ചു നടത്തുന്ന പ്രത്യേക ശതാബ്ദി സമ്മേളനം ജനുവരി 24 ശനി 2 മുതൽ 5 വരെ പുനലൂർ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ലോകമെങ്ങുമുള്ള ഏ.ജി മലയാളി സഭകളിൽ നിന്നും അയ്യായിരത്തിലധികം പേർ സമ്മേളനത്തിൽ സംബന്ധിക്കും. ഗൾഫ്, അമേരിക്ക തുടങ്ങിയ സ്ഥലങ്ങിൽ നിന്നുൾപ്പെടെയുള്ള സഭാശുശ്രൂഷകരും വിവിധ പെന്തക്കോസ്ത് സഭാ നേതാക്കന്മാരും ഭാരതത്തിലെ എ.ജിയുടെ പ്രധാന പ്രവർത്തകരും സന്ദേശങ്ങൾ നൽകും. എ.ജി.യുടെ 100 വർഷത്തെ ചരിത്രമടങ്ങിയ വീഡിയോ പ്രദർശനം, ചരിത്ര അവലോകനം എന്നിവ പരിപാടികളുടെ ഭാഗമായുണ്ട്. ചാരിറ്റി ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ നടപ്പിലാക്കുന്ന ശതാബ്ദി സമ്മേളന ക്ഷേമപ്രവർത്തനങ്ങളുടെ ഉദ്ഘാടനം സമ്മേളനത്തിൽ നടക്കും. സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർക്ക് സൗജന്യ ഡയാലിസിസിന് സൗകര്യം ഒരുക്കിക്കൊണ്ട് കേരളത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിലാദ്യമായി ഒരു പെന്തകോസ്ത് സഭയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡയലീസിസ് യൂണിറ്റിന്റെ ഉദ്ഘാടനം സമ്മേളനത്തിൽ നടക്കും. പത്ത് വീടുകളുടെ നിർമ്മാണം. 100 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, 100 വിധവമാർക്ക് W.-M.C ചുമതലയിൽ സാമ്പത്തിക സഹായം. 5 ആശുപത്രികളിൽ ഒരു നേരത്ത് ഉച്ചഭക്ഷണം എന്നിവ ചാരിറ്റി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ശതാബ്ദി സമ്മേളനത്തിന്റെ ഭാഗമായി നടക്കും. ചാരിറ്റി ഡയറക്ടറായി ബ്രദ. ജോർജ് ഏബ്രഹാമും ചാരിറ്റി കൺവീനറായി പാസ്റ്റർ. പി.ബേബിയും പ്രവർത്തിക്കുന്നു.

സമ്മേളനത്തിന്റെ ഭാഗമായുള്ള വാക്യമെഴുത്തുമത്സരം ജനുവരി 6 ന് രാവിലെ 9 ന് ആരംഭിക്കും. 2000 വാക്യത്തിന് മുകളിലെഴുതുവാൻ കഴിയുന്ന എ.ജി സഭാംഗങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരം ഒരു ദിവസത്തിലധികം നീണ്ടുപോയാൽ താമസം, ഭക്ഷണം തുടങ്ങിയവ സംഘാടസമിതി ഒരുക്കും. താത്പര്യമുള്ളവർ ഡിസംബർ 10നകം പേര് രജിസ്റ്റർ ചെയ്യണം. ഒന്നാം സമ്മാനം 25,000 ക്യാഷ് പ്രൈസായിട്ടു നൽകും. മറ്റ് നിരവധി സമ്മാനങ്ങളും ഉണ്ടാകും.

ജനുവരി 19 തിങ്കളാഴ്ച മുതൽ 25 ഞായറാഴ്ച വരെ നടക്കുന്ന ജനറൽ കൺവൻ

05

# ശാരോൻ ജനറൽ കൺവൻഷൻ ഡിസംബർ 3ന് ആരംഭിക്കും



ഡോ. റ്റി. ജി. കോശി



ഡോ. റ്റി. പി. ഏബ്രഹാം



റവ. ജോൺ തോമസ്



റവ. ജേക്കബ് മാത്യു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ ഡിസംബർ 3 ബുധനാഴ്ച ആരംഭിക്കും. വൈകിട്ട് 6 മണിക്ക് തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ സഭാപ്രസിഡന്റ് ഡോ. റ്റി.ജി. കോശി ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വരെ തുടരുന്ന യോഗങ്ങളിൽ ഡോ.റ്റി.പി. ഏബ്രഹാം, റവ. ജേക്കബ് മാത്യു, റവ. ജോൺ തോമസ് തുടങ്ങിയവരും അഭിഷിക്തരായ മറ്റു ദൈവദാസന്മാരും പ്രസംഗിക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. എല്ലാദിവസവും വൈകുന്നേരം 6 മുതലാണ് പൊതുയോഗങ്ങൾ.

ദിവസവും രാവിലെ 7 മണിക്ക് ബൈബിൾ സ്റ്റഡി നടത്തപ്പെടും. വ്യാഴാഴ്ച പകൽ പാസ്റ്റേഴ്സ് കോൺഫറൻസും വെള്ളിയാഴ്ച പകൽ ധ്യാനയോഗവും നടക്കും. ശനിയാഴ്ച സി.ഇ.എം.-സൺഡേസ്കൂൾ സംയുക്ത സമ്മേളനം നടത്തപ്പെടും. പാസ്റ്റർ സാം കോശി അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ പ്രിൻസ് തോമസ് സന്ദേശം നൽകും. സി.ഇ.എം. സ്റ്റേറ്റ് താലന്തു പരിശോധനാ വിജയികൾക്കുള്ള സമ്മാനങ്ങൾ, സ്കോളർഷിപ്പുകൾ, മെറിറ്റ്

05

## സാക്ഷി



പെന്തെക്കോസ്ത് സഭകളിൽ കോടതി വ്യവഹാരം വർദ്ധിക്കുന്നു - **വാർത്ത**

*പ്രശ്ന പരിഹാരം വരുത്തുവാൻ യോഗ്യരായവർ സഭകളിൽ ഇല്ലാതെ പോകുന്നു.*

# ചിക്കു യാത്രയായി....



**ചിങ്ങവനം:** മാമ്പുഴക്കേരി ചക്കിട്ടപ്പറമ്പിൽ ബഥേൽ വീട്ടിൽ ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനുമായ പാസ്റ്റർ കെ. വി. കുര്യാക്കോസിന്റെ മകനും പ്രശസ്ത ഗായകനുമായ ചിക്കു കുര്യാക്കോസ് (26) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ബോൺ ക്യാൻസർ ബാധിതനായി എറണാകുളം വെൽകെയർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

സംസ്ക്കാരം ചിങ്ങവനം ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് ബഥേൽ സഭാസെമിത്തേരിയിൽ നടത്തി. സഭാ പ്രസിഡന്റ് പാസ്റ്റർ വി.എം തമ്പി ശുശ്രൂഷ നിർവ്വഹിച്ചു.

മാതാവ്: മറിയാമ്മ കുര്യാക്കോസ്, സഹോദരങ്ങൾ: രുഫോസ്, റിങ്കു

# ഹൃദയപൂർവ്വം നന്ദി...

അമേരിക്കൻ ഐക്യനാടുകളിലെ സന്ദർശനം കഴിഞ്ഞ് ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു നാട്ടിൽ തിരികെ എത്തിയിരിക്കുന്നു. അമേരിക്കൻ സന്ദർശനകാലത്ത് മീറ്റിംഗുകൾ ക്രമീകരിക്കുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാ പ്രീയപ്പെട്ടവർക്കും ഹൃദയംഗമമായ നന്ദി. ബിലീവേഴ്സ് ജേണൽ ദൈവാരികയുടെ അമേരിക്കൻ ഐക്യനാടുകളിലെ വായനക്കാരുടെ പിന്തുണ ഞങ്ങൾക്ക് എന്നും പ്രചോദനമാണ്. തുടർന്നും നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. സർവ്വശക്തൻ ഏവരെയും അനുഗ്രഹിക്കട്ടെ.

(പത്രാധിപസമിതി)

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഇത് നാണക്കേട്




**ഐ.** പി. സിയിൽ ഇപ്പോഴുണ്ടായിരിക്കുന്ന സംഭവങ്ങൾ തികച്ചും നാണക്കേടായിരിക്കും. ആമല്ലൂർ സഭാപ്രശ്നം തെരുവിലെത്തിച്ചതും മാധ്യമങ്ങൾ അത് വാർത്തയാക്കിയതും എല്ലാം സഭയ്ക്ക് ആകെ നാണക്കേടാണുണ്ടാക്കിയത്. അതിനുപിന്നാലെ ജനറൽ സെക്രട്ടറിസ്ഥാനത്തുനിന്ന് പാസ്റ്റർ കെ. സി. ജോണിനെ വിലക്കിക്കൊണ്ട് കോടതി ഉത്തരവു കൂടി വന്നപ്പോൾ അത് മറ്റൊരു നാണക്കേടായി. പെന്തെക്കോസ്തിന്റെ ആരംഭകാലം മുതൽ സഭയുടെ മുഖമുദ്രയായിരുന്ന ഗുണങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. പരസ്പര സ്നേഹത്തിന്റെയും ക്ഷമയുടെയും സഹിഷ്ണതയുടെയും മാർഗ്ഗത്തിലൂടെയായിരുന്നു പെന്തെക്കോസ്തുകാർ മുന്നോട്ട് പോയിരുന്നത്. മറ്റുള്ളവരിൽ നിന്നും പെന്തെക്കോസ്തിനെ വ്യത്യസ്തമാക്കിയതും ഈ ഗുണഗണങ്ങൾ തന്നെയായിരുന്നു. രക്ഷിക്കപ്പെട്ട ദൈവമക്കൾ തമ്മിലുള്ള പരസ്പര സഹവർത്തിത്വം, ദൈവദാസന്മാരോടുള്ള ബഹുമാനം ഇവയിലെല്ലാം പെന്തെക്കോസ്തുകാർ മുന്നിലായിരുന്നു. ലോകമോഹങ്ങളിൽ നിന്നുള്ള വർജ്ജനവും ദൈവവചനപ്രകാരമുള്ള വേർപാടും പെന്തെക്കോസ്തിന്റെ ബലമായിരുന്നു. കോടതിയും പോലീസും ഒന്നും പെന്തെക്കോസ്തുകാരുടെയിടയിൽ കേട്ടുകേൾവിപോലും ഇല്ലായിരുന്നു. പണത്തിന്റെ ബാഹുല്യം ഇല്ലായ്മ പെന്തെക്കോസ്ത് ജനങ്ങളെ ദൈവാശ്രയമുള്ളവരായി നിലനിർത്തിയ ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് എവിടെയും പണാധിപത്യമാണ് നടക്കുന്നത്. ജഡീകർ സഭയിൽ പ്രബലപ്പെട്ടുകഴിഞ്ഞു. അവരുടെ താളത്തിനു തുള്ളുന്ന നേതാക്കന്മാരും കൂടെയായപ്പോൾ പെന്തെക്കോസ്ത് സഭകളെല്ലാം തന്നെ അധഃപതനത്തിന്റെ പടുകുഴിയിലാണിന്ന്.

ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് പറഞ്ഞുതീർക്കാവുന്ന നിസാരവിഷയങ്ങൾ വ്യക്തിവൈരാഗ്യത്തിന്റെയും സ്ഥാപിതതാൽപര്യങ്ങളുടെയും പേരിൽ പോലീസ് കേസും കോടതിവ്യവഹാരവുമൊക്കെയാകുന്നു. ഇതുകൊണ്ട് എന്ത് നേട്ടമാണ് പ്രസ്ഥാനത്തിനുണ്ടാകുന്നത്. സമൂഹമദ്ധ്യത്തിൽ നാണക്കേടുണ്ടാക്കുവാൻ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് കഴിഞ്ഞിട്ടുള്ളൂ. ഇൻഡ്യയിലെ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ ഐ. പി. സിയുടെ സ്ഥാനം മുൻപന്തിയിലാണ്. ഇൻഡ്യൻ സുവിശേഷീകരണ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നത് ഐ. പി.സിയ്ക്കാണ്. എന്നാൽ ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധികൾ ഐ. പി. സി. പ്രസ്ഥാനത്തെ ബലഹീനപ്പെടുത്തുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ശരിയായ ഒരു മാനസാന്തരമാണ് ഇവിടെയാവശ്യം. ഗ്രൂപ്പ് വഴക്കും തെരുവുയുദ്ധവും കോടതി വ്യവഹാരവും എല്ലാം കളഞ്ഞ് വിട്ടുവീഴ്ച മനോഭാവത്തോടും പരസ്പര ബഹുമാനത്തോടും കാര്യങ്ങളെ സമീപിച്ചാൽ പ്രശ്നപരിഹാരം സാധ്യമാണ്. സെക്കുലർ മാധ്യമങ്ങളും നവമാധ്യമങ്ങളും ഇത് വാർത്തയാക്കുമ്പോൾ നഷ്ടപ്പെടുന്നത് പെന്തെക്കോസ്തിന്റെ മുഖഛായയാണ്. ഇനിയും സമയം അതിക്രമിച്ചിട്ടില്ല. നേതൃനിരയിലുള്ളവർ ഒന്നിച്ചിരുന്ന് സംസാരിക്കാൻ തയ്യാറായാൽ മാത്രം മതി. കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നവരെയും ആടുകളെ തമ്മിൽ അടിപ്പിച്ച് രക്തം നുണയുന്ന കുറുക്കന്മാരെയും അകറ്റിനിർത്തുവാൻ നേതാക്കന്മാർ തയ്യാറാകണം. എന്തൊക്കെ ന്യായീകരണങ്ങളും വാദഗതികളും നിരത്തിയാലും ഈ കഴിഞ്ഞ ആഴ്ചകളിൽ നടന്ന സംഭവങ്ങൾ എല്ലാം തന്നെ ഐ. പി. സി. എന്ന പ്രസ്ഥാനത്തിന് പൊതുജനമദ്ധ്യേ നാണക്കേടാണുണ്ടാക്കിയത്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ഒരു നേതാക്കന്മാർക്കും കഴിയുകയില്ല.

ഭരണഘടനാമാറ്റം കാലോചിതമായി നടപ്പിലാക്കണം. അതിൽ വ്യക്തി താൽപര്യങ്ങൾ പാടില്ല. ആരെയും ഒതുക്കുവാൻ മനപൂർവ്വമായ ശ്രമം പാടില്ല. അപ്പോൾ തന്നെ നല്ല നിർദ്ദേശങ്ങളെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യരുത്. രാഷ്ട്രീയ അതിപ്രസരത്തെ ഒഴിവാക്കാനും ട്രസ്റ്റുകളുടെ ചുമതലക്കാരെ മാറ്റി നിർത്തുവാനും ഉള്ള ശ്രമം തികച്ചും ശ്ലാഘനീയം തന്നെയാണ്. ഗ്രൂപ്പുചർച്ചകളും സ്വകാര്യ അജണ്ടകളും മാറ്റിവെച്ച് പ്രസ്ഥാനത്തിന്റെ നന്മക്കായി ഒത്തൊരുമിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കണം. പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ വൽസൺ ഏബ്രഹാം എന്നിവർ ഈ പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ ആവശ്യമുള്ളവർ തന്നെയാണ്.

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

**ദൈ**വത്തെ ദർശിച്ച ചിലരെക്കുറിച്ച് ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. മോശെ ദൈവത്തെ കണ്ടതായി വായിക്കുന്നു. ദൈവത്തെ കാണാത്തവർക്ക് (വിശ്വാസികൾക്കു)ഒരു ദിവസം അവനെ മുഖാമുഖമായി കാണാം. 1യോഹ: 3:2, വെളി:22:4. അദൃശ്യൻ ആണെങ്കിലും തന്നെക്കുറിച്ച് പലവിധത്തിലാണ് ലോകത്തിനു വെളിപ്പെടുത്തുന്നത്, അവ-

1.സൃഷ്ടി: സങ്കീ:19:1, റോമ:1:20-23

2. പ്രകൃതി, പ്രവ:14:17

3. മനസ്സാക്ഷി, റോമ:2:13-15

4. കരുതൽ, മത്താ:5:45

5. തിരുവചനം, യെശ:34:16, യോഹ:5:39

6.യേശുക്രിസ്തു, യോഹ:18:37, യോഹ:1:18

7. പരിശുദ്ധാത്മാവ്, യോഹ: 15:26, 16:7-10

8. സഭ, യോഹ:15:27, അ.പ്ര.1:8, 2:1

ആമേൻ- ഇടയലേഖനങ്ങളിലെ മൂന്നു പദങ്ങളും ആമേൻ എന്ന പദത്തോടുകൂടി ഉപസംഹരിക്കുകയാണ്. അപ്രകാരം തന്നെ” എന്നാണ് അതിന്റെ അർത്ഥം, ഒരു കത്തെഴുതിയിട്ട് ഒടുവിൽ ഒപ്പ് ഇടുന്നതുപോലെയാണ്. ഈ പദം സ്വർഗ്ഗത്തിലും ഭൂമിയിലും മുഴങ്ങി കേൾക്കുന്നു. ക്രൈസ്തവ കൂടി വരവുകളിൽ ഏറ്റവും അധികം ഉപയോഗിക്കുന്നതും എല്ലാവരും ചേർന്ന് പറയുന്നതുമായ പദമാണ് ആമേൻ എന്നുള്ളത്. ഈ അടുത്തകാലത്ത് മലയാള സിനിമയിൽ ആമേൻ എന്ന പേരിൽ ഒരു സിനിമ പോലും ഇറങ്ങി. എന്നാൽ ഈ പദത്തിന്റെ അർത്ഥമോ അത് ഏതെല്ലാം നിലയിൽ ഉപയോഗിച്ചിരിക്കുന്നു എന്നോ പലർക്കും അറിയാൻ പാടില്ല. പ്രാർത്ഥിച്ചാൽ ആമേൻ പറഞ്ഞു അവസാനിപ്പിക്കുക എന്നതാണ് പതിവെങ്കിലും പലപ്പോഴും പലരും ആമേൻ എന്നും പറയാറില്ല. കാരണം അതിന്റെ ഗൗരവം പലർക്കും മനസ്സിലാക്കാത്തതു കൊണ്ടാണ്. ഈ പദത്തിന്റെ അർത്ഥവും അത് ഉപയോഗിച്ചിരിക്കുന്ന സാഹചര്യങ്ങളും ശ്രദ്ധിക്കുന്നത് വളരെ പ്രയോജനകരമായിരിക്കും. എബ്രായ ഭാഷയിൽ ഓമായിൻ (Omain) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം സത്യമായത് അല്ലെങ്കിൽ വിശ്വസനീയമായത് എന്നാണ്. ദൈവം പറയുന്ന വാക്കുകൾക്കു ആമേൻ പറയുമ്പോൾ അത് സത്യവും വിശ്വസനീയവുമെന്നു നാം അംഗീകരിക്കുകയാണ്.

പ്രസിദ്ധ ഗ്രീക്ക് പണ്ഡിതനായ W.E. Vineന്റെ ഗ്രീക്കു ഡിക്ഷണറിയിൽ പറഞ്ഞിരിക്കുന്നത്, ആമേൻ എന്ന പദം എബ്രായഭാഷയിൽ നിന്നും ഗ്രീക്കിലേക്കും, ഇംഗ്ലീഷിയേക്കും അതേനിലയിൽ പകർത്തിയിരിക്കുകയാണ് എന്നാണ്. അതിന്റെ അർത്ഥം ആവർത്തനപുസ്തകം 7:9 ലും യെശ:49:7 ലും 65:16ലും വിശ്വസ്തനായ ദൈവം സത്യദൈവം The faithfull (the Amen) god എന്നും god of Truth (god of Amen) എന്നീ ചിന്തകൾ ഈ വാക്യങ്ങളിൽ കാണാവുന്നതാണ്. ചില സ്റ്റഡി ബൈബിളിൽ മാർജിനിൽ ഇങ്ങനെ ചേർത്തിട്ടുണ്ട്. ദൈവത്തോടുള്ള ബന്ധത്തിൽ ഏതെങ്കിലും ഉടമ്പടിയോടു ചേർത്ത് ആമേൻ പറയുമ്പോൾ അതിന്റെ വ്യവസ്ഥകൾ പാലിച്ചു കൊള്ളുമെന്നുള്ള ഒരു അംഗീകാരമായിട്ടാണ് ഇതിനെ കാണുന്നത്. ആവർത്തനം 27:15 മുതലുള്ള വാക്യങ്ങളിൽ 11 പ്രാവശ്യം ആമേൻ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ദൈവകല്പന വിട്ട് മറുതലിക്കുകയാണെങ്കിൽ ശാപം എന്റെമേൽ വരട്ടെ എന്ന ആശയത്തിലാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്. വ്യക്തമായി പറഞ്ഞാൽ കല്പനകൾ അനുസരിക്കാം എന്നു സമ്മതിക്കുകയാണവിടെ. നെഹമ്യാവ് പറഞ്ഞ വാക്കുകളോടുള്ള ബന്ധത്തിൽ ജനം ആമേൻ പറഞ്ഞ് പ്രതിജ്ഞ ചെയ്തു. നെഹെമ്യാവു പറഞ്ഞത് ഈ വാഗ്ദാനം നിവർത്തിക്കാത്ത ഏവനെയും അവന്റെ സമ്പാദ്യത്തിൽ നിന്നും ദൈവം ഇതുപോലെ കുടഞ്ഞുകളയട്ടെ എന്നു പറഞ്ഞപ്പോൾ സർവ്വസഭയും ആമേൻ എന്നു പറഞ്ഞു സ്തുതിച്ചു, ചുരുക്കി പറഞ്ഞാൽ അനുതാപത്തിന്റെ ആമേൻ, നെഹ: 8:5-6,അതുപോലെ തന്നെ ആത്മാർത്ഥതയുടെ ആമേൻ. സംഖ്യ:5:22, ഐക്യതയുടെ ആമേൻ. 1ദിന:16:36 കാണാം.

വേറൊരാൾ പ്രാർത്ഥിക്കുന്നതിനോടോ, സ്തോത്രത്തോടോ ബന്ധപ്പെട്ടു ദൈവം അങ്ങനെ തന്നെ പറയട്ടെ, അല്ലെങ്കിൽ ചെയ്യട്ടെ എന്ന അർത്ഥത്തിലും ആമേൻ ഉപയോഗിച്ചിട്ടുണ്ട്. 1രാജാ:1:36, 1ദിന:16:36, യെശ:11:5. ആദിമ സഭ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ കേൾക്കത്തക്കനിലയിൽ ആമേൻ പറക പതിവായിരുന്നു. 1കൊരി. 14:16, കൂടാതെ വാഗ്ദത്തങ്ങളുടെ സ്ഥിരത, 2കൊരി:1:20 എന്നതിനും ആമേൻ ഉപയോഗിച്ചിരുന്നു. വെളി.1:5-6 വാക്യങ്ങളിൽ ‘അവന്നു’ എന്നന്നേയ്ക്കും മഹത്വവും ബലവും ആമേൻ എന്നു കാണുന്നു. ഇത് ആരാധനയുടെ ആമേൻ ആണ്. ദൈവത്തിന്റെ കരുണയാൽ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന് ഇതിനെക്കാൾ കൂടുതലായി ഒന്നും പറയുവാനില്ല. സകല മഹത്വവും അവനു തന്നെ. വെളി. 3:14 -ൽ ആമേൻ എന്ന പദം യേശുക്രിസ്തുവിന്റെ പേരായി ഉപയോഗിച്ചിരിക്കുന്നു. അവൻ മാത്രമാണ് വിശ്വസ്തനും സത്യസാക്ഷിയും. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ സമയത്ത് 99 പ്രാവശ്യം ആമേൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ 25 പ്രാവശ്യം ആമേൻ, ആമേൻ എന്ന ഇരട്ട പ്രയോഗം കാണുന്നു. സത്യമായിട്ടുള്ള പദം അവൻ സത്യസാക്ഷിതന്നെയാണ്. അവന്റെ വാക്കുകൾ വിശ്വസനീയമാണ്. അപ്പോൾ ആമേൻ എന്നുള്ളത്

- തുടർച്ച- 08

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മിഴി ചിമ്മുന്ന നക്ഷത്രങ്ങളെ നോക്കി ആൽബർട്ട് ഏറെ നേരം അങ്ങനെ കിടന്നു. മുറിക്കുള്ളിൽ നിന്ന് അപ്പോഴും മങ്ങിയ വെളിച്ചം വരുന്നുണ്ടായിരുന്നു. വാതിൽ കുറ്റിയിടാൻ പറഞ്ഞിട്ടും കാതറിൻ അതു ചെയ്തിരുന്നില്ല. കുറേ കഴിഞ്ഞ് ആൽബർട്ട് തന്നെ ഏഴുന്നേറ്റ് ചെന്ന് വാതിൽ ചാരി. എന്തു കാരണത്താലാണ് ഒരു മുന്നറിയിപ്പുമില്ലാതെ കാതറിൻ വന്നുവെന്ന ചിന്ത അപ്പോഴും അയാളിൽ എഴുന്ന് നിൽക്കുന്നുണ്ടായിരുന്നു. ഇടയ്ക്കെപ്പോഴോ കണ്ണുകൾക്ക് ഭാരം കൂടിവരുന്നതായി അയാൾ അറിഞ്ഞു. അയാൾ അറിയാതെ ഉറക്കത്തിലേക്കാഴ്ന്നു. ഉറങ്ങുകയാണെന്ന് അറിഞ്ഞുകൊണ്ട് ഒരാളും ഇതുവരെ ഉറങ്ങിയിട്ടില്ലല്ലോ.

ആരോ തട്ടി വിളിക്കുന്നുവെന്ന ഞെട്ടലോടെ കണ്ണുകൾ തുറന്നപ്പോൾ മേഘങ്ങളൊഴിഞ്ഞ ആകാശമാണ് ആദ്യം കടന്നു വന്നത്. കാതറിന്റെ ശബ്ദം...നേരം കുറേ ആയി കേട്ടോ.... മുഖം തിരിച്ചപ്പോൾ കട്ടൻകാപ്പിയുമായി അവൾ നില്ക്കുന്നു. കുളിച്ച് വേഷം മാറിയിട്ടുണ്ട്. നിറഞ്ഞ പുഞ്ചിരി. ആൽബർട്ട് മെല്ലെ എഴുന്നേറ്റു.

നാളുകൾക്ക് ശേഷമാണ്, മറ്റൊരാൾ ഉണ്ടാക്കിയ ബെഡ്കോഫി ചുണ്ടോട് ചേർക്കുന്നതെന്ന് അയാൾ ഓർത്തു. പല്ലുതേപ്പും കുളിയും കഴിഞ്ഞുവന്നപ്പോഴേക്കും കാതറിൻ അരിയിട്ടിരുന്നു. കഞ്ഞി വേകുന്ന മണം കുടിലിൽ നിറഞ്ഞു നില്ക്കുന്നുണ്ടായിരുന്നു. വെളിച്ചം നന്നായി കിട്ടുന്ന ഒരു മൂലയിൽ ഇരുന്ന് കാതറിൻ എന്തോ അരിയിന്നുമുണ്ട്. ഒന്നുകൂടി ശ്രദ്ധിച്ചു നോക്കിയപ്പോൾ അത് ഇന്നലെ ചെറുമൻ തന്നു വിട്ട ചീര ഇലകളായിരുന്നല്ലോ എന്ന് മനസ്സിൽ ഓർത്തെടുത്തു. കാൽപ്പെരുമാറ്റം കേട്ടാവണം കാതറിൻ മെല്ലെ തിരിഞ്ഞുനോക്കി. ആരോടെങ്കിലും പറഞ്ഞാൽ കുറച്ച് മീൻ കൊണ്ടുവന്നുതരില്ലേ...? പെട്ടന്ന് തന്നെ ആൽബർട്ടിന് ചിരിവന്നു. വളരെ വേഗം കാതറിൻ വീട്ടുകാരി ആയിരിക്കുന്നു. ഒരിക്കൽ താനിത് തീവ്രമായി ആഗ്രഹിച്ചതായിരുന്നല്ലോ.

ഒന്നും മറുപടിയായി പറയാതെ ആൽബർട്ട് പുറത്തേക്കിറങ്ങി.

മീൻ കഴിച്ചിട്ട് നാളുകളേറെ ആയിരിക്കുന്നു. ചെറുമനോട് പറഞ്ഞാലോ? എന്നാൽ സാധാരണ ചെന്നിരിയ്ക്കാറുള്ള പാറപ്പുറത്ത് ഒരു ചിന്തകളാലും പ്രലോഭിക്കപ്പെടാതെ ചെന്നിരിക്കുകയാണ് അയാൾ ചെയ്തത്. കാറ്റ് വീശിപ്പോകുന്നതനുസരിച്ച് മഞ്ഞപ്പൂക്കൾ പാറപ്പുറത്തേക്ക് വീണുകൊണ്ടിരുന്നു. ഇവിടെ ഇരിക്കുമ്പോൾ മാത്രമാണ് തനിക്ക് സമയത്തെ അതിജീവിക്കാൻ കഴിയുന്നതെന്ന ഒരു ചിന്ത ആൽബർട്ടിൽ അപ്പോൾ എഴുന്ന് നില്ക്കുന്നുണ്ടായിരുന്നു...ആന്റി വിളിക്കുന്നുണ്ട്. ശബ്ദം കേട്ട് ആൽബർട്ട് തിരിഞ്ഞു. ചെറുമന്റെ മോനാണ്. ഇവനിന്ന് സ്കൂളിൽ പോയില്ലേ എന്ന ചിന്തയോടെ ആൽബർട്ട് എഴുന്നേറ്റു. എന്തോ അവനോട് ചോദിക്കാൻ തുടങ്ങിയതാണ്. അപ്പോഴേക്കും അവൻ ഓടിക്കളഞ്ഞിരുന്നു. കുടിലിലേക്ക് ചെന്നപ്പോൾ കഞ്ഞി ഊറ്റുന്ന കതറിനെയാണ് അയാൾ കണ്ടത്.

മീൻ കിട്ടി കേട്ടോ... ചിരിയോടെ അവൾ നോക്കുന്നു. ആശ്ചര്യത്തോടെ ആൽബർട്ട് അകത്തേക്ക് കയറി. ചപ്പാത്തിയും കറിയുമുണ്ട്. വാ കഴിയ്ക്കാം....

അവൾ പായ നിവർത്തിയിടുന്നു. വളരെക്കാലം ആ കുടിലിൽ താമസിച്ച പരിചയം അവൾ കാണിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ആൽബർട്ടിലേക്ക് ഇരുളിന്റെ ഒരു താഴ്വാരം വന്നു പതിച്ചതു പോലെ അയാൾ മുഖം തിരിച്ചു. അവിടെ നിരവധി ചോദ്യങ്ങളും സംശയങ്ങളും നീലമുടിയിലെ ആളുകളും ഡേവിഡും പപ്പായും മമ്മിയും എല്ലാം ഒന്നിനു പുറകെ ഒന്നായി വന്നു കൊണ്ടിരുന്നു.

കാതറിൻ.... ശബ്ദം വളരെ താഴ്ത്തിയാണ് ആൽബർട്ട് വിളിച്ചത്.

കാതറിൻ നീ എപ്പോഴാണ് മടങ്ങുന്നത്? ഉച്ചയ്ക്ക് മുൻപ് ഇറങ്ങിയാൽ മുണ്ടോട്ടിത്തറയിലേക്ക് ഏതെങ്കിലും വണ്ടി കിട്ടും. അതുവരെ പ്രസന്നവതിയായിരുന്ന കതറിന്റെ മുഖം പെട്ടെന്ന് വാടിപ്പോയി. അവൾ ആൽബർട്ടിൽ നിന്നും ഈ വാക്കുകൾ പ്രതീക്ഷിച്ചിരുന്നില്ല. പായ വിരിച്ചു കഴിഞ്ഞെങ്കിലും തുടർന്ന് ഒന്നും ചെയ്യാതെ അവൾ നിന്നു. ആ കണ്ണുകൾ തുളുമ്പിവരുന്നത് അയാൾ കണ്ടു. അല്ലെങ്കിൽ, മുണ്ടോട്ടിത്തറ വരെ ഞാനും വരാം....

ആൽബർട്ട്, ഞാൻ പോകണമെന്നുതന്നെയാണോ നീ ആഗ്രഹിക്കുന്നത് ?

ശരിയ്ക്കും പറഞ്ഞാൽ, ഞാൻ എന്തിനാണിവിടെ വന്നതെന്നു കൂടി നീ ചോദിച്ചില്ലല്ലോ? അതുപറഞ്ഞുകൊണ്ട് കാതറിൻ ചപ്പാത്തിയും കറിയും വിളമ്പിവെച്ചു. വരൂ ...നീ ഇപ്പോൾ ഇതു കഴിയ്ക്കൂ ആൽബീ...; തന്റെ ശുശ്രൂഷയ്ക്കിടയിൽ ഒരിയ്ക്കലും കാതറിനെ കൂട്ടുചേർക്കാനാവില്ലെന്ന പൊള്ളലോടെ അയാൾ പായിൽ ഇരുന്നു. ഇവിടെയുള്ള പ്രശ്നങ്ങൾക്കിടയിൽ കാതറിനെ എങ്ങനെകൂടെ നിർത്തും... അവൾ എന്ത് ചിന്തിച്ചാണ് വന്നതെന്നു പോലും ആൽബർട്ടിന് ഊഹിക്കാൻ കഴിഞ്ഞില്ല. ആൽബീ.... ഞാനൊരു കഥ പറയട്ടെ? അങ്ങനെ പറഞ്ഞുകൊണ്ട് ആൽബർട്ടിനടുത്തായി അവൾ ഇരുന്നു. ഒരു കഷണം ചപ്പാത്തി കറിയിൽ മുക്കി അവൾ കഴിയ്ക്കാൻ തുടങ്ങി. കഥയോ..? ആൽബർട്ട് നെറ്റിച്ചുളിച്ചു.

ഉം... ഇതു നമ്മുടെ തന്നെ കഥയാണ്. ആൽബർട്ട് നമ്മൾ എത്ര സന്തോഷത്തോടെയാണ് കോളേജിൽ കഴിഞ്ഞതെന്ന് ഓർക്കുന്നുവോ? അന്ന് യേശുവിനെ സ്വീകരിക്കുകയും എല്ലാ ചട്ടമ്പിത്തരവും മാറ്റിവെച്ച് എന്നും എന്റെ കൂടെ അക്കേഷ്യത്തണലിൽ നീ വന്നു ഇരിയ്ക്കാറില്ലായിരുന്നോ. അന്ന് എനിയ്ക്കറിയാമായിരുന്നു....നീ എന്നെ സ്നേഹിക്കുന്നുവെന്ന്...കാതറിൻ നിർത്തി. ആൽബർട്ട് പെട്ടെന്ന് മുഖമുയർത്തി അവളെ നോക്കി. കാതറിനാകട്ടെ മറ്റൊരു ലോകത്തിൽ നിന്ന് സംസാരിക്കുന്നതു പോലെ ആയിരുന്നു. പിന്നെ നീ...ബൈബിൾ കോളജിലേക്ക് പോയില്ലേ...?

ശരിയ്ക്കും അന്നു നീ എന്നെ ഉപേക്ഷിക്കുകയും മറന്നുകളയും ചെയ്തുവെന്ന് ഞാനറിഞ്ഞിരുന്നില്ല. നിനക്കറിയോ ആൽബീ... നിന്നോടു സംസാരിക്കുവാനും നിന്റെ സ്നേഹം തിരിച്ചറിഞ്ഞെന്നു പറയുവാനും കൂടിയാണ് അന്ന് ഞാൻ വിനോദിന്റെ കൂടെ വന്നത്.... നീയല്ലാതെ എനിക്കാരുമില്ല എന്ന സത്യം നീ മനസ്സിലാക്കിയിട്ടില്ല എന്ന് എനിക്കു അന്നു മനസ്സിലായി...

ആൽബർട്ട് കാതറിനെ തുറിച്ചുനോക്കി. അവൾ തന്റെ മനസ്സു വായിക്കുകയാണോ എന്ന പരിഭ്രമം അപ്പോൾ അയാളിലുണ്ടായി.

ഇപ്പോൾ ഞാൻ വന്നത് ....ഡേവിഡ് പറഞ്ഞിട്ടാണ്.. അതുപറഞ്ഞുകൊണ്ട് കാതറിൻ കഴിക്കുന്നത് മതിയാക്കി എഴുന്നേറ്റു.

ഡേവിഡോ...?! ആശ്ചര്യവും അതിലേറെ സംശയത്തോടും കൂടി ആൽബർട്ടും എഴുന്നേറ്റു. കഴിഞ്ഞദിവസം, ഒരു ലീഡേഴ്സ് കോൺഫറൻസ് നഗരത്തിൽ നടക്കുമ്പോഴാണ് ഡേവിഡിനെ ഞാൻ കണ്ടത്. നിന്റെ ഏകാന്ത ജീവിതത്തെക്കുറിച്ചും കഷ്ടതയെക്കുറിച്ചും നീ സഹിക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ചും കേട്ടപ്പോൾ എനിക്ക് കരച്ചിൽ വന്നു. ഇങ്ങനെ ഭ്രാന്തുപിടിച്ച് അലയാൻ ഞാൻ പറഞ്ഞുവോ? കർത്താവ് കല്പിച്ചുവോ? എന്താ ആൽബർട്ട് നീ ഇങ്ങനെ ആയിപ്പോയത്?

ആൽബർട്ട് മറുപടി പറയാതെ പുറത്തേക്കിറങ്ങി ഡേവിഡ് അങ്ങനെയൊക്കെ പറഞ്ഞപ്പോൾ ഞാനൊന്താ ചാടി പുറപ്പെട്ടതെന്നാണോ നീ ചിന്തിക്കുന്നത്.?

കാതറിനും അങ്ങനെ പറഞ്ഞു കൊണ്ട് പുറത്തേക്ക് വന്നു. നിനക്കറിയാമോ, യേശുകർത്താവു പോലും ഈരണ്ടു പേരായിട്ടാണ് തന്റെ ശിഷ്യന്മാരെ അയച്ചത്. ഇനിയുള്ള നാളുകളിൽ നിന്റെ കൂടെ ജീവിക്കുവാൻ....നിന്റെ കഷ്ടതയിൽ പ

09

ലേഖനം

# അതാ, സ്വപ്നക്കാരൻ വരുന്നു!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

അപ്പൻ കൊടുത്ത നിലയങ്കിയുടെ പേരിൽ തുടങ്ങിയ പക സ്വന്തം സഹോദരന്മാരുടെ ഉള്ളിൽ പുകഞ്ഞുകൊണ്ടേയിരുന്നു. അതിനിടയ്ക്ക് തനിക്ക് ലഭിച്ച രണ്ടു സ്വപ്നങ്ങൾ കൂടി ജോസഫ് തന്റെ സഹോദരന്മാരുടെ മുന്നിൽ അവതരിപ്പിച്ചതോടെ അവരുടെ നോട്ടപ്പുള്ളിയായി ഈ കുഞ്ഞനുജൻ!! വയലിൽ കറ്റ കെട്ടികൊണ്ടിരിക്കവേ എല്ലാ കറ്റകളും കൂടി എഴുന്നേറ്റു നിന്ന് അനുജന്റെ കറ്റയെ വണങ്ങുന്ന രംഗം ഭാവനയിൽ കണ്ട ചേട്ടന്മാരുടെ പക പലമടങ്ങ് കൂടി!!. ഏതെങ്കിലും ഒരവസരം വീണു കിട്ടിയാൽ ഭൂമുഖത്ത് നിന്നു തന്നെ ഈ സ്വപ്നകാരനെ ഇല്ലാതാക്കാൻ തന്ത്രങ്ങൾ കരുപ്പിടിപ്പിച്ചുകൊണ്ടിരിക്കവേ ഒരുനാൾ ഇതൊന്നുമറിയാതെ സഹോദരന്മാരുടെ ക്ഷേമമന്വേഷിക്കാൻ ഇറങ്ങി പുറപെട്ട ഈ നിരപരാധിക്ക് അവരിൽ നിന്നേൽക്കേണ്ടി വന്ന നീതി രഹിത പീഡനങ്ങൾ വിവരിക്കാനാകാത്തതാണ്.!!! ദൂരവേനിന്നനുജനെ കണ്ടതും - അതാ സ്വപ്നകാരൻ: അവനെ കൊന്നു കുഴിയിൽ ഇടുക എന്നതായിരുന്നു ഈ പരമാർത്ഥികളുടെ കൂട്ടായ പ്രതികരണം!

ദൈവം കൊടുക്കുന്ന വിശിഷ്ട കൃപകളുടെ പേരിൽ സ്വന്തം സഹോദരന്മാരാൽ കുല ചെയ്യപ്പെടുന്നവർ ഈ കൃപായുഗത്തിലും ഏറെ ഉണ്ട് എന്നത് പകൽപോലെ സത്യമാണ്. നമ്മുടെ സഹോദരങ്ങളിലൂടെ നടക്കുന്നതും നടക്കാനുള്ളതുമായ എല്ലാ നല്ല ദൈവീക പ്രവർത്തികളെയും നാം ഹൃദയപൂർവ്വം അംഗീകരിക്കേണ്ടതാണ്. നമുക്കില്ലാത്തതൊന്നു മറ്റൊരുവനിൽ നാം കണ്ടാൽ നമ്മിലുളവാകേണ്ട മനോഭാവം ഒരിക്കലും നശീകരണഭാവമാകരുത്. അതിന്റെ അടിസ്ഥാനത്തിൽ നാം നടത്തുന്ന ആക്രമണങ്ങൾ സാത്താന്യമാണ്. അനുജനായ സ്വപ്നകാരനെ അംഗീകരിക്കാനാവാത്ത അസഹിഷ്ണത!! അവനിൽ അത്യുന്നതൻ കൊടുത്ത വരത്തിനു വിലകൊടുക്കാൻ കഴിയാത്ത മനസ്സിടുക്കം!! അനുജന്റെ സ്വപ്നത്തെ അസൂയക്ക് ഹേതുവാക്കിയ ദുരവസ്ഥ!! അപരനിലെ നന്മ കാണാനാകാതെ അടഞ്ഞ അകക്കണ്ണുകൾ!! ദൈവീക ദാനങ്ങളോടുള്ള വെല്ലുവിളികൾ!! ദൈവീക തിരഞ്ഞെടുപ്പുള്ളവനെ തിരഞ്ഞുപിടിച്ച് തകർക്കുന്ന ഭീകരതകൾ!! ഭാവികാല ദൈവീക പദ്ധതികളെ അവസാനിപ്പിക്കാനുള്ള കൗശലങ്ങൾ!! ഇവയെല്ലാമിവരിൽ ഒരുമിച്ചൊത്തുചേർന്നപ്പോൾ സ്വസഹോദരനെ കൊലയ്ക്കു കൊടുക്കാൻ പാകത്തിൽ അവരുടെ ഹൃദയം പൈശാചിക വശീകരണത്തിൽ അകപ്പെട്ടു.!

അതാ സ്വപ്നക്കാരൻ വരുന്നു എന്ന ജ്യേഷ്ഠന്മാരുടെ പരിഹാസത്തിനു പലകാലങ്ങളുടെ പഴക്കമുണ്ട്. അതിന്നും നമുക്കിടയിൽ തുടരുന്നുണ്ട്. നമ്മിലൂടെ അല്ലാതെ മറ്റാരിലൂടെയെങ്കിലും ദൈവരാജ്യത്തിന്റെ വിശാലതയോ യേശുക്രിസ്തുവിന്റെ നാമത്തിലുള്ള അത്ഭുതങ്ങളോ നടന്നു കഴിഞ്ഞാൽ പുറത്തറിയിക്കുന്നില്ലെങ്കിലും ഒരുവേള ഒരുതരം അസ്വസ്ഥതകൾ നമ്മിൽ രൂപപ്പെടുന്നുണ്ടോ? അപരനറിയാതെ നാം മനസ്സിൽ സൂക്ഷിക്കുന്ന ഇത്തരം വിഷവിത്തുകൾ പകയായോ അസൂയയായോ ഒക്കെയാണ് നാമ്പെടുക്കുന്നത്. യേശുക്രിസ്തുവിന്റെ വത്സല ശിഷ്യന്മാരിൽ പോലും ഈ ജ്യേഷ്ഠഭാവത്തിന്റെ സ്വാധീനതകൾ പ്രകടനമായിരുന്നു. "നാഥാ, ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു; ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു" (മർക്കോസ് 9:38) എന്ന് അല്പം അഹങ്കാരത്തോടുകൂടി പുതു ശിഷ്യന്റെ പ്രവർത്തനങ്ങളെ കേവലം നിസ്സാരവൽകരിച്ചുകൊണ്ട് ശിഷ്യപ്രധാനി യോഹന്നാൻ ക്രിസ്തുവിന്റെ മുൻപിൽ അവതരിപ്പിച്ചപ്പോൾ ശിഷ്യവൃന്ദത്തിന്റെ ഈ സ്നേഹവിരുദ്ധ നയത്തെ യേശു "വിരോധിക്കരുത്" എന്ന കനത്ത താക്കീത് നൽകി അവരുടെ നടപടിയെ അവിടുന്ന് തല്ലിതകർത്തു. ക്രിസ്തു നേരിട്ട് തിരഞ്ഞെടുത്ത തങ്ങളിൽ കൂടിയല്ലാതെ നടത്തപെടുന്ന എല്ലാ ദൈവരാജ്യ പ്രവർത്തനങ്ങളോടും ഈ ജ്യേഷ്ഠശിഷ്യന്മാർക്ക് വല്ലാത്ത അമർഷമാണ്. നമ്മെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു എന്ന് പറയുമ്പോഴും തങ്ങളെ കൂടാതെ ഭൂതങ്ങളെ പുറത്താക്കിയതിന്റെ പ്രധിഷേധം അവരിൽ നിഴൽ മൂടിയിട്ടുണ്ട്. ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ നമുക്കൽപ്പം നേരത്തെ അവസരം ഉണ്ടായി എന്നതിനാൽ എല്ലാം എന്നിലൂടെ മാത്രം ആകണം എന്നുള്ള ബാലിശഭാവം നമുക്ക് ചേർന്നതല്ല. അനുജൻ മടങ്ങിവന്നതിന്റെ ആഘോഷങ്ങൾ ഭവനത്തിൽ നടക്കുമ്പോൾ അപ്പനോടൊത്തു സന്തോഷിക്കേണ്ടതിനു പകരം നിരർദ്ധക കാരണങ്ങൾ കണ്ടെത്തി കുറ്റാരോപണം നടത്തുകയും ഇടർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്യുന്ന ജ്യേഷ്ഠന്റെ പ്രതികരണം മടങ്ങിവരാനാഗ്രഹിക്കുന്നവനെ വീണ്ടും തെറ്റിലേക്ക് പറഞ്ഞയ്ക്കാനെ ഉതകൂ എന്ന് നാമറിയാതിരിക്കരുത്. അനുജന്റെ യാഗത്തിൽ ഇറങ്ങിയ ദൈവപ്രസാദത്തിന്റെ പേരിൽ ജ്യേഷ്ഠനിൽ ഉളവായ പക അവസാനം തന്റെ കുഞ്ഞനുജനെ വയലിൽ വെച്ച് വകവരുത്തി പകരം തീർത്തെങ്കിലും അനുജന്റെ രക്തത്തിന് പകരം കൊടുക്കാനാവാതെ അവനലഞ്ഞുഴലേണ്ടി വന്നു. ഫെലിസ്ത്യ മല്ലന്റെ വെല്ലുവിളി വർദ്ധിച്ചുവരവേ യിശായിയുടെ ഇളയ മകൻ അവിടെയെത്തി അടുത്ത് നില്ക്കുന്നവനോട് ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മി ആർ എന്നൊന്ന് ചോദിച്ചതും അത് കേട്ട മൂത്ത ജ്യേഷ്ഠന്മാർക്കു വല്ലാത്തൊരു കോപം!! "നീ ഇവിടെ എന്തിനു വന്നു" എന്നതായി അവരുടെ ചോദ്യം!! കാരണം ചേട്ടന്മാർ മൂവരും ഇവിടെയുള്ളപ്പോൾ ഇളയവന്റെ ഇടപെടൽ അവർക്കത്ര രസിച്ചില്ല!!

പാരമ്പര്യവാദമാണ് ഇന്ന് നടക്കുന്ന എല്ലാ വകവരുത്തലിന്റെയും പിന്നിലെ വ്യാപാരം. ആലയവാസത്തിന്റെ കാലപ്പഴക്കം ആത്മീകതയുടെ പുരാതനത്വവും നമ്മിൽ രൂപപ്പെടുത്തിയെടുത്ത പ്രമാണി പരിവേഷം സ്വന്തം ഭവനത്തിലെ അനുജന്റെ ദൈവകൃപയും ദൈവദത്തമായ ശുശ്രൂഷകളും നശിപ്പിക്കാനാണ് ഉപയോഗിക്കുന്നതെങ്കിൽ താമസംവിനാ ജ്യേഷ്ഠന്മാർ പരിഹസിച്ചു തള്ളിയ സ്വപ്നക്കാരനെ നോക്കി – "ഞാനാണ് ഇവനെ തിരഞ്ഞെടുത്തിരുന്നത്" എന്ന് ദൈവം പരസ്യമായി പ്രഖ്യാപിക്കും. അന്നാളിൽ ഒന്നിച്ചു കൂടിയിരുന്നു തകർത്തു കളയാൻ തയ്യാറാക്കിയ തന്ത്രങ്ങളും കുഴിയിലിടാൻ കണ്ടുപിടിച്ച കൗശലങ്ങളും വെളിച്ചത്തുവരും. ദൈവ കൃപ ഉണ്ടെന്ന ബോധ്യമുള്ളവനെ ചേർത്ത് നിർത്താം!! വചനപ്രകാരം ചലി

04

ചോദ്യോത്തര വേദി

# മാർപാപ്പയ്ക്കെതിരെ നൈജീരിയായിലെ കർദ്ദിനാൾ അരിൻസേ (Arinze)



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** കത്തോലിക്ക സഭയിലെ ചില ഉപദേശ വിഷയങ്ങളുടെ പുനഃനിർവ്വചനത്തിനായി കൂടിയ മൂന്നാം വത്തിക്കാൻ കൗൺസിൽ ഇടയ്ക്കുവെച്ച് ബഹിഷ്കരിച്ചുകൊണ്ട് നൈജീരിയായിലെ കർദ്ദിനാൾ **അരിൻസേ, ഫ്രാൻസിസ് മാർപാപ്പയെ** ശക്തമായ ഭാഷയിൽ അപലപിച്ചു. കർദ്ദിനാൾ അപലപിച്ചതെന്തിന്? അദ്ദേഹത്തിന്റെ ഭാഷ എങ്ങനെയായിരുന്നു? പുനഃനിർവ്വചനത്തിനു മാർപാപ്പ വച്ച ഉപദേശവിഷയങ്ങൾ എന്തായിരുന്നു?

**- യോഹന്നാൻ, പിറവം**

**ഉത്തരം:** ഉപദേശവിഷയങ്ങളിലും ധാർമ്മികവിഷയങ്ങളിലും ഫ്രാൻസിസ് മാർപാപ്പയുടെ ഉദാരമായ നിലപാടിൽ പ്രതിഷേധിച്ചാണ് കർദ്ദിനാൾ **അരിൻസേയും** മറ്റു ചില കർദ്ദിനാളുമാരും കൗൺസിൽ ബഹിഷ്കരിച്ച് മാർപാപ്പയ്ക്കെതിരെ പ്രസ്താവനയിറക്കിയത്. കർദ്ദിനാൾ **അരിൻസേയുടെ** വാക്കുകൾ ഏതാണ്ടിപ്രകാരമായിരുന്നു: *"ആത്യന്തികമായ സത്യം എന്നൊന്നില്ലെങ്കിൽ, സത്യം ആപേക്ഷികമാണെങ്കിൽ, കത്തോലിക്കരായ നാം എന്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്? നമുക്ക് നമ്മുടേതായ തിരിച്ചറിയൽ വ്യക്തിത്വം ഇല്ലെങ്കിൽ, നാം ഒന്നിനും വേണ്ടിയല്ല നിലക്കൊള്ളുന്നത്. നാമീ പറയുന്ന സ്നേഹവും സഹിഷ്ണതയും ഒക്കെ പൊള്ളയായ വാക്കുകളാണ്. വിപരീത ഉപദേശക്കാരൻ (heretic) എന്ന കുറ്റമാണ് ഫ്രാൻസിസ് മാർപാപ്പയുടെമേൽ ഞാൻ ചുമത്തുന്നത്. ഫ്രാൻസിസിന്, മാർപാപ്പയുടെ കസേരയിൽ ഇരിക്കാനുള്ള യോഗ്യതയില്ല. വാസ്തവത്തിൽ ഫ്രാൻസിസ് ഒരു കത്തോലിക്കൻ പോലുമല്ല. പോപ്പിന്റെ സിംഹാസനം ഒഴിഞ്ഞു കിടക്കുന്ന സ്ഥിതിയാണിന്നുള്ളത്".*

മൂന്നാം വത്തിക്കാൻ കൗൺസിലിൽ ചർച്ചയ്ക്കും പുനഃനിർവ്വചനത്തിനും ധാരാളം ഉപദേശ വിഷയങ്ങളും ധാർമ്മിക വിഷയങ്ങളും ഫ്രാൻസിസ് മാർപാപ്പ വയ്ക്കുകയുണ്ടായി. വചനത്തിന് പ്രാധാന്യം കൊടുക്കുന്നവർക്കു വേണ്ടി **ആറെണ്ണം മാത്രം** താഴെ കുറിക്കുന്നു.

**1. സത്യം അത്യന്തികമായതോ, കല്ലിൽ ആലേഖനം ചെയ്യപ്പെട്ടതോ അല്ല, മത സത്യങ്ങൾ പരിണാമത്തിനും മാറ്റത്തിനും വിധേയമാണ്.**

(മാർപാപ്പയുടെ കാഴ്ചപ്പാടിലെ തെറ്റ്: വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നതും, മാറ്റമോ പരിണാമമോ, സംഭവ്യമല്ലാത്തതുമാകുന്നു (സങ്കീ: 119:89). യേശു പറഞ്ഞു: ആകാശവും ഭൂമിയും നശ്വരമാണ്; എന്റെ വചനങ്ങളോ അനശ്വരമത്രേ (ലൂക്കോസ് 21:23; മത്തായി24:35).

യേശുക്രിസ്തുവാണ് അത്യന്തിക സത്യം എന്ന് വചനം അടിവരയിടുന്നു(യോഹ:14:6; 17:3; 1യോഹ5:20). യേശു എന്നേക്കും മാറ്റമില്ലാത്തവനാണ്. 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെ' (എബ്രായർ 13:8; യാക്കോബ്1 :17)

യേശുവിനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിലില്ല (1 യോഹ. 2:4). യേശുവിന്റെ കല്പനകൾ ഏത് കാലഘട്ടത്തിലാണ് മാറ്റം വരുത്തേണ്ടത്?

**2) ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നവൻ എന്നതിനാൽ നമ്മെപ്പോലെ ദൈവം പരിണാമത്തിനും മാറ്റത്തിനും വിധേയമായിക്കൊണ്ടിരിക്കും.**

(മാർപാപ്പയുടെ വിശ്വാസപരമായ തെറ്റ്: ദൈവം ഒരിക്കലും മാറ്റത്തിനോ പരിണാമത്തിനോ വിധേയമല്ല. ദൈവത്തിന്റെ പ്രത്യേകതകളിൽ പ്രധാനമാണ് നിത്യത്വവും മാറ്റമില്ലായ്മയും (യെശയ്യാവ് 41:4, 43:13; 44:6; മലാഖി 3:6). എന്നാൽ ദൈവം മനസ്സലിവുള്ളവനാകയാലും മനുഷ്യൻ മണ്ണിൽ നിന്നുണ്ടായി മണ്ണിലേക്ക് ചേരേണ്ടിവൻ എന്നവൻ ഓർക്കുന്നതിനാലും മനുഷ്യനെ സംബന്ധിച്ച് ചില തീരുമാനങ്ങൾക്ക് മാറ്റം വരുത്തും. (യോന. 4:10,11; പുറപ്പാട് 32:14)

**3) ആദാമും ഹവ്വായും ഒരു കെട്ടുകഥയാണ്. അതുപോലെ നരകവും ഒരു നിർമ്മിത തന്ത്രമാണ്. കേവലം ഭാവനാ സൃഷ്ടിയാണ്.**

(സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും ആദാം ഹവ്വായെക്കുറിച്ചും സംസാരിച്ച യേശുക്രിസ്തുവാണ് സഭയുടെ മൂലക്കല്ല്. യേശു പറഞ്ഞത് വിശ്വസിക്കുന്നതിനാണ് വിശ്വാസം എന്നു പറയുന്നത്. സ്വർഗ്ഗവും നരകവും ഇല്ലെന്ന് മാർപാപ്പ പ്രഖ്യാപിക്കുകയാണെങ്കിൽ, സഭയുടെയും ദൈവത്തിന്റെയും പ്രസക്തി എന്താണ്? നേതാക്കളുടെ വഞ്ചനയിൽപ്പെട്ട് വിശ്വാസവും സ്ഥിരതയും നഷ്ടപ്പെടുത്തരുതെന്ന് പത്രോസ് അപ്പൊസ്തലൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത് ശ്രദ്ധിക്കുക (2പത്രോസ് 2:1-19; 3:16,17). സ്വർഗ്ഗവും നരകവും ഇല്ലെങ്കിൽ മരിച്ചുപോയവരെ മാർപാപ്പ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നത് ആരെ കാണിക്കാനാണ്).

**4) ആളുകൾ യാതന അനുഭവിക്കുന്ന അക്ഷരീകമായ നരകത്തിൽ സഭ ഒരിക്കലും വിശ്വസിക്കുന്നില്ല**

(നരകമോ ന്യായവിധിയോ ഇല്ലെങ്കിൽ പാപത്തെക്കുറിച്ചോ, നീതിയെക്കുറിച്ചോ ന്യായവിധിയെക്കുറിച്ചോ ഭയപ്പെടേണ്ടതില്ലല്ലോ! പാപത്തെ പ്രോത്സാഹിപ്പിക്കാനും വിശ്വാസത്യാഗം സംഭവിക്കാനുമുള്ള ഉപദേശമാണ് ഫ്രാൻസിസ് മാർപാപ്പ കൊണ്ടുവന്നത് എന്നുള്ളത് വ്യക്തമാണ്).

**5) പാപികളെയോ ധാർമ്മികമായി തെറ്റിപ്പോയവരെയോ നാം ഒരിക്കലും വിധിക്കുന്നില്ല**

(ക്രിസ്തീയ സഭയ്ക്ക് അടിസ്ഥാനമിട്ട ആദിമ അപ്പൊസ്തലന്മാർ, വിശ്വാസികളുടെ ഇടയിലെ പാപത്തെ ഗൗരവമായി, സഭയിൽ നിന്ന് പുറത്താക്കത്തക്ക രീതിയിൽ കണ്ടിരുന്നു (1 കൊരി5:10,11).

**6) നമ്മുടെ സഭ സ്വവർഗ്ഗരതിക്കാരെയും അതുപോലെയുള്ളവരെയും ഉൾക്കൊള്ളുവാൻ തക്കവണ്ണം വളരെ വലുതാണ്.**

(ഏതു പാപിക്കും, ഏത് അധർമ്മിക്കും, ഏത് കള്ളനും കൊള്ളക്കാരനും തങ്ങളുടെ പാപവും അധർമ്മവും വിട്ടൊഴിയാതെ ലജ്ജയില്ലാതെ മാന്യമായി ജീവിക്കാനുള്ള ഒരിടമായി കത്തോലിക്ക സഭ മാറുവാൻ തയ്യാറാണ്. സൗമ്യതയുടെയും ലാളിത്യത്തിന്റെയും വിശുദ്ധിയുടെയും പരിവേഷമുണ്ടായിരുന്ന **ഫ്രാൻസിസ്** എന്തൊക്കെയാണ് വ്യക്തിപരമായി ദൈവീക വിഷയങ്ങൾ വിശ്വസിച്ചിരിക്കുന്നത് എന്ന് മാർപാപ്പ ആകുന്നതുവരെ ആരും അറിഞ്ഞില്ല. രാജാവ് നഗ്നനാണെന്ന് വിളിച്ചു പറയുവാൻ ധൈര്യം കാണിച്ച വ്യക്തി എന്ന നിലയിൽ നൈജീരിയയിലെ **കർദ്ദിക്കാൾ അരിൻസേ** പ്രശംസ അർഹിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെയും കൂട്ടരുടെയും പ്രതിഷേധത്തെ കത്തോലിക്ക സഭാ നേതൃത്വം എന്നാണ് ഉച്ചുകളഞ്ഞ് സഭാംഗങ്ങളെ പരിപൂർണ്ണ വിശ്വാസത്യാഗത്തിലേക്ക് നയിക്കുന്നത് കാത്തിരുന്ന് കാണേണ്ടത് ആകുന്നു. മാർപാപ്പയുടെ പരിഷ്കരണ നയങ്ങളെ എതിർക്കുന്ന കർദ്ദിനാളുമാരെ ഒന്നിപ്പിക്കുന്നതിൽ പങ്കുവഹിച്ച **കർദ്ദിനാൾ റെയ്മണ്ട് ബുർക്കെയെ** വത്തിക്കാനിലെ ഉന്നതകോടതിയുടെ തലവൻ എന്ന സ്ഥാനത്തുനിന്ന് കഴിഞ്ഞാഴ്ച ഒഴിവാക്കി **(റിപ്പോർട്ട്: മലയാള മനോരമ 9/11/2014).**

**അടിക്കുറിപ്പ്:** 'എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ തന്റെ വചനങ്ങൾ വിശ്വസിച്ച മനുഷ്യരെ ഭൂമിയിൽ കണ്ടെത്തുമോ? എന്ന് കർത്താവ് ചോദിച്ചു (ലൂക്കോസ് 18:8). പൗലോസ് അപ്പൊസ്തലൻ എഴുതി: 'ആരും ഒരു വിധത്തിലും നിങ്ങളെ വഞ്ചിക്കരുത്; ആദ്യം വിശ്വാസത്യാഗം സംഭവിക്കുകയും വിനാശത്തിന്റെ സന്തതിയായ അധർമ്മമൂർത്തി വെളിപ്പെടുകയും വേണം' (2 തെസ്സ.2:3). കർത്താവായ യേശുക്രിസ്തുവിനോടും ദൈവവചനത്തോടുമുള്ള പ്രതിബദ്ധത ഈ ജീവിതത്തിൽ എങ്ങനെയിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തരം **കർത്താവിന്റെ തീ** നമ്മെ പരിശോധിക്കുകയും പ്രതിഫലം തരികയും ചെയ്യുന്നത് (1 കൊരി. 3:14-16).

---

## 11 പ്രതികരണം....

ന്തിരിത്തോപ്പുകൾ'. അന്ന് കൗമാരത്തിലേക്ക് കടക്കുകയായിരുന്ന ഒരു തലമുറയെ ഏറ്റവും ആകർഷിച്ചത് അതിലെ നായകൻ നായികയോട് പറയുന്ന 'നമുക്ക് ഗ്രാമത്തിനുള്ളിൽ പോയി രാപാർക്കാം, പുലർകാലങ്ങളിൽ മുന്തിരിതോട്ടങ്ങളിൽ പോയി മുന്തിരിവള്ളികൾ പൂവിട്ടോ എന്നും, മാതളനാരകം പൂത്തോ എന്നും നോക്കാം. അവിടെവച്ച് നിനക്ക് ഞാനെന്റെ പ്രണയം നൽകാം' എന്ന വരികളായിരുന്നു. കാല്പനിക പ്രണയത്തിന്റെ മൃദുസ്പർശങ്ങളും സുഗന്ധങ്ങളും വർണ്ണപൊലിമകളും നിറഞ്ഞൊഴുകുന്ന ഉത്തമഗീതത്തിലെ വരികൾ എത്ര സുന്ദരമാണ്. വസന്തത്തെക്കുറിച്ചുള്ള പ്രകൃതിയുടെ ഓർമ്മപ്പെടുത്തലുകളാണ് എല്ലാ പ്രണയഗീതങ്ങളും. ജീവിതങ്ങളെ മോഹിപ്പിക്കുന്നതും നിലനിർത്തുന്നതും പ്രണയംതന്നെയാണ്. ഈ ഭൂമിയിലെ എല്ലാ ചരാചരങ്ങളുടെയും അന്തർധാര പ്രണയമാണ്. സാഹിത്യത്തിന്റെയും കലയുടെയും സചേതനമായ അന്തർധാരയും പ്രണയമായിരുന്നു. ഈ പ്രണയ സുഗന്ധം നുറ്റാണ്ടുകളുടെ വാതിൽ തുറന്ന് ഒരു തെന്നിക്കാറ്റായി കുന്തിരിക്കത്തിന്റെ ഗന്ധവും പേറി ഇപ്പോഴും അലയടിക്കുന്നുണ്ട്. "നിന്റെ അധരം എന്നെ ചുംബനം കൊണ്ട് പൊതിയട്ടെ. നിന്റെ പ്രേമം വീഞ്ഞിനേക്കാൾ മാധുര്യമുള്ളത്".

കുമാരനാശാന്റെ പ്രേമസങ്കല്പ്പവും ജയദേവരുടെ ഗീതാഗോവിന്ദവും ഉത്തമഗീതത്തോട് സമാനത പുലർത്തുന്നു. 'ജടാമാംസി സൗരഭ്യം, മൂറിൻകെട്ട്, മാതളനാരകം മുതലായ ചില ഉത്തമ ഗീത പ്രയോഗങ്ങളുടെ അർത്ഥവ്യാപ്തി വ്യക്തമാക്കാൻ ഔഷധി നിഘണ്ടുവിലെയും രാജനിഘണ്ടുവിലെയും പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കുന്നതും ഭാഷ്യഭാഷയിൽ പലയിടത്തും വേദാന്ത ദർശന ശൈലി പ്രയോഗിക്കുന്നതും വ്യാഖ്യാതാവിന്റെ ഭാരതീയാശയത്വത്തിനുള്ള മികച്ച തെളിവുകളാണ്.

പാശ്ചാത്യ സംഗീതത്തിന്റെ കെട്ടും മട്ടും ഉപേക്ഷിച്ച് അദ്ദേഹം ക്രൈസ്തവ ഭാഷാഗാനങ്ങളെ ഭാരതവൽക്കരിച്ചു. കർണാടക സംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും താൻ അഗ്രഗണ്യനായിരുന്നു. "എന്റെ പ്രേയേ, സുന്ദരീ...." എന്ന ബൈബിൾ പദങ്ങളുടെ സ്ഥാനത്ത് ദിവ്യസുന്ദരീ, പ്രേമവൻദരീ, ധർമ്മ മഞ്ജരീ, കുഞ്ജരഗാമിനി, ദൈവഭാമിനി, ഉമ്പരാൽ വന്ദിതേ ഇത്യാദി പ്രയോഗങ്ങൾ നടത്തി. "പുഷ്പങ്ങൾ കാണായ് വരുന്നു" എന്ന ആശയത്തെ "കല്പശാഖിയിലുദ്ഭവിച്ചു വിടർന്ന ദിവ്യസുമങ്ങളാം പരിശുദ്ധരെ കണ്ടിടാം" എന്നു വികസിപ്പിച്ചു. ഭാരതീയ മുദ്ര പതിഞ്ഞ ഇത്തരം ധാരാളം ഉദാഹരണങ്ങളുണ്ട്.

അലിഗറിക്കൻ വ്യാഖ്യാനം സൈമൺസാറിന്റെ കണ്ടുപിടുത്തമല്ല. അലക്സാന്ത്രിയായിൽ ജീവിച്ചിരുന്ന ഫിലോ സ്വീകരിച്ച വ്യാഖ്യാന രീതിയാണിത്. ക്ലെമന്റും ഓറിഗനും ഈ പാത സ്വീകരിച്ചവരാണ്. അലക്സാന്ത്രിയൻ സ്കൂൾ ഫിലോയുടെ ദൃഷ്ടാന്തപരമായ രീതികളെ സ്വാധീനത്തിലാണ് വളർന്നത്. അഗസ്റ്റിൻ അലിഗറി ഉപയോഗിച്ചിരുന്നു. ജറോം ദൃഷ്ടാന്തപരമായ രീതി പൂർണ്ണമായി തള്ളിക്കളഞ്ഞിരുന്നില്ല. പൗലോസ് പോലും 'അലിഗറി' ഉപയോഗിച്ചിരുന്നല്ലോ (ഗലാ: 4:21-31).

കലാപകാരിയായ നവീകരണ കർത്താവ്, കരുത്തുറ്റ താർക്കികൻ, പ്രതിഭാശാലിയായ കാവ്യോപാസകൻ, വാസനാസമ്പന്നനായ സംഗീതജ്ഞൻ, പമ്പയാറിന് തീ കൊളുത്തിയ വാഗ്മി , ഹൈന്ദവ-ക്രൈസ്തവ-യഹൂദപുരാണങ്ങളിൽ പാരംഗതൻ, ബഹുഭാഷാപണ്ഡിതൻ, ചരിത്രകാരൻ, പത്രപ്രവർത്തകൻ, പ്രക്ഷോഭകാരി എന്നീ വിവിധനിലകളിൽ പ്രഖ്യാതനായ മഹാകവി കെ.വി. സൈമണെ ആധുനിക കേരളം ഇനിയും കൂടുതൽ അറിഞ്ഞാദരിക്കേണ്ടിയിരിക്കുന്നു. മുൻവിധികളുടെയും വിഭാഗീയസ്പർദ്ധയുടെയും മാറാലകൾ തുടച്ചുനീക്കി. ആ വ്യക്തിത്വത്തിന്റെ തിളക്കം കൂടുതൽ ശോഭായമാനമാക്കുവാൻ അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളോടും വിയോജിപ്പുള്ളവർപോലും മുന്നോട്ടുവരേണ്ടതാണ്.

സൈമൺ സാറിന്റെ കൃതികളെ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും പെന്തക്കോസ്ത് - ബ്രദറൺ സമൂഹം പരാജയപ്പെട്ട പശ്ചാത്തലത്തിൽ ഈ വിവാദങ്ങളും സംവാദങ്ങളും ഏറെ ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷ. സൈമൺ സാറിനെ ആദരിക്കുന്നതിനും തന്റെ സൃഷ്ടികളെ പഠിക്കുന്നതിനും നാം ഇനിയും തയ്യാറാകണം. എക്കാലത്തും സാഹിത്യത്തെ സമ്പന്നമാക്കിയ സൈമൺസാറിന്റെ സൂക്ഷ്മമായ ഇടപെടലുകൾ സൗന്ദര്യം നിറഞ്ഞതാണ്. വിജ്ഞാനത്തിന്റെ വാതിലുകൾ തുറന്നിടുന്ന വിശകലനങ്ങളിലൂടെ, വൈവിധ്യമാർന്ന അന്വേഷണങ്ങളിലൂടെ വായനയുടെയും അനുഭവത്തിന്റെയും കരുത്ത് പ്രതിഫലിപ്പിക്കുന്ന തീക്ഷ്ണമായ കാഴ്ചപ്പാടുകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കാനേ കഴിയൂ.

"എൻ മനസ്സുയരുന്നഹോ; നന്മയേറും വചനത്താൽ......." എന്നു പാടിയ ആ സുന്ദരകവി "എന്നവിടെ വന്നുചേരുംഞാൻ" എന്നപാട്ടോടെ നിത്യതയിൽ മറഞ്ഞെങ്കിലും ഇന്നും ഓർമ്മിക്കപ്പെടുന്നു തന്റെ സൃഷ്ടികളിലൂടെ. സൈമൺസാറിനു പകരം സൈമൺ സാർ മാത്രം. "ദീപം എവിടെ കത്തിച്ചുവച്ചാലും മനോഹരമാണ്. താമര എവിടെ വളർന്നാലും സുന്ദരമാണ്."

---

## 03 അതാ, സ്വപ്നക്കാരൻ...

ക്കുന്നവനാണെന്നും ദൈവാത്മാവിനാൽ നടത്തപ്പെടുന്നവനാണെന്നും തിരിച്ചറിഞ്ഞാൽ അവനോടൊപ്പം നടക്കാം!! ദൈവമാണ് അവന് സ്വപ്നം കൊടുത്തതെങ്കിൽ അത് നാം അംഗീകരിക്കേണ്ടതുണ്ട്? അതിനുപകരം "അതാ സ്വപ്നകാരൻ വരുന്നു" എന്ന പരിഹാസഭാവങ്ങളിൽ നിന്നും എന്നെന്നേക്കുമായി പിഴുതെറിയാം!!

## വിജയികൾ

**എറണാകുളം:** സോണൽ പി.വൈ.പി.എ താലന്തു പരിശോധനയിൽ പെരുമ്പാവൂർ സെന്റർ വിജയികളായി. കുറുവിലങ്ങാട് സെന്റർ രണ്ടാം സ്ഥാനവും എറണാകുളം സെന്റർ മൂന്നാം സ്ഥാനവും നേടി. പ്രസിഡന്റ് പാസ്റ്റർ ഷിജു കെ.തോമസ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വൽസൻ പീറ്റർ, ജോബി എബ്രഹാം, ജോഷി തുടങ്ങിയവർ നേതൃത്വം നൽകി.

ലേഖനം

# ശിഷ്യത്വം (Discipleship-2)



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

ആത്മീയ നേതാക്കന്മാർ ശ്രേഷ്ഠദാസനും വിശിഷ്ടദാസനും ഒക്കെയായി അരങ്ങു തകർക്കുമ്പോഴും ദ്രവ്യവും സ്ഥാനമാനങ്ങളും തടുത്തു കൂട്ടുമ്പോഴും യഥാർത്ഥ ക്രൈസ്തവ ശിഷ്യത്വം എന്താണെന്ന് ഇടക്കൊക്കെ ധ്യാനിക്കുന്നത് കുറെയധികം പായസം കുടിച്ചു കഴിഞ്ഞു ദഹനക്കേട് വരാതിരിക്കാനും ശർദ്ദിക്കാതിരിക്കാനും നാരങ്ങാക്കറി തൊട്ടു കൂട്ടുന്നതുപോലെ പ്രയോജനപ്പെടും എന്ന പ്രതീക്ഷയിലാണ് കഴിഞ്ഞ ലക്കം മുതൽ ഈ വിഷയം എഴുതുന്നത്. ഔപചാരിക വചനപഠനം നല്ലത്. പക്ഷെ അത് ബുദ്ധിയുടെ പ്രമാണത്തിൽ നിന്ന് മാത്രമാകുകയും വചനത്തിന്റെ ജ്ഞാന-പരിജ്ഞാനങ്ങളും വെളിപ്പാടുകളും അന്യമായിരിക്കുകയും ചെയ്താൽ പിന്നെ, കാളയെക്കൊണ്ട് നിലം ഉഴുതുന്നവനെ അന്വേഷിച്ചു ദൂതനെ വിടാതെ ദൈവത്തിനു വേറെ വഴിയില്ലല്ലോ. ഈ ലക്കത്തിൽ നമുക്ക് ശിഷ്യത്വത്തിന്റെ രണ്ടാമത്തെ യോഗ്യതയെക്കുറിച്ച് വചനാടിസ്ഥാനത്തിൽ ചർച്ച ചെയ്യാം.

II. യേശുവിന്റെ വചനത്തെ പൂർണമായി അനുസരിച്ച് ജീവിക്കാതെ ഒരു തികഞ്ഞ ക്രിസ്തീയ ശിഷ്യത്വം എളുപ്പമല്ല. യോഹന്നാൻ 8:31,32 "തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു". വചനത്തിൽ പൂർണമായി നിലനിൽക്കുമ്പോൾ പലരും കരുതുന്നത് പോലെ ഒരു തരം ആത്മീയ അടിമത്വമല്ല മറിച്ചു പൂർണമായ സ്വാതന്ത്ര്യമാണ് ലഭിക്കുന്നത്. ഗലാത്യർ 5:1 "സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്ര്യരാക്കി; ആകയാൽ അതിൽ ഉറച്ചുനില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതു" എന്ന വാക്യവും ഓർക്കുക.

ഈ ശിഷ്യത്വത്തിന് വേറെ ചില പ്രത്യേകതകൾ കൂടിയുണ്ട്. അതിലൊന്നാണ് തികഞ്ഞ അനുസരണം. യോഹന്നാൻ 2:5 "അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‍വിൻ എന്നു പറഞ്ഞു". യേശു വലിയ ഗുരുവെന്നോ ഒന്നും പേരെടുക്കുന്നതിനു മുൻപ് പരസ്യ ശുശ്രൂഷയുടെ ആരംഭകാലത്താണ് ഇത് നടന്നത്. ഇവിടെ, കാൽ കഴുകാൻ വച്ചിരുന്ന കൽപാത്രങ്ങളിൽ വെള്ളം നിറക്കാൻ പറഞ്ഞപ്പോൾ എന്തിനാണെന്ന് പോലും ചോദിക്കാതെ അവർ വക്കോളം നിറച്ചത് കൊണ്ട് ആദ്യത്തെ അത്ഭുതപ്രവൃത്തിക്ക് തന്നെ കൂട്ടാളികളാകാൻ സാധിച്ചു. അടുത്ത വാക്യത്തിൽ യേശു തന്നെ ഈ യോഗ്യതയുടെ ഉത്തമ മാതൃക കാണിച്ചു തരുന്നു. ഫിലിപ്പിയർ 2:5,6,7,8 "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു, മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു". സങ്കീ.119:6 "നിന്റെ സകല കല്പനകളെയും സൂക്ഷിക്കുന്നേടത്തോളം ഞാൻ ലജ്ജിച്ചുപോകയില്ല".

ചുരുക്കി പറഞ്ഞാൽ ക്രിസ്തുവിലുള്ള ഭാവം ഒരു യഥാർത്ഥ ശിഷ്യനിൽ വെളിപ്പെടും. അത് സ്വഭാവത്തിലും ജീവിതത്തിലുമാണ് വെളിപ്പെടുന്നത്. പുറമേ ശുഭവസ്ത്രധാരണവും ആത്മീയ ഭാവഹാദികളും അകമേ അശുദ്ധിയും ജഡികസ്വഭാവവുമാണെങ്കിൽ യേശു പരീശന്മാരെ വിളിച്ച വെള്ളതേച്ച ശവക്കല്ലറകൾ എന്ന വിളിയ്ക്ക് യോഗ്യരാവുമെന്നത് സ്പഷ്ടം.

പെന്തെക്കോസ്തു സഭകളിൽ കരിസ്മാറ്റിക് പിശാചു കയറ്റി വിട്ട വലിയൊരു അർബുദ വ്യാധിയാണ് വ്യക്തിപൂജ. പ്രസംഗ-നേതൃത്വ പാടവമുള്ള നേതാക്കന്മാരെ യേശുവിനെക്കാൾ വലുതായി ജനം കാണാൻ തുടങ്ങിയപ്പോൾ ഈ നേതാക്കളിൽ ചിലർ കൊണ്ട് വന്ന ദുരുപദേശങ്ങളും തലയിലേറ്റാൻ തുടങ്ങി. ഇതിൽ നിന്ന് രക്ഷപ്പെടാൻ ഒരു വഴിയേയുള്ളു: പൂർണമായി അവന്റെ വചനത്തിൽ നിലനിൽക്കുക. ഇതിനാധാരമായി ഈ വാക്യങ്ങൾ ധ്യാനിക്കാം. മത്തായി 23:10 "നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു, ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ" എബ്രായർ 12:2 "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക".

യേശുവിനെ പിൻപറ്റുന്ന ഒരു വ്യക്തി യേശുവിൽ നിന്ന് തന്നെ ചിലത് പഠിക്കേണ്ടതുണ്ട്. മത്തായി 11:29 "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു". ബുദ്ധിയുടെ പ്രമാണത്തിൽ നിന്നും ദുരുപദേശക്കാരുടെ സ്വാധീനത്താലും ഇത് സാധിക്കുകയില്ലെന്ന് മാത്രമല്ല, നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം അറിയാതെ പോകാനും ഇടയുണ്ട്. ഇതിനു ദൈവസന്നിധിയിൽ ഇരുന്നു ഉപവസിക്കുകയും പ്രാർത്ഥിക്കുകയും തന്നെ വേണം.

ദൈവാലോചന കേട്ട് രാജ്യം ഭരിച്ച ശലോമോൻ ജ്ഞാനികളിൽ ജ്ഞാനി എന്ന പേർ സമ്പാദിച്ചത് ഈ ദൈവത്തിൽ നിന്ന് പഠിച്ചത് കൊണ്ടാണെന്ന് നാം ഇത്തരുണത്തിൽ ഓർക്കേണം. മത്തായി 12: 42 "തെക്കെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു ഉയിർത്തെഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; അവൾ ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽ നിന്നു വന്നുവല്ലോ; ഇവിടെ ഇതാ, ശലോമോനിലും വലിയവൻ".

യേശുവിന്റെ ശിഷ്യത്വത്തിന് ലോകപ്രകാരമുള്ള യോഗ്യതയും അറിവുമല്ല മറിച്ച് താഴ്മയും സമർപ്പണവുമാണ് വേണ്ടതെന്നു ഒരു ഡസൻ മുക്കുവ ശിഷ്യന്മാർ ആദ്യം തെളിയിച്ചു. യാക്കോബ് 1:5 "നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും".

ഇന്ന് പെരുകുന്ന ദുരുപദേശങ്ങളാൽ പിടിക്കപ്പെടാതെ അത് പ്രചരിപ്പിക്കുന്നവർക്കു സോഷ്യൽ മീഡിയകളിൽ ലഭിക്കുന്ന പ്രശസ്തി കണ്ടു നെടുവീർപ്പെടാതെ തിമോഥെയൊസിനെപ്പോലെ പഥ്യോപദേശത്തിൽ ഉറച്ചു നിന്നാൽ അത് ഭക്തനെ കാക്കും. ദൈവം വിശ്വസ്തൻ.

അതിജീവനത്തിന്റെ മരണപ്പാച്ചിലിൽ ഉപദേശങ്ങളെ മറക്കുകയും ലോകവുമായി സന്ധി ചെയ്യുകയും ചെയ്താൽ പിന്നെ ദൈവമുൻപാകെ നഷ്ടപ്പെട്ട സാക്ഷ്യവുമായി ശിഷ്യത്വത്തിൽ തുടരാൻ കഴിയില്ല. ലോകത്തെയും ശുശ്രൂഷയും ഒന്നിച്ചു പിൻപറ്റുവാൻ പ്രമാണമില്ല. ഉദാഹരണത്തിന് ഈ വാക്യം കാണുക; 2തിമോ 4:10 "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു തെസ്സലൊനീക്കയിലേക്ക് പോയി". ആദിമ സഭയിൽ ഒന്ന് വിട്ടേച്ചാണ് വേറൊന്നിന്റെ പിന്നാലെ പോയത്. എന്നാലിന്ന് റിയൽ എസ്റ്റേറ്റ് മാഫിയകളും കൊള്ളപ്പലിശക്കാരും ദൈവസഭകളെ ഭരിക്കുമ്പോൾ അവരുടെ കൈക്കീഴിലുള്ള ആടുകൾക്ക് നേതാക്കന്മാരെക്കാൾ കൂടുതൽ ആത്മീയ നിലവാരം പ്രതീക്ഷിക്കുന്നത് മണ്ടത്തരമാവും. വിസർജിതനെ ചുമന്നാൽ ചുമന്നവനെയും നാറുമെന്നതു പ്രകൃതി നിയമമാണല്ലോ.

എന്നിൽ നില നിന്നാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകുമെന്ന് യെഹൂദന്മാരെ ഉപദേശിച്ച യേശുവിന്റെ ദാസന്മാർ നടത്തുന്ന ഇന്നത്തെ മിക്ക ദൈവസഭകളും, മാനുഷിക നിയമങ്ങളാൽ മനുഷ്യരെ ആത്മീയ അടിമത്വത്തിലേക്ക് തിരിക്കുമ്പോൾ ഇതിനെതിരായി അരാജകത്വം അരങ്ങു വാഴുന്ന കൃപയുടെ സുവിശേഷം എന്ന ഓമനപ്പേരിൽ ഉപദേശവുമായി വേറെ ചിലർ എഴുന്നേൽക്കുന്നു. ഇവിടെ യഥാർത്ഥ ഭക്തന് ഒരേയൊരു മാർഗമേയുള്ളു: ദൈവത്തോട് നിരന്തരമായുള്ള വ്യക്തിപരമായ ഒരു സമ്പർക്കം സ്ഥാപിക്കുക. എന്നെങ്കിലും വന്നു വീഴാനിരിക്കുന്ന ഉൽക്കയാണ്, എബോളയാണ്, ഭൂകമ്പമാണ്, സുനാമിയാണ് അല്ലെങ്കിൽ തീവ്രവാദമാണ് അവസാനം എന്ന് നാം ആകുലപ്പെടുമ്പോൾ, അന്ത്യകാല ലക്ഷണങ്ങളെക്കുറിച്ചു ആകാംഷ കാണിച്ച ശിഷ്യന്മാരോട് കർത്താവ് മറുപടി പറഞ്ഞത് ആവർത്തിച്ചുള്ള മുന്നറിയിപ്പിലൂടെയാണ്: "ആരും നിങ്ങളെ തെറ്റിച്ചുകളയരുത്" മത്തായി 13:5,24;4. അതെ, അവന്റെ വചനത്തിൽ നിലനിന്നാൽ തെറ്റാതെയും വീഴാതെയും കഴിക്കാം. ചെവിയുള്ളവൻ കേൾക്കട്ടെ.

(തുടരും)

## കൺവൻഷൻ

**കായംകുളം:** കാപ്പിൽ ഗിൽഗാൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 25 മുതൽ 27 വരെ കാപ്പിൽമേക്ക് ബ്രദർ മാനേജിന്റെ ഭവനാങ്കണത്തിൽ(മാവേലി സ്റ്റോറിനു സമീപം)വച്ച് കൺവൻഷൻ നടക്കും. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട് (ചെങ്ങന്നൂർ), ബാബു ചെറിയാൻ(പിറവം), ഷാജി യോഹന്നാൻ(പത്തനാപുരം) എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ബി. ബിനോയ് നേതൃത്വം നൽകും. പ്രെയ്സ് സിംഗേഴ്സ് അടൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

## 03 മാധ്യമവിചാരം....

നേതൃഗുണങ്ങളല്ല. വിയോജിപ്പുള്ളവരെ ഒഴിവാക്കുന്ന കുടിലതന്ത്രങ്ങളല്ല മാറിയകാലത്തെ മാനേജ്മെന്റ് സമീപനം. ആരെയും ഒപ്പം നിർത്തുന്ന ഉയർന്ന ഡിപ്ലോമസിയാണ് ഇവിടെ വേണ്ടത്. കെ. സി.യുടെ സ്ഥാനം തെറിച്ചശേഷമുള്ള ഐ. പി. സി.രാഷ്ട്രീയത്തിന്റെ കലങ്ങിയ സാഹചര്യങ്ങളെ ആകാംക്ഷയോടെ നിരീക്ഷിക്കാൻ അടുത്ത ലക്കം വരെ കാത്തിരിക്കാം. കെ. സി.യുടെ സ്ഥാനനഷ്ടത്തെക്കുറിച്ച് കേൾക്കുമ്പോൾ ദാനിയേൽ പ്രവചനത്തിലെ ഒരു സംഭവം ഓർമ്മവരുന്നു. എബ്രായ ബാലന്മാരെ തീയിലിടാൻ ഇറങ്ങിത്തിരിച്ചവർ ആദ്യം വെന്തുപോയ വസ്തുത. ചിലർ അങ്ങനെയാണ് അവർ പ്രശ്നം പരിഹരിക്കാൻ ഇറങ്ങും. ആദ്യം അവർ തന്നെ തകരും.

## 01 അസംബ്ലീസ് ഓഫ് ഗോഡ്....

ഷന്റെ എല്ലാ സെഷനുകളും പെന്തകോസ്ത് വിശ്വാസത്തെയും ജീവിതത്തെയും വിശദീകരിക്കുന്ന യോഗങ്ങളായിരിക്കും. പുതിയ നൂറ്റാണ്ടിലേയ്ക്ക് കാൽ വയ്ക്കുന്ന സഭയുടെ ഓരോ അംഗത്തേയും നവദർശനത്തിലേയ്ക്കും സമർപ്പണത്തിലേയ്ക്കും നയിക്കുക എന്നത് ശതാബ്ദി ജനറൽ കൺവൻഷന്റെ പ്രധാന ലക്ഷ്യമാണ്. സഭയുടെ ഒരു നൂറ്റാണ്ടിന്റെ ചരിത്രം പറയുന്ന സുവനീറും ശതാബ്ദി സമ്മേളനത്തിൽ പ്രകാശിപ്പിക്കും.

100 വർഷക്കാലത്തെ ദൈവീക നടത്തിപ്പുകളെ ഓർത്ത് നന്ദി പറയുകയും പുതിയ കാലത്തേയ്ക്ക് പുനരർപ്പണം നടത്തുവാനും വേണ്ടി സഭാജനത്തെ ഉത്സാഹിപ്പിക്കുന്ന ഈ സമ്മേളന ദിനങ്ങളിൽ മുഴുവൻ സഭാജനങ്ങളും സംബന്ധിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവേലും സഭാ സെക്രട്ടറിയും കൺവൻഷൻ ജനറൽ കൺവീനറുമായ പാസ്റ്റർ തോമസ് ഫിലിപ്പും അഭ്യർത്ഥിക്കുന്നു.

## 01 ശാരോൻ ജനറൽ....

അവാർഡുകൾ, സൺഡേസ്കൂൾ വാർഷിക പരിക്ഷാ വിജയികൾക്കുള്ള ട്രോഫികൾ, മെഗാ ബൈബിൾ ക്വിസ് വിജയികൾക്കുള്ള ക്യാഷ് അവാർഡ് എന്നിവയുടെ വിതരണവും ഇതോടനുബന്ധിച്ചു നടക്കും. പാസ്റ്റർമാരായ ഫിലിപ്പ് ഏബ്രഹാം, ഏബ്രഹാം മന്ദമരുതി, ബ്രദർ കെ. തങ്കച്ചൻ തുടങ്ങിയവർ നേതൃത്വം നൽകും.

ഇതേസമയം ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കുന്ന വനിതാ സമ്മേളനത്തിന് മിസ്സിസ് ഏലിയാമ്മ കോശി അദ്ധ്യക്ഷത വഹിക്കും. സിസ്റ്റർ ലില്ലിക്കുട്ടി ശമുവേൽ പ്രസംഗിക്കും. മിസ്സിസ് ഏലിയാമ്മ ഏബ്രഹാം, മിസ്സിസ് ഗ്രേസി ജോൺ തുടങ്ങിയവർ നേതൃത്വം നൽകും. ഉച്ച കഴിഞ്ഞ് മിഷൻ സമ്മേളനം നടത്തപ്പെടും.

ഞായറാഴ്ച രാവിലെ 9 മുതൽ നടക്കുന്ന സംയുക്ത സഭായോഗത്തിൽ ജനറൽ സെക്രട്ടറി പാസ്റ്റർ പി.എം. ജോൺ അദ്ധ്യക്ഷത വഹിക്കും. ഡോ. റ്റി. ജി. കോശി സമാപനസന്ദേശം നൽകുകയും കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ശുശ്രൂഷകന്മാരും സഭാ ജനങ്ങളും പങ്കെടുക്കും.

കല്ലുകടി

## സേവ് ഐ.പി.സി, സേവ് ചർച്ച് ഓഫ് ഗോഡ്

കോടതി വിധിമൂലം ഐപിസിയിൽ ഭരണ പ്രതിസന്ധി ഉടലെടുത്തു എന്നതാണ് വസ്തുത ഭരണ ഘടനാ വിരുദ്ധമായി ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ച് ജയിച്ച പാസ്റ്റർ കെ.സി ജോണിന്റെ സ്ഥാനത്തിന് താൽക്കാലിക തടസ്സം നൽകുന്ന വിധിയാണ് വന്നിരിക്കുന്നത്. ഐപിസിയുടെ ഭരണ ഘടനാ പ്രകാരം അല്ലാതെ തെരഞ്ഞെടുക്കപ്പെട്ടവരെല്ലാം ഇപ്പോൾ വെട്ടിലായിരിക്കുന്നു.

സഹോദരനാണോ ഉപദേശിയാണോ എന്നുറപ്പിക്കാൻ വയ്യാത്ത നിലയിൽ തരം പോലെ വേഷം കെട്ടുന്ന പത്രക്കാരനും പരാജയപ്പെട്ടിട്ടും ഓസിൽ കൗൺസിലംഗമായവരും എല്ലാം ഇപ്പോൾ അങ്കലാപ്പിലാണത്രെ. സംഗതി എന്തായാലും ഇപ്പോൾ കളം ആകെ ചൂടായിരിക്കുന്നു. ഗോളടിച്ചിട്ടു മുന്നേറിയ കെ.സി പക്ഷം ക്യാപ്റ്റൻ പുറത്തായതോടെ പകച്ചു പോയിരിക്കുന്നു. തുടരെ കിട്ടിയ അടികൾ അണികളെ പരിഭ്രാന്തരാക്കിയിട്ടുണ്ട്. ഫലത്തിൽ വൽസൻ പക്ഷത്തിന് ഉഷാറായിട്ടുമുണ്ട്. ഏതായാലും ചോദ്യം ഇതാണ് ഐപിസി രക്ഷപെടുമോ?. സേവ് ഐപിസി ഫോറവും മറ്റു ചിലരുമൊക്കെ നടത്തുന്ന നീക്കങ്ങൾ കാര്യങ്ങളെ എവിടെവരെയെത്തിക്കും എന്നു കാണാനിരിക്കുന്നതേയുള്ളു. ഗ്യാലറിയിലിരുന്നു കളി കാണുന്നതിനും ഒരു സുഖമുണ്ടല്ലോ. ഐപിസിക്കു പിന്നാലെ ചർച്ച് ഓഫ് ഗോഡിലും സമാനമായ പരാതിയുമായി ഒരു വിഭാഗം കോടതിയിലെത്തിയിരിക്കുന്നു. ചർച്ച് ഓഫ് ഗോഡും രക്ഷപെടുമോ എന്നു ഗ്യാലറിയിലിരുന്നു കാണാം. കാരണം ഗ്യാലറിയിലാകുമ്പോൾ നല്ല കളി കാണുമ്പോൾ അറിഞ്ഞൊന്നു കൈയ്യടിക്കാമല്ലോ. കൈയ്യടിക്കുന്നത് തെറ്റാകുമോ എന്തോ?

ആരൊക്കെ രക്ഷപെടുമെന്ന് കാത്തിരുന്നു കാണാം, ദൈവം ഐപിസിയെയും ചർച്ച് ഓഫ് ഗോഡിനെയും രക്ഷിക്കട്ടെ-

**അടിക്കുറിപ്പ്:** കാവ്യ നീതിയെന്നൊരു സംഗതിയുണ്ടല്ലോ. അതു നടക്കട്ടെ

ലേഖനം

# ആത്മീയ ലോകത്തെ സദാചാര പോലീസ്



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709

സദാചാരം അഥവാ സദാചാര പോലിസ് ഇന്ന് കേരളത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ഒരോ പൗരന്റെയും ധർമ്മനിഷ്ഠകൾ സംരക്ഷിക്കുവാൻ പ്രതിബദ്ധയുള്ളവർ എന്ന് അവകാശപ്പെട്ട് സദാചാര ധ്വംസനത്തെ എന്ത് വില കൊടുത്തും എതിർക്കാൻ മടിയില്ലാത്തവരെന്ന് സ്വയം വരുത്തി തീർത്തവരാണിവർ. അടുത്ത നാളുകളിൽ കേരളത്തെ ഇത്രമേൽ ഉലച്ച ഒരു സമരമുണ്ടായിട്ടില്ല. ചുംബനസമരം എന്നു കേരളം പേരിട്ടു വിളിച്ച സമരം അത്രമേൽ ചലനങ്ങൾ കേരളത്തിൽ സൃഷ്ടിച്ചു. പത്രങ്ങളിൽ വാർത്തയായി, മാധ്യമങ്ങളിൽ ചർച്ചയായി. സമരത്തിൽ പങ്കെടുക്കുവാൻ കൊച്ചി മറൈൻ ഡ്രൈവിൽ എത്തിയത് അമ്പതു പേരായിരുന്നെങ്കിൽ നേരിട്ടു പ്രണയ പരവശരായി ചുംബിക്കുന്നത് കാണാൻ എത്തിയത് ആയിരങ്ങളാണ്. കൂട്ടത്തിൽ കേരളാ പോലിസും, സദാചാര പോലിസും ചുംബന സമരത്തെ എതിർക്കുന്നവരും. ഇതു പൗരസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മുറവിളിയെന്ന് ഒരു കൂട്ടർ. ആഭാസ സമരമെന്ന് മറ്റൊരു പക്ഷം, സംസ്കാരം ആരുടെ കുത്തകയെന്ന ചോദ്യത്തിനും പക്ഷമേറി. എന്തായാലും ജനാധിപത്യരീതിയിലുള്ള ഒരു സമരത്തിന് ഇന്നുവരെ ഒന്നിച്ചു നിൽക്കാത്തവർ വരെ വിറളി പിടിച്ചൊന്നിച്ചതാണ് സമരം തന്ന സംഭാവന. ചുംബന സമരം ആരെയാണ് അഴിച്ചു പണിയുന്നത്? ഡൗൺ കഫെ ആക്രമണവും അതിനെതിരെ സംഘടിപ്പിച്ച ചുംബന സമരവും കൊച്ചിയിൽ നിന്ന് കത്തിപ്പടർന്ന രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും വ്യാപരിക്കുകയാണ്. സദാചാര പൊലീസിനെതിരായ യുവത്വത്തിന്റെ പ്രതിഷേധമാണ് ഇങ്ങേയറ്റത്തെ ചെറിയൊരു കൂട്ടായ്മയായി തുടക്കമിട്ട സമരത്തെ നാടെങ്ങും പരത്തുന്നത്. സദാചാര പൊലീസും അതിനെതിരായ പ്രതിഷേധവും രാജ്യത്തിന്റെ എല്ലാ കോണുകളിലും നിലനിൽക്കുന്നിടത്തോളം ഇത്തരം സമരങ്ങൾ ഇനിയും കത്തിപ്പടരുക തന്നെ ചെയ്യും.

അതിഭീകരമായ സാമൂഹിക ജീർണ്ണതയിലേക്കാണ് സദാചാര പോലീസ് എന്ന ആശയം വഴിയൊരുക്കിക്കൊണ്ടിരിക്കുന്നത്. ആർക്കും നിയമം കയ്യിലെടുക്കാം എന്ന അവസ്ഥ സംജാതമായാൽ, സാധാരണക്കാരന് എങ്ങനെ ജീവിക്കനാവും. അവകാശങ്ങൾക്കായി നിരന്തരം പോരാടിക്കൊണ്ടിരിക്കുന്ന ഒരുസമൂഹത്തിൽ അടിസ്ഥാന മനുഷ്യാവകാശങ്ങൾ പോലും ലംഘിക്കപെടുന്നു എന്നത് ഒരു ദുരവസ്ഥയാണ്. എന്തൊക്കെയാണ് ഒരു പൗരന്റെ അടിസ്ഥാന അവകാശങ്ങൾ എന്ന ബോധമില്ലായ്മ തന്നെയാണ് സദാചാര അക്രമണങ്ങൾക്ക് ഇരയാകുന്നവർ പോലും ഇതിനെതിരെ ശബ്ദമുയർത്താത്തതിന്റെ കാരണം. വഴി നടക്കുന്നതിനായുള്ള അവകാശത്തിനായി ഒരു സമൂഹം വിമോചനസമരങ്ങൾ നടത്തിയ അതേ ദേശത്തിൽ പുരുഷനോടോപ്പമുള്ള സഞ്ചാര സ്വാതന്ത്ര്യത്തിനായി സ്ത്രീകൾ പുതിയ വിമോചന സമരങ്ങൾ നടത്തേണ്ടി വന്നിരിക്കുന്നു എന്നത് വിരോധാഭാസം തന്നെയാണ്. ആധുനികചിന്താഗതികൾ ലവലേശം പോലും സ്വീകരിക്കാത്ത അല്ലെങ്കിൽ ഉൾകൊള്ളാൻ തയ്യാറാകാത്ത ഒരുജനസമൂഹവും പോലീസുമാണ് കേരളത്തിൽ സദാചാര പോലീസെന്ന ദുരാചാരത്തിന്റെ പ്രവർത്തകർ.

സദാചാര ആക്രമണങ്ങൾക്കെതിരെ കേരളത്തിൽ 14 കേസുകളാണ് ഇതുവരെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യം രജിസ്റ്റർ ചെയ്ത കേസുകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സദാചാര അക്രമികളാരും സ്വാഭാവികമായി സ്വയം ഒത്തുകൂടിയ ജനങ്ങളല്ല. അവരെല്ലാം പ്രത്യേക മതവിഭാഗങ്ങളിലോ രാഷ്ട്രീയ പാർട്ടികളിലോ വിശ്വസിക്കുന്നവരാണ്. ഇവരുടെ ഇടപെടലുകളെ തുടർന്ന് അത്തരം പ്രവർത്തനങ്ങൾ ജനങ്ങൾ ഏറ്റെടുക്കുകയാണ് ഉണ്ടായത്. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ചു സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികച്ചുവയുള്ള സംഭാഷണവും ഒളിഞ്ഞുനോട്ടവും തുറിച്ചുനോട്ടവും കേരള സമൂഹത്തിലാണ് കൂടുതലുള്ളത്. അതിനാൽ തന്നെ രണ്ടു സ്ത്രീപുരുഷന്മാർ സംസാരിക്കുന്നതു കണ്ടാൽ അവർ തമ്മിലുള്ള ബന്ധമെന്താണെന്നു അറിയാനുള്ള ആകാംക്ഷയും കേരള സമൂഹത്തിനുണ്ട്. ഇത്തരം മാനസികാവസ്ഥയും സദാചാര അക്രമങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട ജീവിതസാഹചര്യമുള്ള കേരളത്തിൽ പ്രകൃതിനാശനഷ്ടങ്ങളും ദുരന്തങ്ങളും ഇല്ലാത്തതിനാൽ അവരവർക്ക് ദഹിക്കാത്തവിഷയങ്ങൾക്ക് സദാചാരത്തിന്റെ നിറം നല്കി അതിൽ ഇടപെടാൻ ശ്രമിക്കുന്നു. സംഘം ചേർന്നുള്ള ആക്രമണമാകുമ്പോൾ താൻ പിടിക്കപെടില്ല എന്ന ഓരോ മനുഷ്യന്റെയും ആത്മരക്ഷാ കവചം ഇത്തരം പ്രശ്നങ്ങളുടെ ആക്കം കൂട്ടുന്നുണ്ട്. സദാചാര പോലീസിനെപ്പറ്റി നിയമത്തിൽ നിർവചനങ്ങളില്ലാത്ത് പ്രശ്നം കൂടുതൽ വഷളാകുന്നു. ഭരണഘടനാപരമായി പൗരന്മാർക്ക് ലഭ്യമായിട്ടുള്ള സ്വാതന്ത്ര്യം സംഘടിതമായി ചെറുക്കുകയും അവരെ ഉപദ്രവിക്കുകയും ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമ സംവിധാനം ഇവിടെ ഉണ്ടാകണം. കൊച്ചിയിലെ ചുംബനസമരത്തിന്റെ ഫലശ്രുതി എന്താണ്?. അതെന്തായാലും സമരക്കാർ ലക്ഷ്യമിട്ട സാമൂഹ്യ അവബോധമുയരലാവുമോ?.ഒരു സാധ്യതയും ഇല്ല. മലയാളിയുടെ കപട സദാചാരബോധത്തിനുമുന്നിൽ സദാചാര വിഷയങ്ങളിലെ ചർച്ചക്ക് വേണ്ടിയാണ് ഞാൻ പറയുന്നത്. വാസ്തവത്തിൽ ഇത് ഇത്ര വലിയ ചർച്ചയ്ക്കുള്ള വിഷയമാണോ? കപട സദാചാരവും കപട സാംസ്ക്കാരികവും മേലങ്കിയാക്കിയവർക്ക് ഇത് വിവാദമാക്കാനുള്ള വിഷയമാണ്. ഇവർ സദാചാരവാദികളല്ല കപട സദാചാരത്തിന്റെ അപ്പോസ്തലന്മാരാണ്. സ്വന്തം കുറ്റം മറച്ചുവെച്ച് മറ്റുള്ളവരിലേക്ക് ഒളിഞ്ഞു നോക്കാനും മറ്റുള്ളവരെ മോശക്കാരാക്കാനും ശ്രമിക്കുന്നവർ. അലക്കിത്തേച്ച ഈ കപട സദാചാരത്തിന്റെ ഒട്ടനവധി ഉദാഹരണങ്ങൾ നമുക്ക് ചുറ്റിലും ഉണ്ട്. ഒളിമറയോടെ എല്ലാ വിരുദ്ധതയും ചെയ്യുന്ന ഇക്കൂട്ടർ മറ്റുള്ളവരെ കുറിച്ച് അപവാദം പറയാൻ കിട്ടുന്ന ഒരവസരവും പാഴാക്കില്ല. തങ്ങൾക്ക് കഴിയാതിരിക്കുന്നത് മറ്റുള്ളവർ ചെയ്യുന്നതിലെ അസഹിഷ്ണുതയാണ് ഈ ആക്രമണത്തിനു പിന്നിൽ കപടസദാചാരക്കാർ കാണിക്കുന്നതെന്ന മനഃശാസ്ത്രവും ഇതിലുണ്ട്.



ആത്മീയ ലോകത്തും സ്ഥിതി വ്യത്യസ്ഥമല്ല. സാമൂഹ്യ നീതി, ധാർമികത എന്നിവയ്ക്ക് മൂല്യം ഇല്ലാതായിപ്പോയോ എന്ന് സംശയിക്കത്തക്ക നിലയിൽ നമ്മുടെ ആത്മീയ മണ്ഡലത്തിന് പരിണാമം സംഭവിച്ചു കൊണ്ടിരിക്കുന്നു. എന്തു ചെയ്താലും കുറ്റബോധം ഇല്ലാത്ത അവസ്ഥ. അടിമുടി അഴിമതിയിൽ കുളിച്ചു നില്ക്കുന്നവർക്ക് കറകളഞ്ഞ പ്രതിഛായയും പൂർണ പിന്തുണയും നല്കുന്നതിന് ഒട്ടും ജാള്യതയില്ലാത്തവരായ സ്തുതിപാടകർ. പുറമേ മാന്യതയുടെ മുഖം മൂടിയണിഞ്ഞ പല ആത്മീയരുടെയും സ്വകാര്യതയിലേക്ക് ഒന്ന് കണ്ണോടിച്ചാൽ അറിയാം യാഥാർത്ഥ്യങ്ങൾ. അവരുടെ ആത്മീയ സദാചാരം എത്രത്തോളം ഉണ്ടെന്ന്. പരസ്പരം അസൂയ വെച്ചുപുലർത്തിയും വിദ്വേഷം പ്രചരിപ്പിച്ചും അപവാദങ്ങളുടെ പ്രചാരകരായും വിശുദ്ധിയുടെ മേൽപട്ടമണിഞ്ഞു കൊണ്ടു തന്നെ തരം താഴുമ്പോൾ ഓർക്കേണ്ടതുണ്ട് സമ്പത്തും സ്ഥാനമാനങ്ങളും അധികാരങ്ങളും സമ്മാനിച്ച ഹുങ്കിൽ പാവങ്ങളെ മറന്ന്, ജാടയുടെ ലോകത്ത് സ്വയം വലിയവരായി പ്രതിഷ്ഠിക്കുന്നവർ, തന്നെ സമീപിക്കുന്ന ദുർബലർക്ക് മുഖം കൊടുക്കാൻ മടിക്കുന്നവർ, വശ്യവും സമാധാനപൂർണവും ആത്മാർത്ഥവും നിഷ്കളങ്കവുമായ പുഞ്ചിരി മറന്നുപോയവർ. ഈ കൂട്ടർ നീതി, കാരുണ്യം വിശ്വസ്തത എന്നിവ അവഗണിക്കുന്നു. അർദ്ധരാത്രിയിൽ സൂര്യനുദിച്ചാൽ പലരുടെയും വിശുദ്ധിക്ക് കോട്ടം സംഭവിക്കും. അവിടെ വിളറി മഞളിച്ച മുഖങ്ങൾ വ്യക്തമായി കാണാൻ കഴിയും. കൊതുകിനെ അരിച്ചു നീക്കി ഒട്ടകത്തെ വിഴുങ്ങുന്നവർ. പുറമെയുള്ള ആത്മീക പ്രഹസനങ്ങളെക്കാൾ അകമേയുള്ള മനുഷ്യന്റെ ആത്മീക ശുദ്ധീകരണത്തിന് വിശുദ്ധ വേദപുസ്തകം വളരെ പ്രാധാന്യം നല്കുന്നു. പുറമേ ആത്മീയ പരിവേഷം അണിഞ്ഞിട്ട് അകത്തു കവർച്ചയും അതിക്രമവും നിറച്ചിരുന്ന യേശുവിന്റെ കലത്തെ പരീശന്മാരെപ്പോലെ ഇന്നത്തെ അഭിനവ പരീശന്മാരും പ്രവർത്തിക്കുന്നു. കിണ്ടികിണ്ണങ്ങളുടെ അകം വെടിപ്പാക്കാതെ പുറം മാത്രം വെടിപ്പാക്കി മാന്യരായി നടക്കുന്ന ഈ പരീശന്മാർ ആദ്യം സ്വയം വിശുദ്ധരാകണം. അധികാരത്തിനു വേണ്ടിയും, അങ്ങാടിയിലെ വന്ദനത്തിന് വേണ്ടിയും ആരേയും കൂട്ടു പിടിക്കാൻ തയ്യാറാകരുത്. (മത്തായി 23:25) വിശുദ്ധിക്കും ശുദ്ധീകരണത്തിനും പ്രാധാന്യം നല്കാതെ മനുഷ്യർക്ക് വിളങ്ങേണ്ടുന്നതിനായി ചെയ്യുന്ന പ്രാർത്ഥനകളിലോ പ്രസംഗത്തിലൊ യേശു കർത്താവിനു പ്രസാദം ഇല്ല. മനുഷ്യന്റെ മനോബോധം സമർപ്പണം, ധാർമികത എന്നിവയുമായി ബന്ധപ്പെട്ടാണ് നീതി ഇരിക്കുന്നത്. നീതിയാണ് ദൈവിക പദ്ധതി, അനീതി മനുഷ്യത്വരഹിതമായ പ്രവർത്തിയാണ്. നമ്മുടെ പശ്ചാത്തലം നീതിയിലധിഷ്ടിതമായ സമൂഹമായി മാറണം. ആശയങ്ങളിലും ചിന്താസരണികളിലും ഉദ്ഘോഷിക്കപ്പെടുന്നത് കർമ്മത്തിലൂടെ സ്ഥാപിക്കപ്പെടണം നമ്മുടെ സമൂഹത്തിൽ. നീതിരഹിതമായ ദുസ്ഥിതിക്ക് ഒരു അറുതിവരുത്തി ആദിമ അപ്പോസ്തോലീക അനുഭവത്തിലേക്ക് മടങ്ങിവരേണ്ടത് ഇന്നിന്റെ ആവശ്യമായിരിക്കുന്നു.

# മഹാരാഷ്ട്ര സി. എ.ക്ക് പുതിയ നേതൃത്വം


പാ. മോൻസി കെ. വിളയിൽ


ബ്രാ. എബനേസ് ജോർജ്ജ്


ബ്രാ. ജെറി മോൻ ബാബു


ബ്രാ. ജെയിംസ് ജോർജ്ജ്


ബ്രാ. സിബി തോമസ്

**മുംബൈ:** മഹാരാഷ്ട്ര അസംബ്ലീസ് ഓഫ് ഗോഡ് വെസ്റ്റേൺ ഡിസ്ട്രിക്ട് ക്രൈസ്റ്റ് അംബാസഡേഴ്സ് (സി. എ.) ന്റെ പുതിയ ഭാരവാഹികളായി പാസ്റ്റർ മോൻസി കെ. വിളയിൽ (പ്രസിഡന്റ്), ബ്രദ. എബനേസ് ജോർജ്ജ് (സെക്രട്ടറി), ബ്രദ. ജെറിമോൻ ബാബു (ജോ. സെക്രട്ടറി), ബ്രദ. ജെയിംസ് ജോർജ്ജ് (ട്രഷറർ), പാസ്റ്റർ സിബി തോമസ് (മെമ്പർ) എന്നിവരെ നവംബർ 9ന് നവി മുംബൈയിലെ സഭാ ആസ്ഥാനത്ത് ചേർന്ന സി. എ.യുടെ വാർഷിക കോൺഫറൻസിൽവെച്ച് തെരെഞ്ഞെടുത്തു. രണ്ട് വർഷമാണ് പുതിയ കമ്മറ്റിയുടെ കാലാവധി. പ്രസിഡന്റ് സ്ഥാനമുൾപ്പെടെ എല്ലാ സ്ഥാനങ്ങളിലേക്കും എതിരില്ലാതെയാണ് തെരഞ്ഞെടുപ്പ് നടന്നത്. നവി മുംബൈയിൽ ഉറൻ എ. ജി. സഭയുടെ ശുശ്രൂഷകനും, എഴുത്തുകാരനും വേദാദ്ധ്യാപകനുമായ പാസ്റ്റർ മോൻസി. കെ. വിളയിൽ നവി മുംബൈ സെക്ഷൻ സി. എ. പ്രസിഡന്റും മുംബൈ ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം പ്രസിഡന്റും കൂടിയാണ്. വാർഷിക പൊതുയോഗത്തിൽ ഡിസ്ട്രിക്ട് കൗൺസിൽ. സി. എ. മുൻ പ്രസിഡന്റ് റവ. അനിൽ അലക്സാണ്ടർ പുതിയ ഭാരവാഹികളുടെ നിയമന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. യുവജനങ്ങളുടെ ആത്മീകമുന്നേറ്റത്തിനായി വിപുലവും ക്രമീകൃതവുമായ പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകി വരുന്നതായി പ്രസിഡന്റ് പാസ്റ്റർ മോൻസി. കെ. വിളയിൽ പത്രക്കുറിപ്പിൽ അറിയിച്ചു.

# 22–ാമത് ചെറുവക്കൽ കൺവൻഷൻ

**ചെറുവക്കൽ:** ഐ.പി.സി വേങ്ങൂർ സെന്ററിന്റെയും നിലമേൽ, കിളിമാനൂർ ഏരിയകളുടെയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും 22–ാമത് വാർഷിക കൺവൻഷൻ ഡിസംബർ 21 മുതൽ 28 വരെ ന്യൂ ലൈഫ് ഗ്രൗണ്ടിൽ നടക്കും. കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്കായി വിവിധ സബ് കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഡിസംബർ 21 –ന് വൈകിട്ട് 6 മണിയ്ക്ക് സെന്റർ പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ബി വർഗ്ഗീസ്, ജോൺസൺ മേമന, റ്റിനു ജോർജ്, പി. സി.ചെറിയാൻ, വർഗ്ഗീസ് ഏബ്രാഹാം, ബാബു ചെറിയാൻ, സുരേഷ് ബാബു, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിക്കും. പത്തനാപുരം ശാലേം വോയ്സ് സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. ക്രിസ്തീയ ഗാനരചയിതാക്കളും ഗായകരും പങ്കെടുക്കും.

22–ന് രാവിലെ 10 മണിയ്ക്ക് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും വേങ്ങൂർ സെന്ററിന്റെയും സണ്ടേസ്ക്കൂൾ വാർഷികം, 23 മുതൽ 26 വരെ രാവിലെ 10 മണിയ്ക്കും ഉച്ചയ്ക്ക് 2 മണിയ്ക്കും ഉണർവ്വ് യോഗം, 25–ന് 2 മണിയ്ക്ക് സഹോദരി സമാജം വാർഷികം, 26–ന് 10 മണിയ്ക്ക് ഉണർവ്വ് യോഗം 2 മണിയ്ക്ക് സണ്ടേസ്ക്കൂൾ പി.വൈ.പി.എ സംയുക്ത വാർഷികം, 27–ന് 9 മണി മുതൽ എൻ.എൽ.ബി.എസ് വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം, 3 മണിയ്ക്ക് സ്നാനശുശ്രൂഷ, 28–ന് സംയുക്ത സഭായോഗം.

## ഡോ.കോര സംസാരിക്കുന്നു



1. മൽക്കീ സേദെകിന്റെ ക്രമപ്രകാരം ജനിച്ചവൻ എന്ന് ഇപ്പോൾ ഫേസ് ബുക്കിൽ പല സുവിശേഷകരും പലരെ കുറിച്ചെഴു തുന്നത് കണ്ടു - ഇതിന്റെ അർത്ഥം എന്താ കോരെ

**- ജോൺ ഡൽഹി**

*പച്ചക്കു തന്തയ്ക്കു വിളിക്കുന്നതാ ജോണേ ഈ പരിപാടി. ആത്മീക പരിവേഷം ചാർത്തിയുള്ള ന്യൂജനറേഷൻ പരിപാടി. ഇതു നടത്തുന്ന മാന്യന്മാരെ എന്തുപറയാൻ.*

2. ഐ.പി.സിയിൽ ഭരണഘടനാമാറ്റം ഉണ്ടാകാൻ സാധ്യതയുണ്ടോ കോരെ **- എബി കുമ്പനാട്**

*മഴയോടു കൂടിയ ഇടിയോ ഇടിയോടു കൂടിയ മഴയോ ഉണ്ടാകാൻ സാധ്യത*

3. ചർച്ച് ഓഫ് ഗോഡിലും നേതൃത്വത്തിനെതിരെ വിശ്വാസികൾ കോടതിയിലെത്തി യത് കോര അറിഞ്ഞില്ലേ **- മോൻസി മുളക്കുഴ**

*ഉപ്പുതിന്നവൻ വെള്ളം കുടിക്കും. തിന്നാത്തവർ ഭയപ്പെടേണ്ട.*

3. കുമ്പനാട്ടെ മാലിന്യ പ്രശ്നം വീണ്ടും ചർച്ചയാകുന്നു **- വാർത്ത**

*മാലിന്യം മാറി ശുദ്ധീകരണം വരണമെങ്കിൽ ചിലതെല്ലാം അടിച്ചുവാരി പുറത്താക്ക ണം. അതിനുള്ള ആർജ്ജവം നേതൃത്വത്തിനുണ്ടാകുമ്പോൾ ഐ. പി. സിയിലെ മാലിന്യ പ്രശ്നത്തിനു പരിഹാരമുണ്ടാകും.*

## എം. എം. അക്ബറിന്റെ കപടവാദങ്ങൾക്ക് മറുപടി നൽകുന്നു

**തിരുവനന്തപുരം:** നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ എം.എം. അക്ബർ, സുബൈർ പീടി യേക്കൽ എന്നിവർ ബൈബിളിനും ക്രിസ്തുവിനും എതിരായി നടത്തുന്ന കപടവാദങ്ങൾക്ക് മറുപടി നൽകുന്നു. ഡിസംബർ 7 ന് വൈകിട്ട് പാളയം എൽ.എം.എസ്., പോളിയോ ഹോമിൽവച്ച് നടത്തുന്ന സ്നേഹ സന്ദേശത്തിൽ ബ്രദർ ജെറിതോമസ്(മുംബൈ), പാസ്റ്റർ ജെയ്സ് പാണ്ടനാട്(ചെങ്ങന്നൂർ) എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. സാക്ഷി അപ്പോ ളജറ്റിക്സ് ഭാരവാഹികൾ നേതൃത്വം വഹിക്കും. ബന്ധപ്പെടുക.

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

## നിർമ്മല പീറ്റർ അമേരിക്കയിൽ

പ്രശസ്ത ക്രൈസ്തവ ഗാനരചിയതാവും ഗായകനുമായിരുന്ന ബ്രദർ ജെ. വി. പീറ്ററിന്റെ സഹധർമ്മിണി നിർമ്മല പീറ്റർ അമേരിക്കയിൽ എത്തിയിരിക്കുന്നു. മല യാളി പെന്തെക്കോസ്തുകാർക്ക് മാത്രമല്ല മറ്റുള്ളവർക്കും ഏറെ പ്രിയങ്കരനായിരുന്നു ജെ. വി. പീറ്റർ. തന്റെ തനതുശൈലിയിലുള്ള ആലാപനവും സൗമ്യമായ ഇടപെ ടലും മറ്റുള്ളവരിൽ നിന്ന് തന്നെ വ്യത്യസ്തനാക്കിയിരുന്നു. ഗായകൻ എന്നതിലു പരി ഒരു സുവിശേഷകനായിരുന്നു താൻ. സുവിശേഷം പങ്കിടുന്നതിന് തനിക്കുണ്ടാ യിരുന്ന താല്പര്യം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തന്റെ പല ഗാന ങ്ങളും വേദനയിൽ ആശ്വാസം പകരുന്നതായിരുന്നു. എണ്ണി എണ്ണി സ്തുതിക്കുവാൻ എന്ന് ആരംഭിക്കുന്ന ഗാനം ഇന്നും പലപ്പോഴും ഞാൻ ദൈവസന്നിധിയിൽ ഇരിക്കു മ്പോൾ അറിയാതെ പാടിപ്പോകുന്നതാണ്. തന്റെ ദേഹവിയോഗം അപ്രതീക്ഷിതമാ യിരുന്നു. ക്രൈസ്തവ കൈരളിക്ക് ഒരു നഷ്ടം തന്നെയായിരുന്നു അത്. തന്റെ സഹ ധർമ്മിണിയും പ്രശസ്ത ക്രൈസ്തവ ഗായികവുമായ നിർമ്മലാപീറ്ററിന്റെ സന്ദർശ നവും സംഗീത പരിപാടികളും എല്ലാവരാലും ശ്രദ്ധനേടിക്കഴിഞ്ഞു.

അമേരിക്കയിലെങ്ങും ഒരു വലിയ ശൈത്യത്തിന്റെ ലക്ഷണമാണ്. പതിവില്ലാത്ത നിലയിലുള്ള തണുപ്പാണെവിടെയും. അധികം തണുപ്പ് ബാധിക്കാത്ത ഇടങ്ങളിലെല്ലാം പതിവിനു മുമ്പേ തന്നെ കഠിനമായ തണുപ്പാണനുഭവപ്പെടുന്നത്. ന്യൂയോർക്കിൽ അപ്പ് സ്റ്റേറ്റിൽ ആറടി ഉയരത്തിൽ മഞ്ഞു വീണു. ചിലർക്ക് ജീവഹാനിയും സംഭവി ച്ചിരിക്കുന്നു.

**ചരിത്രത്തിൽ നിന്ന്**

## നാസികളെ എതിർക്കുന്നതിൽ ബാപ്റ്റിസ്റ്റ് സഭ പരാജയപ്പെട്ടു

**പ്രകാശ് പി. കോശി**

ജർമ്മനിയിലെ നാസി ഗവൺമെന്റും കത്തോലിക്ക സഭയുമായുള്ള ഉടമ്പടിയും രഹസ്യധാരണകളും വളരെ ഏറെ ചർച്ചകൾക്ക് വിധേയമായ വിഷയം ആണ്. കത്തോലിക്ക സഭ മാത്രമാണ് നാസി ഗവൺമെന്റിനെ പിൻതുണയുള്ളൂ എന്നാണ് പൊതുവേയുള്ള വിശ്വാസം എന്നാൽ ഇതിന് വിപരീതമായി, ജർമ്മനിയിലെ ബാപ്റ്റിസ്റ്റ് സഭയും ഹിറ്റ്ലറുടെ നാസി ഗവൺമെന്റിനെയും നയങ്ങളേയും എതിർക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് സത്യം. പിൽക്കാലത്ത് സഭാനേതൃത്വം ഇത് ഏറ്റ് പറഞ്ഞു "സഭകളിൽ സുവിശേഷ പ്രസംഗിക്കാൻ അനുവദിച്ചതുകൊണ്ട്, ബാപ്റ്റിസ്റ്റുസഭ നാസി ഭരണകൂടത്തെ എതിർത്തില്ല. എന്നാൽ മറ്റ് പ്രൊട്ടസ്റ്റന്റ് ഇവാഞ്ചലിക്കൽ സഭകൾ നാസികളെ എതിർത്തു" ചരിത്രക്കാരൻ ആൽബർട്ട് വാർഡിൻ പറഞ്ഞു.



1934-ൽ ബർലിനിൽ നടന്ന ബാപ്റ്റിസ്റ്റ് വേൾഡ് അലയൻസ് കോൺഗ്രസിൽ സ്വസ്തിക പതിച്ച നാസിപതാക ഉയർത്തിയിരിക്കുന്നു

ജർമ്മൻ സഭയുടെ കർത്താവ് ഹിറ്റ്ലർ ആണെന്നും ഇയാൾ ആരാധിക്കപ്പെടേണ്ടതാണെന്നും മറ്റുമുള്ള ദുരുപദേശങ്ങൾ നാസികൾ സ്പോൺസർ ചെയ്ത സ്റ്റേറ്റ് സഭയിലൂടെ പ്രചരിക്കപ്പെട്ടപ്പോൾ, 1934-ൽ വിവിധ സഭാവിഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികൾ, യേശുക്രിസ്തുവിന്റെ കർതൃത്വം ഉയർത്തിപ്പിടിക്കുന്ന, പ്രഖ്യാപിക്കുന്ന ഒരു രേഖ പുറപ്പെടുവിച്ചു. ഈ രേഖ ഹിറ്റ്ലറുടെ എല്ലാവിധ വ്യാജ ഉപദേശങ്ങളേയും വെല്ലുവിളിച്ചു.

Confessing Church എന്നറിയപ്പെട്ട ഈ കൂട്ടായ്മയുടെ രേഖ 'Barmen Declaration' ഇന്നും ക്രൈസ്തവ സഭയുടെ ചരിത്രത്തിലെ ധൈര്യത്തിന്റേയും സഹനത്തിന്റേയും ധീരതയുടേയും ഒരധ്യായമാണ്. ഈ രേഖയുടെ പിൻപിൽ പ്രവർത്തിച്ചവർ പലരും പിന്നീട് രക്തസാക്ഷികളായി. ഈ വിഭാഗത്തിന്റെ പല ദൈവശാസ്ത്ര നിലപാടുകളും ഇന്നത്തെ സമൂഹത്തിന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിലും ഇവർ കാണിച്ച ധീരത ഇന്നും ക്രൈസ്തവരെ ധൈര്യപ്പെടുത്തുന്നു.

ജർമ്മനിയിലെ ബാപ്റ്റിസ്റ്റു സഭ ഈ വിഭാഗത്തിന്റെ ചർച്ചുകളിൽ നിന്ന് മാറി നിന്നു. ഹിറ്റ്ലർ മത സ്വാതന്ത്ര്യത്തിന്റെ വക്താവാണെന്നായിരുന്നു ബാപ്റ്റിസ്റ്റുകാരുടെ നിഗമനം. മാത്രമല്ല ഹിറ്റ്ലർ പുതിയ പ്രദേശങ്ങൾ കീഴടക്കുമ്പോൾ, അവിടെ എല്ലാം സുവിശേഷം പ്രചരിപ്പിക്കാൻ തങ്ങളുടെ ഈ നിലപാട് സഹായിക്കും എന്ന് ബാപ്റ്റിസ്റ്റ് സഭയുടെ നേതാക്കന്മാർ വിശ്വസിച്ചു. 1933-ൽ ഹിറ്റ്ലറുടെ നേതൃത്വത്തിൽ നാഷണൽ സോഷ്യലിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ, ക്രൈസ്തവരുടെ സുഹൃത്ത് എന്ന നിലയിൽ ഹിറ്റ്ലർ അറിയപ്പെട്ടു. താൻ ഒരു കത്തോലിക്ക വിശ്വാസിയാണെന്ന് പ്രഖ്യാപിച്ചതും, അശ്ലീല സാഹിത്യ/സിനിമകളും നിരോധിച്ചതും ജനങ്ങളിൽ മതിപ്പ് ഉളവാക്കി. എന്നാൽ യഥാർത്ഥത്തിൽ ഹിറ്റ്ലർ ക്രൈസ്തവ വിശ്വാസത്തിന് എതിരായിരുന്നു.

ബൈബിളിലെ പശ്ചാത്താപവും താഴ്മയും നാഷണൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖമുദ്രയായ കഠോരതയ്ക്കും ശക്തിക്കും എതിരായിരുന്നു. ഹിറ്റ്ലറുടെ മനസാക്ഷി സൂക്ഷിപ്പുകാരനായ ഗീബൽസിന്റെ ഡയറിക്കുറിപ്പ് പ്രകാരം, ക്രൈസ്തവരുടെ വീണ്ടെടുപ്പ് എന്ന സത്യത്തിന് ഹിറ്റ്ലർ എതിരായിരുന്നു. എന്നിരുന്നാലും ജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് സഭകളെ കൈയിൽ എടുക്കാൻ ഹിറ്റ്ലറുടെ ചാരന്മാർക്ക് കഴിഞ്ഞു. അധികം താമസിയാതെ ജർമ്മനിയിൽ ഗവൺമെന്റ് നിയന്ത്രണത്തിൽ ഉള്ള സഭ രൂപപ്പെടുകയും ക്രിസ്തുവിരോധിയും ദുരാത്മാവ് ബാധിച്ചവനും ക്രിസ്തുവിരോധിയുമായ ഹിറ്റ്ലർ അതിന്റെ ആത്യന്തിക തലവനുമായി തീർന്നു.

1933-ൽ ഹിറ്റ്ലറിന്റെ അധികാരികൾ ബാപ്റ്റിസ്റ്റ് സഭയുടെ സഹകരണം തേടിയെങ്കിലും സഭ അത് നിരാകരിച്ചു. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സഭ ജൂതന്മാരുമായി ബന്ധമുള്ള എല്ലാ പ്രതീക്ഷങ്ങളും പഠനങ്ങളും സഭയിൽ നിന്ന് ഒഴിവാക്കി.

എന്നാൽ വിശ്വാസികൾ നാസികളുടെ പ്രവർത്തനങ്ങളിലും നയങ്ങളിലും വൈരുദ്ധ്യങ്ങൾ കാണുകയും 1934-ൽ, നാസികളെ എതിർക്കുന്ന Confessing Church എന്ന സംഘം സ്ഥാപിതമായി. ദൈവശാസ്ത്രജ്ഞന്മാരായ കാൾ ബർത്ത്, ഡീട്രിച്ച് ബോൺഹോഫർ എന്നിവരായിരുന്നു ഈ കൂട്ടായ്മയ്ക്ക് പിന്നിൽ പ്രവർത്തിച്ചത്. നാസികളും ജർമ്മൻ ബാപ്റ്റിസ്റ്റ് സഭയും തമ്മിലുള്ള ബന്ധം ഊഷ്മളമായിരുന്നു. തങ്ങൾക്ക് സുവിശേഷം പ്രസംഗിക്കാൻ അവസരം ഉള്ളപ്പോൾ നാസികളെ എതിർക്കേണ്ട എന്നതായിരുന്നു ബാപ്റ്റിസ്റ്റ് നേതൃത്വത്തിന്റെ നിലപാട്. സഭയ്ക്ക് നാസികൾ സാമ്പത്തിക സഹായം നൽകുകയും, സഭകളെ സംരക്ഷിക്കാൻ പോലീസ് സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. സഭ സ്ഥാപിക്കാൻ ആവശ്യമായ വസ്തുവകകൾ നാസികൾ ബാപ്റ്റിസ്റ്റു സഭയ്ക്കുവേണ്ടി അനുവദിച്ചു.

ഹിറ്റ്ലറുടെ രഹസ്യപോലീസ് പെന്തെക്കോസ്തുസഭകളും ബ്രദറൺ സഭകളും അടച്ചുപൂട്ടുന്ന സമയത്താണ്, ബാപ്റ്റിസ്റ്റുകാർ ഗവൺമെന്റ് സംരക്ഷണയിൽ വളർന്നത്. എന്നാൽ ഹിറ്റ്ലറിന്റെ തനിനിറം മനസിലാക്കാൻ ഇവർക്ക് പെട്ടെന്ന് കഴിഞ്ഞില്ല. എന്നാൽ അത് മനസിലാക്കിയപ്പോഴേക്കും സമയം അതിക്രമിച്ചിരുന്നു.

രണ്ടാം ലേകമഹായുദ്ധത്തിന് ശേഷം ബാപ്റ്റിസ്റ്റുകാർ വ്യക്തിപരമായി തങ്ങളുടെ അബദ്ധത്തിൽ അനുതപിച്ചു. എന്നാൽ ജർമ്മൻ ബാപ്റ്റിസ്റ്റു സഭ 1984-ൽ മാത്രമാണ് തങ്ങൾക്ക് തെറ്റുപറ്റിയെന്ന് പരിതപിച്ചത്. ബോൺഹോഫറെയും ബർത്തിനേയും അംഗീകരിക്കാൻ കഴിയാതിരുന്നത് സഭയുടെ പരാജയം ആണ് നേതൃത്വം ഏറ്റ് പറഞ്ഞു.

Confessing Church എന്ന കൂട്ടായ്മയിലൂടെ ഹിറ്റ്ലറുടെ കിരാത നയങ്ങളെ എതിർക്കാൻ കഴിയാതിരുന്നത് വലിയ തെറ്റായിപോയി എന്ന് സഭാ നേതൃത്വം മനസിലാക്കി.

ചരിത്രത്തിലെ ഈ ഒറ്റപ്പെട്ട ഏട് ഇന്നും വിശ്വാസികൾക്കും സഭകൾക്കും ഒരു പാഠമാണ്. സുവിശേഷം പ്രസംഗിക്കാൻ അവസരം തരികയാണെങ്കിൽ ഏത് ദുഷ്ട ഭരണകൂടത്തേയും പിൻതുണക്കാൻ സഭാനേതൃത്വം തയ്യാറാകരുത് എന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. സഹോദരങ്ങൾ, പീഡിപ്പിക്കപ്പെടുമ്പോൾ അവർക്ക് വേണ്ടി ശബ്ദമുയർത്താനും ശബ്ദമില്ലാത്തവന്റെ ശബ്ദമായി മാറാനും സഭ ശ്രമിക്കേണം.

**കടപ്പാട്: ബാപ്റ്റിസ്റ്റ് പ്രസ്**

വിധിയും വിചാരണയും

# ചരിത്രത്തിൽ നിന്നും പാഠം പഠിക്കേണ്ട ഐ. പി. സി.



രാജു ആനിക്കാട്

ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭ അതിന്റെ ചരിത്രത്തിലെ തന്നെ വിസ്മയകരമായ സംഭവവികാസങ്ങളിലൂടെ മുമ്പോട്ട് പോകുന്ന സമയമാണിത്. ഈ പ്രസ്ഥാനത്തിലെ പ്രവർത്തകരെയും അണികളെയും ഒരുപോലെ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന പ്രശ്നങ്ങളാണ് നമ്മൾ കാണുന്നത്. സമീപ കുറെ ആഴ്ചകളായി ഐ. പി. സിയുടെ ഭരണഘടനാ ഭേദഗതി വിഷയമായിരുന്നു പ്രധാനപ്പെട്ട ചർച്ച. കാലം മാറുന്നതനുസരിച്ച് സുഗമമായ ഭരണസംവിധാനത്തിന് ബലവത്തായ ഒരു ഭരണഘടന അനിവാര്യമാണെന്നതിൽ ആർക്കും ഒരുതർക്കവും ഇല്ലായിരുന്നു. എന്നാൽ ഇവിടെ അതിന്റെ കരട് രേഖ പുറത്തുവന്നപ്പോൾ ആളുകൾ പ്രതീക്ഷിച്ചതുപോലെ സ്വാർത്ഥതാല്പര്യങ്ങളുടെ സംരക്ഷണത്തിനായിട്ടുള്ള ഒരു കൈ പുസ്തകം ആണ് ഇതെന്ന് മനസിലായി. അതുകൊണ്ട് എല്ലാ ഭാഗത്തുനിന്നും ശക്തമായ എതിർപ്പാണ് ആദ്യം മുതലേ ഉയർന്നു വന്നത്. ഐ. പി. സിയുടെ ഏറ്റവും വലിയ സംസ്ഥാനഘടകം ഭരണഘടനാവിഷയം അതിന്റെ കൗൺസിലിൽ ഒരു ദിവസം അജണ്ടയിട്ട് ചർച്ച ചെയ്യുകയുണ്ടായി. ഭരണഘടന നിലവിൽ വന്നാൽ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളെ ചൂണ്ടികാണിക്കുകയെന്നതായിരുന്നു പ്രധാന ലക്ഷ്യം. എന്നാൽ ഇനി ഒരു നിർദ്ദേശവും ആരുടെയും സ്വീകരിക്കുകയില്ലായെന്ന ധാർഷ്ട്യമാണ് ഭരണഘടനാഭേദഗതിയുടെ ശില്പികളായിട്ടുണ്ടായിരുന്ന ചിലരുടെ പ്രസ്താവന. അപ്പോൾത്തന്നെ ബോധ്യമായത് ഈ ഭരണഘടനാഭേദഗതി ഐ. പി.സിയുടെയോ അതിന്റെ പ്രവർത്തനങ്ങളെയോ സുതാര്യമാക്കുക, സുഗമമാക്കുക എന്നതല്ല മറിച്ച് പതിറ്റാണ്ടുകളായി ഇതിന്റെ ഭാരവാഹിത്വം വഹിക്കുന്നവരുടെ സഭയും സ്ഥാനവും ഒക്കെ സംരക്ഷിച്ചു നിർത്തുക എന്നത് മാത്രമായിരുന്നു. ഇപ്പോൾ സംഭവിച്ചതെന്താണ്? ജനറൽ കൗൺസിലിൽ കരടുരേഖ അവതരിപ്പിക്കാൻപോലും ആയില്ലെന്നുമാത്രമല്ല ഇതിനൊക്കെ ചുക്കാൻ പിടിച്ച പലരും ഇനിയും ഇതിന് നേതൃത്വം കൊടുക്കാൻ കഴിയുമോ എന്ന ആശങ്കയിലെത്തിയിരിക്കുകയാണ്.

ഐ. പി. സി. എന്ന ഈ പ്രസ്ഥാനം കുറെ സമ്പന്നരുടെയും പുതുപണക്കാരുടെയും സംഭാവനയല്ല. അങ്ങനെ ചിലരെ ഇതിനു മുമ്പിൽ നിന്ന് പ്രവർത്തിക്കാൻ ദൈവം കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അത് നല്ല കാര്യം. പക്ഷെ പാവപ്പെട്ടവന്റെ കൂടെ ചോരയും നീരും ഒരംശം എങ്കിലും ഇതിനുവേണ്ടി ഒഴുക്കിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഈ നിർണ്ണായക വളർച്ചയുടെ കാലഘട്ടത്തിൽ പാടേ നിഷ്കാസനം ചെയ്യാനുള്ള ഏത് ഗൂഢനീക്കത്തെയും ദൈവം തകർക്കും എന്നതിനെ സംശയം ഒന്നും വേണ്ട. നവതി ആഘോഷത്തിന്റെ ഒരു വർഷം പൂർത്തീകരിക്കുന്നതിനുമുമ്പ് നായകന്മാർ നാണക്കേടിന്റെ കയ്പ് നീർ കുടിക്കേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് പുനരാലോചിക്കാനുള്ള സമയംകൂടെയായി ഇതിനെ കണ്ടാൽ നന്ന്. ഒമ്പതു പതിറ്റാണ്ടുകൾ പിന്നിട്ട ഈ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ നവതി ആഘോഷവേദിയിൽ സാധാരണക്കാരന്റെ ഒരു പ്രതിനിധിയെയെങ്കിലും അതിന്റെ കോണിൽ പ്രതിഷ്ഠിക്കാൻ സന്മനസ്സു കാണിക്കാതെ പ്രവർത്തിച്ചവരാരൊക്കെയാണോ അവരൊക്കെ അതിനൊക്കെ ഉത്തരം പറയേണ്ടിവരുമെന്ന് കാലേകൂട്ടി പറഞ്ഞിരുന്നവർ ഈ പ്രസ്ഥാനത്തിൽ ധാരാളമുണ്ട്.

ഐ. പി. സി.കാർക്ക് തിരിഞ്ഞു ചിന്തിക്കാൻ ഇനിയും സമയം ഏറെയുണ്ട്. ഇപ്പോൾ ജനറൽ കൗൺസിലിൽ സംഭവിച്ചത് അവിടംകൊണ്ട് അവസാനിക്കുകയില്ല. അതേ നയവും അടവും പയറ്റുന്ന സംസ്ഥാനഘടകം കൂടെ നിലപാട് തിരുത്തിയില്ലെങ്കിൽ ഇത്തരം ദാരുണസംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടിവരും. പണത്തിന്റെ പേരിൽ അവിശുദ്ധകൂട്ടുകെട്ടുണ്ടാക്കി പാവപ്പെട്ടവന്റെമേൽ കുതിരകയറ്റം നടത്താമെന്ന് ആരെങ്കിലും ധരിച്ചാൽ അതൊക്കെ ഇനിയും അത്രസുസാധ്യമാണെന്ന് കരുതരുത്. അന്യായകൂട്ടുകെട്ടുകളെ തകർക്കാൻ ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കാകും എന്ന് വിചാരിക്കുന്നില്ല. എന്നാൽ ദൈവസഭയുടെ നാഥൻ ഇവയൊന്നും അനുവദിക്കുകയില്ലെന്ന് സമീപകാല സംഭവങ്ങൾ അക്കമിട്ട് പറയുന്നു.

ഐ. പി. സി. ജനാധിപത്യം ഒരു കാലഘട്ടം വരെ സ്വേച്ഛാധിപതികളുടെ കൈപ്പിടിയിലായിരുന്നു. അത് അവരെ കൈയൊഴിയുന്ന കാലഘട്ടത്തിന്റെ വരവാണിതെന്ന് പറയാം. ജനാധിപത്യം അതിന്റെ ആധിപത്യം ഏറ്റെടുത്താൽ ഏത് വമ്പനും അടിതെറ്റിവീഴും എന്നുറപ്പായി കഴിഞ്ഞു. അതിന്റെ ശക്തിയും മഹത്വവും വരുംദിനങ്ങളിൽ ഈ പ്രസ്ഥാനം കാണാൻ പോകുകയാണ്. എന്നും എക്കാലവും കാര്യങ്ങൾ ഇമ്മാതിരി തുടങ്ങുമെന്ന് ആരെങ്കിലും ധരിക്കുന്നുവെങ്കിൽ അവർ ഒരു നൂറു വർഷം പിന്നിലാണ്. ഐ. പി. സിയിലെ ആരെയും എഴുതിതള്ളാൻ മാത്രം കൈക്കരുത്തുള്ള ഒരു പണക്കാരനും ഇവിടെയില്ലായെന്ന് സമകാലിനസംഭവങ്ങൾ അടിവരയിട്ടു പറയുന്നു. അതുകൊണ്ട് നമുക്ക് ഒരുമിച്ചുനീങ്ങാനുള്ള സമവായിത്തിന്റെ വാതായനങ്ങളാണ് ഇപ്പോൾ തുറക്കപ്പെടേണ്ടത്.

## 01 ഐ.പി.സി.യിൽ ഭരണ പ്രതിസന്ധി....

നാ ഭേദഗതിക്കു കരട നവംബർ 11ന് ചേർന്ന ജനറൽ കൗൺസിൽ പാസാക്കാതെ തള്ളികളഞ്ഞു. പൊതു സ്വീകാര്യത നഷ്ടപ്പെട്ട ചിലരും മറ്റ് ദുരുപദേശത്തിന്റെ വക്താക്കളുമടങ്ങുന്ന ഉപജാപ സംഘത്തിന്റെ തടവറയിൽ പെട്ടുപോയെന്ന പാസ്റ്റർ കെ.സി.ജോൺ തിരിച്ചടികൾ ഏറ്റുവാങ്ങുകയാണ്. ഐ,പി,സിയിൽ ഉരുണ്ടു കൂടിയ സ്ഥിതിഗതികൾ ജനറൽ കൺവൻഷനെ ബാധിക്കാനും ഇടയുണ്ട്.

ജനറൽ എക്സിക്യൂട്ടിവിലെ മറ്റ് പലർക്ക് എതിരെയും കേസ് കൊടുക്കാൻ സാധ്യതയുണ്ടെന്നറിയുന്നു. ജനറൽ കൗൺസിൽ പിരിച്ചു വിടാനും സാധ്യത കാണുന്നു.

സഭാ ഭരണത്തിൽ തുടർച്ചയായി കോടതി ഇടപെടുന്നതിൽ വിശ്വാസികൾ ആശങ്കയിലാണ്. നേതൃത്വത്തിന്റെ ജീർണ്ണതയും പിടിപ്പുകേടും നിമിത്തം പൊതുലോകത്ത് സഭ അപമാനിക്കപ്പെടുകയാണ്.

## 01 ചർച്ച് ഓഫ് ഗോഡ് നേതൃത്വത്തിനെതിരെ...

മാറിനിന്ന് വിചാരണ നേരിടണമെന്ന് വാദികൾ ആവശ്യപ്പെടുന്നു. വ്യാജപ്രസ്താവനയിലൂടെ സ്റ്റേറ്റ് കൗൺസിലിനെയും ദൈവസഭയെയും ഇന്ത്യൻ ജുഡിഷ്യറിയെയും അപമാനിച്ച ഓവർസീയർക്ക് തല്ക്കാലത്ത് തുടരാനുള്ള അർഹത നഷ്ടമായിരിക്കുകയാണെന്ന് ആവശ്യപ്പെടുന്നു. സഭാപുറത്താക്കിയ ജെക്കബ് തോമസിനെ ഏകപക്ഷീയമായി തിരിച്ചെടുത്ത ഓവർസീയറുടെ നടപടി ധിക്കാരപരവും ക്രിസ്തീയ മൂല്യങ്ങളെ നിരാകരിക്കുന്നതുമാണ്. ഓവർസീയർ സ്ഥാനത്ത് തുടരാൻ ധാർമ്മികമായി അവകാശം നഷ്ടപ്പെട്ട ഓവർസീയർ സ്ഥാനം ഒഴിയുകയോ വേൾഡ് മിഷൻ പുറത്താക്കുകയോ ചെയ്യണമെന്ന് ഇവർ ആവശ്യപ്പെടുന്നു.

# യുവജനക്യാമ്പ്



*ഒമാൻ പെന്തക്കോസ്ത് അസംബ്ലി യുവജനക്യാമ്പിൽ സുവി. ഷാജൻ ജോൺ ഇടയ്ക്കാട് ക്ലാസുകൾ നയിക്കുന്നു.*

**മസ്ക്കറ്റ്:** പുതിയ ദർശനത്തിലേയ്ക്കും സമർപ്പണത്തിലേയ്ക്കും വഴിയൊരുക്കി ഒമാൻ പെന്തക്കോസ്ത് അസംബ്ലി യുവജനക്യാമ്പ് സമാപിച്ചു. ഒക്ടോബർ 6-ന് ആരംഭിച്ച ക്യാമ്പ് ഒ.പി.എ. കൗൺസിൽ പ്രസിഡന്റ് പാസ്റ്റർ കുര്യൻ മാത്യു ഉദ്ഘാടനം ചെയ്തു. സഭാകൗൺസിൽ സെക്രട്ടറി ജോർജ്ജ് കെ. സാമുവേൽ അദ്ധ്യക്ഷനായിരുന്നു. സുവി. ഷാജൻ ജോൺ ഇടയ്ക്കാട് ക്ലാസുകൾ നയിച്ചു. കൗൺസിൽ പ്രതിനിധി ഫിലിപ്പ് ബേബി സ്വാഗതം പറഞ്ഞു. ഡെനിസ് വർഗീസ്, സാംസൺ എന്നിവരുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ ടീം സംഗീത ശുശ്രൂഷ നയിച്ചു.

സുവി: മോസസ് രാജ്മോഹൻ, സി.ജി. ജോൺസൻ, എം.ജി. വർഗീസ്, ബെന്നി സാം, ഏബ്രഹാം ഫിലിപ്പ്, കെ. മോൻസി, അനു ജേക്കബ്, മാത്യൂസ് ജോർജ്, ജോ ഏബ്രഹാം ചാക്കോ, റോയി ഈപ്പൻ, ജെയ്സൺ ചാക്കോ, ജീൻ പോൾ വിവിധ സെക്ഷനുകൾ നയിച്ചു. കുട്ടികൾ വിവിധ ടീമുകളായി തിരിഞ്ഞ് സ്കിറ്റുകൾ അവതരിപ്പിച്ചു. പവർ സെഷന് പാസ്റ്റർ കുര്യൻ മാത്യു നേതൃത്വം നൽകി. യൂത്ത് ഫെലോഷിപ്പ് സെക്രട്ടറി ബ്രദർ ഷിജു ചാക്കോ നന്ദി പ്രകാശിപ്പിച്ചു. 200-ലധികം പേർ പങ്കെടുത്ത ക്യാമ്പിൽ 25-ഓളം പേർ മിഷൻ പ്രവർത്തനത്തിനായി സമർപ്പിച്ചു. നിരവധി കുട്ടികൾ പരിശുദ്ധാത്മഭിഷേകം പ്രാപിക്കുന്നതിനും സ്നാനത്തിനായി തീരുമാനമെടുക്കുന്നതിനും ക്യാമ്പ് ഇടയാക്കി.

കൗൺസിൽ പ്രതിനിധി ഫിലിപ്പ് ബേബി, യൂത്ത് ഫെലോഷിപ്പ് ഭാരവാഹികളായി ഷിജു ചാക്കോ, ജെമനി ഫിലിപ്പ്, സജി പാപ്പച്ചൻ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ശുശ്രൂഷകസമ്മേളനം സമാപിച്ചു

**മുംബൈ:** ഐപിസി മഹാരാഷ്ട്ര സമ്മേളനം ഒക്ടോബർ 27 – 29 വരെ പനവേൽ കൊൽക്കെ എആർസി സെന്ററിൽ നടന്നു. പാസ്റ്റർ പി. ജോയി ഉദ്ഘാടനം ചെയ്തു . "ശുശ്രൂഷകന്മാരുടെ അന്തസത്തയും മാന്യതയും ആത്മാർഥതയും" എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ വി.ജെ.തോമസ് പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ.സി.ജോൺ, കെ.ജോയി, ഫിലിപ്പ് ചെറിയാൻ, തോമസ് ഏബ്രഹാം, ഡോ. പി.യു. പോൾസൺ തുടങ്ങിയവർ പ്രസംഗിച്ചു. 23 ശുശ്രൂഷകർക്കു ഓർഡിനേഷൻ നൽകി. പാസ്റ്റർ പി.എം.ചെറിയാൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ കെ.എ മാത്യു കർത്തൃമേശയ്ക്കു നേതൃത്വം നൽകി.

വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ കെ.എം. വർഗീസ്, ബാബുജി സാമുവേൽ, എം.ജോണിക്കുട്ടി, ജോൺസൺ ചാക്കോ, ഷിബു ജോസഫ് എന്നിവർ അധ്യക്ഷത വഹിച്ചു. ബ്രദർ ലിജു ഏബ്രഹാമും സംഘവും ഗാനങ്ങൾ ആലപിച്ചു. ബ്രദർ ഉമ്മൻ ഏബ്രഹാം നന്ദി പറഞ്ഞു.

## മുഴുരാത്രി പ്രാർത്ഥന

**തിരുവനന്തപുരം:** 2014 നവംബർ മാസം 7–ാം തീയതി വൈകുന്നേരം 6 മണി മുതൽ തിരുവനന്തപുരം രാജാജിനഗറിലെ ഐ.പി.സി. ബെഥേൽ സഭയിൽ വെച്ച് പ്രിസൺ ഗോസ്പൽ മിഷന്റെ നേതൃത്വത്തിൽ 169–ാംമത് മുഴുരാത്രി പ്രാർത്ഥന നടക്കുകയുണ്ടായി. പാസ്റ്റർ സാംകുട്ടി ഡാനിയേൽ അദ്ധ്യക്ഷത വഹിക്കുകയുണ്ടായി. പാസ്റ്റർ ജോയി ചെങ്കൽ വചന ശുശ്രൂഷ നയിച്ചു. പ്രിസൺ ഗോസ്പൽ മിഷൻ പ്രവർത്തകരായ ഇവാ: ജോസ് വലപ്പാട്, പാസ്റ്റർ ജോസഫ് മാത്യു, ഇവാ: ജോർജ്ജ് കൊച്ചി, ബ്രദർ കൃഷണൻ നായർ എന്നിവർ നേതൃത്വം നൽകി.

## 02 വേദപഠനം....

നിസ്തുല്യനായ യേശുക്രിസ്തുവിന്റെ ഒരു പേരാണ്. വെളി:22:20-ൽ ഒടുവിലായി ആമേൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ദൈവവചനത്തിന്റെ പൂർണ്ണതയോടുള്ള ബന്ധത്തിൽ "ഇതാ ഞാൻ വേഗം വരുന്നു" എന്നുള്ളതു യേശുക്രിസ്തുവിന്റെ വാഗ്ദത്തത്തിനു ഉപയോഗിച്ചിരിക്കുന്നു.

18 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ അടിസ്ഥാനപരമായി പൗലോസ് കൈകാര്യം ചെയ്യുന്ന വിഷയം യുദ്ധസേവയും ഭരണക്രമവുമാണ്. 18-ാം വാക്യം ആരംഭിക്കുന്നത് 'മകനേ' എന്ന സംബോധനയിലൂടെയാണ്, പൗലോസ് തിമോഥെയൊസിനെ പല പ്രാവശ്യം മകനെ എന്നാണ് വിളിക്കുന്നതും വിശേഷിപ്പിക്കുന്നതും. കാരണം പൗലോസാണ് തിമൊഥെയൊസിന്റെ ആത്മീക പിതാവ്, പൗലോസാണ് തിമൊഥൊസിനെ വിശ്വാസത്തിൽ കൊണ്ടുവന്നതും ശുശ്രൂഷകൾക്കുള്ള അവസരങ്ങളെ ക്രമീകരിച്ചു നൽകുന്നതും. യഥാർത്ഥത്തിൽ അവരുടെ അഭേദ്യമായ ആത്മീകബന്ധമാണ് മകൻ എന്നു പൗലോസ് തിമൊഥെയൊസിനെ വിളിക്കുന്നത്. (തുടരും)

## എക്സൽ വി.ബി.എസ് 2015 ചിന്താവിഷയം തിരഞ്ഞെടുത്തു

**തിരുവല്ല:** എക്സൽ വി.ബി.എസ് 2015 ചിന്താവിഷയം തിരഞ്ഞെടുത്തു ഉത്തമഗീതം 2:12 അടിസ്ഥാനപ്പെടുത്തി പുഷ്പങ്ങൾ ("FLOWERS") എന്നതാണ് ചിന്താവിഷയം. ഈ ചിന്താവിഷയത്തെ ആധാരമാക്കി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട, ഹിന്ദി എന്നീ വ്യത്യസ്ത ഭാഷകളിൽ ഉള്ള സിലബസുകൾ തയാറായി വരുന്നു. പാട്ടുകൾ, ഗെയിമുകൾ, അഭിനയഗാനങ്ങൾ, ബൈബിൾ ടിപ്സ്, ബൈബിൾ പാഠങ്ങൾ എന്നിവ തയാറായി വരുന്നു. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും 4000 ൽ അധികം വി.ബി.എസുകളും യുവജനക്യാമ്പുകളും നടക്കും. വിവിധ ചർച്ചുകൾ 300 ൽ അധികം ഡയറക്ടേഴ്സ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകും. ചിന്താവിഷയം അടിസ്ഥാനമാക്കി സീഡികൾ (ഓഡിയോ, വീഡിയോ) തയാറായി വരുന്നു. ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, ബൈബിൾ ഗെയിമുകൾ, കഥകൾ മുതലായവ ക്ഷണിക്കുന്നു. വി.ബി.എസ് നടത്തുവാനോ സുഗമമായ നടത്തിപ്പിനായി ബിനു ജോസഫ് വടശേരിക്കര, അനിൽ ഇലന്തൂർ, ഷിബു ജോൺ, സ്റ്റാൻലി റാന്നി, ബെൻസൺ തോട്ടഭാഗം, സാജു ഫിലിപ്പ്, ബ്ലസൺ പി. ജോൺ, അഖിലാവ്, സാംസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ടീമിന്റെ ഭാഗമായി പ്രവർത്തിക്കുവാനോ വി.ബി.എസ് നടത്തുവാനോ താല്പര്യമുള്ളവർ താഴെകാണുന്ന ഫോൺ നമ്പറിൽ വിളിക്കുക. 9495834994, 9496325026.

# നിത്യതയിൽ



### ജോൺ ശാമുവേൽ(104)

**മഴുക്കീർ:** ചർച്ച് ഓഫ് ഗോഡ് തിരുവല്ല സൗത്ത് ഡിസ്ട്രിക്ട് പാസ്റ്റർ റവ. അനിയൻകുഞ്ഞ് ശാമുവേലിന്റെ പിതാവ് റാന്നി വലിയപറമ്പിൽ ജോൺ ശാമുവേൽ(104) നിര്യാതനായി.

സംസ്ക്കാരം മഴുക്കീർ സഭാ സെമിത്തേരിയിൽ നടത്തി. സംസ്ക്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ പി.സി. ചെറിയാൻ നേതൃത്വം നൽകി. റവ.പി.ജെ. ജെയിംസ് മുഖ്യശുശ്രൂഷ നിർവ്വഹിച്ചു. സുവി. കാനം അച്ചൻ, പാസ്റ്റർ എം.കുഞ്ഞപ്പി, ഫാദർ.ഷാജി, ഡോ. ഫാദർ ഏബ്രഹാം ചാക്കോ, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. എന്നിവർ അനുശോചിച്ചു. പരേതന് 9 മക്കളും 22 കൊച്ചുമക്കളും 26 ചെറുമക്കളും ഉണ്ട്. റാന്നി വലിയകാവ് പാറപ്പാട്ട് പരേതയായ മറിയാമ്മയാണ് ഭാര്യ.



### മറിയാമ്മ മാത്യു

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആരംഭകാല പ്രവർത്തകനായിരുന്ന ആര്യപ്പള്ളിൽ അവറാച്ചന്റെ മകൻ പരേതനായ ആര്യപ്പള്ളിൽ മത്തായിച്ചാന്റെ സഹധർമ്മിണി മറിയാമ്മ മാത്യു (83) നവംബർ 12-ാം തീയതി വൈകിട്ട് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. രണ്ടാമത്തെ മകൻ സണ്ണിയുടെ ഭവനത്തിൽ വെച്ചായിരുന്നു അന്ത്യം. കുമ്പനാട് ഐ.പി.സി. എലീം സഭാ അംഗമായ പരേത കോടുവളഞ്ഞി പൂമൂട്ടിൽ കുടുംബാംഗമാണ്.

മക്കൾ: കുഞ്ഞൂഞ്ഞൂകുട്ടി, സണ്ണി, ആലീസ്, ലീല, ജോളി, ജേയിസ്. മരുമക്കൾ: ബേബിക്കുട്ടി, മോനച്ചൻ, ജസി, മോനച്ചൻ.



### ആനന്ദൻ (64)

**ചേപ്പാട്:** ഐ. പി. സി. ഏവൂർ ഹെബ്രോൻ സഭാംഗം കൈതക്കാട്ടുശ്ശേരിൽ ആനന്ദൻ (64) നവംബർ 10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 13ന് സഭയുടെ കണ്ടിയൂർ സെമിത്തേരിയിൽ പാസ്റ്റർ സാബു തോമസ് നടത്തി. പാസ്റ്റർമാരായ കെ. വി. വർക്കി, പി. എ. സണ്ണി, എം. ഒ. ചെറിയാൻ, തോമസ് ബേബി, ഗോഡ്ലിസി. ഉതുപ്പ്, ജോർജ്ജ് മാമ്മൻ, ബി. കെ. ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. ഭാര്യ: തങ്കമ്മ, മക്കൾ: പ്രസാദ്, പ്രകാശ്, പ്രമോദ്. മരുമക്കൾ: ബീന, മിനി, സുചിത്ര.



### എം. സി. അലക്സാണ്ടർ (തങ്കച്ചൻ-80)

**മാവേലിക്കര:** ആലക്കോട് പെനിയേൽ ഏ. ജി. സഭാംഗം ചെറുവല്ലൂർ മണത്തറ പുത്തൻവീട്ടിൽ എം. സി. അലക്സാണ്ടർ (തങ്കച്ചൻ-80) നവംബർ15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 17ന് സഭയുടെ സെമിത്തേരിയിൽ പാസ്റ്റർ പി. എസ്. ഫിലിപ്പ് നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് പാസ്റ്റർ പി. ഡി. ജോൺസൺ നേതൃത്വം നൽകി. പാസ്റ്റർമാരായ ടി. ജെ. ശമുവേൽ, ബാബു ജോർജ്ജ്, തോമസ് ഫിലിപ്പ്, ഷാജി യോഹന്നാൻ, ഐസക് വി. മാത്യു, കെ. ജെ. മാത്യു തുടങ്ങിയവർ ശുശ്രൂഷിച്ചു. ഭാര്യ: അന്നമ്മ ചെങ്ങന്നൂർ വന്മഴി തച്ചാറയിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ ചെറിയാൻ, എം. എ. അലക്സാണ്ടർ, എം. സി. ജോർജ്ജ്, എലിസബത്ത് ബാബു, പാസ്റ്റർ എം. എ. ഫിലിപ്പ് (ഏ. ജി. വടക്കൻ മേഖല ഡയറക്ടർ). മരുമക്കൾ: ഷേർളി, ലിസി, വി. പി. ബാബു, സോഫി.



### പാസ്റ്റർ സി.ഡി. ശമുവേൽ

**പത്താൻകോട്ട്:** ഐ.പി.സി പത്താൻകോട്ട് സഭയുടെ പാസ്റ്ററും, ഐപിസി ഹിമചാൽ സ്റ്റേറ്റ് പ്രിസ്ബറ്ററി മെമ്പറും, അസ്സോ:ഡിസ്ട്രിക്റ്റ് പാസ്റ്ററുമായ പാസ്റ്റർ സി.ഡി ശമുവേൽ (70) 04-11-14ൽ പത്താൻകോട്ട് വച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പരേതൻ പത്താനാപുരം ചാവരുവിളയിൽ കുടുംബാംഗമാണ്. 06-11 14ൽ പത്താൻകോട്ട് ഐ.പി.സി കൺവൻഷൻ ഗ്രൗണ്ടിൽ വെച്ച് നടന്ന ശുശ്രൂഷകൾക്ക് ശേഷം പത്താൻകോട്ട് സെമിത്തേരിയിൽ സംസ്കാരം നടത്തി. ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ ഉമ്മൻ, ഇസ്ലാംവാൻ, എം.എം.ജോൺ, കെ.കോശി, എം.ചെറിയാൻ, ജോർജ്ജുക്കുട്ടി, ഇ.ജെ.ജോണി, തങ്കരാജ്, ജോൺ ജെയിംസ്, സണ്ണി വി.ജേക്കബ്, സൊക്കാമസി, എബി ശാമുവേൽ, റോജൻ കെ.ജേക്കബ്, സി. എം.വർഗീസ് എന്നിവർ പ്രസംഗിച്ചു. ജമ്മുകാശ്മീർ, പഞ്ചാബ്, ഹിമാചൽ, ഡൽഹി, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള നൂറുകണക്കിനു പാസ്റ്റർമാരും ആയിരകണക്കിനു വിശ്വാസികളും ശുശ്രൂഷയിൽ പങ്കെടുത്തു.

ഭാര്യ: കരനാഗപ്പള്ളി പുതുവൽ ബംഗ്ലാവിൽ ലിസി. മക്കൾ: ടിജി, ജിജി,പാസ്റ്റർ എബി ശമുവേൽ(ലുധിയാന). മരുമക്കൾ: കുരിയാക്കോസ്(റൂർക്കി), പാസ്റ്റർ റോജൻ കെ.ജേക്കബ്(ഹൽവാര). കൊച്ചുമക്കൾ: എമി, എബൻ, ബ്ലസ്സി,ജോയൽ, ദിയ,ഡോറ, മക്കൾ മൂവരും കുടുംബമായി കർത്താവിന്റെ വേലയിലാണ്.

## നെടുങ്ങാടപ്പള്ളി കൺവൻഷൻ

**മല്ലപ്പള്ളി:** ബെഥേൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ജനറൽ കൺവൻഷൻ നെടുങ്ങാടപ്പള്ളി ബെഥേൽ ഗ്രൗണ്ടിൽ ഡിസംബർ 24-28 വരെ നടക്കും. പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, ലാസർ വി. മാത്യു, പ്രിൻസ് തോമസ്, ഷാജു സി. ജോസഫ് എന്നിവർ പ്രസംഗിക്കും. അടൂർ ശാലേം സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും. ഏണസ്റ്റ് എ. കെ., സജിമോൻ ജേക്കബ് ഇവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

# മാമംഗലം ഐ.പി.സി. ഹാൾ സമർപ്പിച്ചു



**എറണാകുളം:** ഐ.പി.സി മാമംഗലം സഭയ്ക്കു വേണ്ടി പണികഴിപ്പിച്ച പുതിയസഭാഹാളിന്റെ സമർപ്പണ ശുശ്രൂഷ നവംബർ 17-നു രാവിലെ 10മണിക്ക് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി ശമുവേൽ നിർവ്വഹിച്ചു.

സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ റ്റി. മാത്യു അദ്ധ്യക്ഷത വഹിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺ സ്കറിയ ആമുഖ പ്രഭാഷണം നടത്തി. ഇന്ത്യ ബൈബിൾ കോളജ് അദ്ധ്യാപകൻ പാസ്റ്റർ കെ.ജെ. ഫിലിപ്പ് മുഖ്യ സന്ദേശം നൽകി. ബ്രദർ എം.വി വർഗീസ് സ്വാഗതവും പാസ്റ്റർ എം.പി സജീവൻ നന്ദിയും പറഞ്ഞു.

പാസ്റ്റർമാരായ കെ.എസ്. സണ്ണി, മത്തായി ഹാബേൽ, സി.റ്റി.സൈമൺ, മാമ്മൻ ജോൺ, സി.റ്റി. മാത്യു, ബ്രദർ റോയി മാത്യു, സി. ഐസക്ക്, ജി സാബു, മാർട്ടിൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

## 11 കണ്ടതും കേട്ടതും...

ത്തിയ ക്വിസ് മത്സരങ്ങളിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവുമൊക്കെ ലഭിച്ചിട്ടുണ്ട്. റേഡിയോ, റ്റിവി പ്രശ്നോത്തരികളിൽ ഒന്നാം സ്ഥാനം ലഭിച്ചവരെക്കാൾ കൂടുതൽ പോയിന്റുകൾ ചിലപ്പോഴൊക്കെ എനിക്കു 'ലഭിച്ചിട്ടുണ്ട്'. 'പരന്ന വായനക്കാരനും ഉയർന്ന ചിന്തകനു'മെന്ന് അനിലിനെ വിശേഷിപ്പിക്കണമായിരുന്നോ?

എന്റെ പേര് അച്ചടിച്ചുകാണുന്നതിലെ സന്തോഷമാണ് എന്റെ കുറിപ്പു വായിച്ചിട്ടു സജിക്കു മനസ്സിലായതെങ്കിൽ, ഗലാത്യരെ പൗലോസ് വിളിച്ചതുപോലെ വിളിക്കേണ്ടിവരും. കഴിഞ്ഞ ഇരുപതു വർഷത്തിലേറെയായി ഞാൻ കാർട്ടൂൺ വരയ്ക്കുന്നു. അവയിലെല്ലാം എന്റെ പേരുണ്ട്. പേരില്ലെങ്കിലും അതു വരയ്ക്കുന്നതു ഞാനാണെന്നു വായനക്കാർക്കറിയാം. 'ജയ്മോഹന്റെ കാർട്ടൂൺ കാണാൻ വേണ്ടിയാണു ഞങ്ങളിപ്പോൾ "പത്രം" വായിക്കുന്നതെ'ന്ന് ആളുകൾ എന്നോടു പറഞ്ഞിട്ടുണ്ട്. *ഡിഫെൻഡറി*ന്റെ പത്രാധിപർ പറഞ്ഞത്, 'ഇരുപത്തഞ്ചു ശതമാനം പേരെങ്കിലും പത്രം വായിക്കുന്നതു കാർട്ടൂൺ കാരണമാണെ'ന്നായിരുന്നു. ആറുപേരുടെ ജീവചരിത്രങ്ങൾ ഞാനെഴുതിക്കൊടുത്തിട്ടുണ്ട്. അതിൽ രണ്ടെണ്ണത്തിനു പരിഭാഷയും വന്നിട്ടുണ്ട്. സ്പർജൻ, ബോങ്കെ, ജോയ്സ് മേയർ തുടങ്ങിയ പ്രമുഖരുടെ കൃതികളുൾപ്പെടെ കുറെ പുസ്തകങ്ങൾ ഞാൻ വിവർത്തനം ചെയ്തിട്ടുണ്ട്. അനിൽ കൊടിത്തോട്ടം വിവർത്തനം ചെയ്ത Helping Christians Grow എന്ന പാഠപുസ്തകം നന്നാക്കിക്കൊടുത്തതും ഞാനാണ്. അങ്ങനെ കുറെ പുസ്തകങ്ങൾ വായിക്കാവുന്ന പരുവത്തിലാക്കിക്കൊടുത്തിട്ടുണ്ട്. എന്റെ പേരിനെക്കുറിച്ചുള്ള സജിയുടെ പരാമർശം സഹതാപമർഹിക്കുന്നതാണ്. എന്തെങ്കിലുമൊരു "വികൃതി"യെഴുതി, ഒരു ഫോട്ടോയും അതിനോടൊപ്പം അയച്ചുകൊടുത്തിട്ട്, അതു പ്രസിദ്ധീകരിച്ചുകണ്ടു നിർവൃതിയടയാൻ ഞാൻ തുനിയാറില്ല. ഫോട്ടോ കണ്ടാൽ, വായനക്കാർ എന്തോ കുറ്റം ചെയ്തതുകൊണ്ട്, അവരെ ശിക്ഷിക്കാനുള്ള നോട്ടമാണെന്നാണു തോന്നുക. വായനക്കാരോടു ചെയ്യുന്ന കുറ്റത്തിനു മാപ്പു ചോദിക്കാനുള്ള മനസ്സുമില്ല!

സീതത്തോട്ടുകാർക്കു സജിയെ അറിയാവുന്നതുപോലെ, മലയാളികളായ ദൈവമക്കൾക്കെല്ലാം (വായനക്കാർക്ക്) എന്നെയറിയാം. കാരണം, വിവിധ പത്രമാസികകളിലായി നൂറുകണക്കിനു കാർട്ടൂണുകളാണു കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിലധികമായി പ്രസിദ്ധീകരിച്ചത്. എന്റെ കാർട്ടൂൺ സമാഹാരം കണ്ടിട്ട് ഒരു പത്രം നിരൂപണമെഴുതിയത്, 'ആയിരം പേജിലെഴുതാവുന്ന ചിന്തകളെ'-ന്നായിരുന്നു. അനിൽ കൊടിത്തോട്ടമെഴുതി, 'പത്തു വിമർശനലേഖനങ്ങളെക്കാൾ ഒരു കാർട്ടൂൺ ഫലപ്രദമാണെ'ന്ന്. കാനമച്ചനും ഇതു പറഞ്ഞിട്ടുണ്ട്- (ഇതൊന്നും ഞാനൊരിക്കലും എഴുതുകയില്ലായിരുന്നു. പൗലോസ് പറഞ്ഞതുപോലെ, സജിയുടെ "പ്രതികാരം", ഇങ്ങനെയൊക്കെയെഴുതാൻ എന്നെ നിർബന്ധിക്കുകയാണുണ്ടായത്).

**നീക്കിബാക്കി:** സജിയെഴുതിയ കത്തു നേരിട്ടു വായിച്ചു. കോപിക്കുകയില്ലെങ്കിൽ, ഒരു കാര്യമെഴുതാം. അക്ഷരത്തെറ്റില്ലാതെ എഴുതാൻ പഠിച്ചിട്ടു പോരേ കഥയും കവിതയും പ്രതികാരവുമൊക്കെയെഴുതുന്നത്? അതല്ലേ ഭേതം? അല്ലാതെ, "ഇന്നേറെക്ഷണിച്ചിവ്വണ്ണമുളവാക്കീട്ടെന്തു സാദ്ധ്യം സഖേ? മുന്നം ഗർഭിണിയായ നാൾ മുദിതയായ് മാതാവു നേർന്നിരുന്നുവോ താൻ കവിയായ് ജനങ്ങളെ ഞെരുക്കീടേണമെന്നിങ്ങനെ?" അതുകൊണ്ട്, ഞെരുക്കരുത്, പ്ലീസ്.

## ഇതു ശരിയായ നടപടിയാണോ?

കഴിഞ്ഞ ലക്കത്തിൽ ഞാനെഴുതിയ 'ഐ എഗ്രീ റ്റു ഡിസെഗ്രീ' എന്ന കുറിപ്പിന് അനിൽ കൊടിത്തോട്ടമെഴുതിയ പ്രതികരണം അതേ ലക്കത്തിൽ പ്രസിദ്ധീകരിച്ചതു ശരിയായ നടപടിയാണോ? വായനക്കാർക്ക് അമ്പരപ്പുണ്ടാക്കുന്ന ഒരിടപാടായിപ്പോയി. പലരും വിളിച്ച് അതിലുള്ള അതൃപ്തി അറിയിച്ചിരുന്നു. അടുത്ത ലക്കത്തിൽ പ്രതികരണം വരുന്നതായിരുന്നു ഉചിതം. കുറച്ചു നാൾമുമ്പ് ഒരു പത്രാധിപർ കാർട്ടൂൺ ചോദിച്ചു. പോക്കറ്റ് കാർട്ടൂൺ രണ്ടെണ്ണം അയച്ചുകൊടുത്തു. അവ രണ്ടും മുൻപേജിൽ, അടുത്തടുത്തായി പ്രസിദ്ധീകരിച്ച് അദ്ദേഹം നിർവൃതിയടഞ്ഞു! പോക്കറ്റ് കാർട്ടൂൺ ആരെങ്കിലും മുൻപേജിൽ രണ്ടെണ്ണം (അതും അടുത്തടുത്തായി) കൊടുക്കുമോ? അതുപോലെയുള്ള ഒരു നടപടിയായിപ്പോയി ഇത്. ഇത്തരം കാര്യങ്ങൾ അപലപനീയമാണെന്നു ഞാൻ പറയുന്നില്ല. പത്രത്തെയും പത്രാധിപരെയുമാണ് ഇതു ബാധിക്കുക.

സൈമൺ സാറിന്റെ 'പുൾപിറ്റ് എത്തിക്സി'നെ വിമർശിക്കാൻ അനിലിന് അവകാശമുണ്ടോ? വ്യക്തികളുടെ ശാരീരികവൈകല്യത്തെ പരിഹസിച്ച അനിലിന് സൈമൺ സാറിന്റെ പുൾപിറ്റ് എത്തിക്സിനെ വിമർശിക്കുന്നത് ഭൂഷണമാണോ? ശാരീരികവൈകല്യത്തെ ഒരിക്കലും പരിഹസിച്ചുകൂടാത്തതാണ്. വിക്റ്റർ ഹ്യൂഗോയുടെ 'പാവങ്ങളിലെ' മെത്രാൻ, ഒരു എട്ടുകാലിയെ നോക്കിയിട്ട്, 'പാവം. ഈ വൈരൂപ്യം അതിന്റെ കുറ്റമല്ലാ'യെന്നു പറഞ്ഞതായി വായിച്ചിട്ടുണ്ട്. ഒരുപാടു വീര്യപ്രവൃത്തികൾ ചെയ്ത പൗലോസിന്റെ "ശരീരസന്നിധി നിന്ദ്യ"മെന്നു വായിക്കുന്നുണ്ടല്ലോ. മാത്രമല്ല, "ശരീരസംബന്ധമായ പരീക്ഷ"യും അദ്ദേഹത്തെക്കൊണ്ടു മറ്റുള്ളവർക്കുണ്ടായി (2കൊരി.10:10; ഗലാ.4:14).

സൈമൺ സാർ മഹാൻ തന്നെയായിരുന്നു. സഹോദരസംഘത്തിന് ഇഷ്ടനും സ്വന്തജനത്തിനു ഗുണകാംക്ഷിയുമായിരുന്നു. അതുകൊണ്ടുതന്നെയാണു സാറിന്റെ വിയോഗവേളയിൽ,"യോനാഥാനേ, എന്റെ പ്രിയ സഹോദരാ" എന്നു നിലവിളിച്ചുകൊണ്ട്, ആത്മനിറവിൽ കൊച്ചൂഞ്ഞുപദേശി പ്രാർത്ഥിച്ചത്.

സാറിനെയും മറ്റുള്ളവരെയും തമ്മിൽ (സാഹിത്യപരമായി) താരതമ്യം ചെയ്യേണ്ടതു സാഹിത്യരംഗത്തെ പ്രമുഖരാണ്. അതിനു ശേഷിയുള്ളവർ പെന്തെക്കോസ്തിൽ ഇപ്പോൾ ആരെങ്കിലുമുണ്ടോ? എന്റെ സംശയമാണിത്. നമുക്കു മാതൃഭാഷതന്നെ ചൊവ്വേനേരെ അറിഞ്ഞുകൂടാ! അതല്ലേ സത്യം? അതു തന്നെയാണു സത്യം. സത്യമേവ ജയതേ!

**ജയ്മോഹൻ അതിരുങ്കൽ**

## 03 നോവൽ...

ങ്കു ചേരാനാണ് ഞാൻ വന്നത്. നീ ഇപ്പോഴും എന്നെ സ്നേഹിക്കുന്നുവെങ്കിൽ മാത്രം.... ആൽബർട്ട് മുറ്റത്ത് ഉറപ്പിച്ചുവെച്ചിരിക്കുന്ന കയറുകട്ടിലിലേക്ക് ഇരുന്നു. എന്തു മറുപടി പറയണമെന്നറിയാതെ അയാൾ കുഴങ്ങുകയാണോ എന്ന് കാതറിൻ സംശയിച്ചു. എന്നാൽ കാലങ്ങളായി താൻ കേൾക്കാനിരുന്ന വാചകങ്ങളുമായി നില്ക്കുന്ന കാതറിനെ ആദ്യമായി കാണുന്നതു പോലെ നോക്കുകയായിരുന്നയാൾ. (തുടരും)

കണ്ടതും കേട്ടതും

# സജി സീതത്തോടും പൂവഞ്ചിപ്പുഴയോരവും എന്റെ വായനാനുഭവങ്ങളും

ജയ്മോഹൻ അതിരുങ്കൽ, 9567759748

‘കണ്ടതും കേട്ടതു’മെഴുതാൻ തുടങ്ങിയിട്ടു രണ്ടു കൊല്ലമായെന്നു തോന്നുന്നു. വായിച്ചിട്ടു പലരും വിളിക്കാറുണ്ട്. ഇതുവരെ രണ്ടു പ്രതികരണങ്ങളാണ് എഴുതിക്കിട്ടിയത്. ഒന്ന് എന്റെ പേരിൽ ‘ജേണലി’ന്റെ വിലാസത്തിൽ വന്നു. അടുത്തതു *ജേണൽ* പ്രസിദ്ധീകരിക്കുകയും ചെയ്തു. ആദ്യത്തെ പ്രതികരണം ‘ഞാൻ കരഞ്ഞ സന്ദർഭങ്ങൾ’ വായിച്ചിട്ടായിരുന്നു. അതു വായിച്ചാൽ, എനിക്കുണ്ടായ ദുരനുഭവത്തിനു പൂജ്യം സഹതാപവും എന്റെ പരാമർശത്തിനു നൂറു ചാട്ടയടിയുമെന്ന മനോഭാവമാണു ഗ്രഹിക്കാനാവുക. ഇങ്ങനെയുള്ള പ്രതികരണങ്ങൾക്കു മറുപടി കൊടുക്കാതിരിക്കുന്നതാണു നല്ലതെന്നു തോന്നാറുണ്ട്. ഓരോരുത്തർ അവരവരുടെ സംസ്ക്കാരമനുസരിച്ചു പ്രതികരിക്കുന്നു. അതിനെല്ലാം വിശദീകരണം നൽകാൻ പോയാൽ, അവരുടെ സംസ്ക്കാരത്തിലേക്കു നമ്മളും താഴുകയാണ്. അപ്പോൾത്തന്നെ, മിണ്ടാതിരുന്നാൽ, ‘വിനെ, വിഡി, വിക്കി’ എന്നു സീസർ പറഞ്ഞതുപോലെ ‘പ്രതികാരകനു’ തോന്നുകയും ചെയ്യും. അതുകൊണ്ട്, രണ്ടിനുമിടയ്ക്കുള്ള ഒരു മാർഗ്ഗം അവലംബിക്കാമെന്നു കരുതുകയാണ്.

സജി സീതത്തോടിന്റെ ‘പൂവഞ്ചിപ്പുഴയോരം’ ഞാൻ വായിച്ചുനോക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് എന്തു പറയാനാണ്? അടുത്ത ലക്കത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു പ്രേരണയുള്ളവാക്കിയെങ്കിലല്ലേ നല്ല കഥയെന്നു പറയാനാവൂ? സജി പരാമർശിച്ച എഴുത്തുകാരിൽ മാത്യു പാലത്തിങ്കലിന്റെ




‘ശിശിരസന്ധ്യകളൊ’ഴികെ മറ്റുള്ളവരുടെ കൃതികളെല്ലാം വായിച്ചിട്ടുണ്ട്. ചിലതു വായിച്ചവസാനിപ്പിക്കാൻ തോന്നിയിട്ടുമില്ല. സജിയുടെ പട്ടികയിലില്ലാത്ത എഴുത്തുകാരായ ബിനോയ് ആരക്കുന്നം, ഡോ. സിനി ജോയ്സ് മാത്യൂസ് എന്നിവരുടെ നോവലുകളായ ‘എല്ലാം നന്മയ്ക്കായി’, ‘ശുഭസൂചനകളുടെ നദി’ എന്നിവയും വായിച്ചു. പക്ഷേ ഇവരാരും തന്നെ പ്രമുഖ ക്രൈസ്തവ ആനുകാലികങ്ങളിൽ സാധാരണയായി എഴുതിക്കാണാറില്ല. ‘പ്രമുഖ’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ‘ഗുഡ്ന്യൂസ്’, ‘മരുപ്പച്ച’, ‘ക്രൈസ്തവചിന്ത’, ‘ഹാലേലൂയ്യ’, ‘സ്വർഗ്ഗീയദ്ധ്വനി’, ‘ജേണൽ’, ‘ജ്യോതിമാർഗ്ഗം’ മുതലായവയാണ്. സജിയുടെ ‘പുഴയോരം’ വന്നതു ‘റിവൈവൽ റൈറ്റംസ്’ എന്ന പത്രത്തിലാണെന്നു തോന്നുന്നു. സജിയുടെ സുഹൃത്തായ റെന്നി ജോൺ കോന്നിയുടെ ‘സ്വർഗ്ഗത്തിലേക്കുള്ള വഴി’യും വായിക്കാൻ ശ്രമിച്ചിച്ചുണ്ട്. ‘സ്വർഗ്ഗത്തിലേക്കുള്ള വഴി’ പാതിവഴിയിൽ അവസാനിച്ചുവെന്നാണ് ഓർമ്മ. ഞാനെഴുതിയതു ‘കഥാകൃത്തുക്കൾ നമ്മുടെയിടയിൽ കുറവാണെ’ന്നാണ്; നോവലിസ്റ്റുകളെന്നല്ല. നോവലും കഥയും തമ്മിൽ വേർതിരിച്ചറിയില്ലെങ്കിൽ എന്തു ചെയ്യാനാണ്? കഥ, കവിത, നോവൽ, ലേഖനം എന്നീ പേരുകളിൽ എന്തെങ്കിലുമൊക്കെ എഴുതിവെച്ചിട്ട്, അത് ആളുകൾ അംഗീകരിക്കണമെന്നു വാശിപിടിച്ചാലെങ്ങനെയാണ്? കഴമ്പുള്ളതാണെങ്കിലല്ലേ വായനക്കാർ ഓർത്തിരിക്കൂ? ആഷേറിന്റെ പ്രതിഭയെപ്പറ്റിയുള്ള സജിയുടെ ആക്ഷേപത്തിനുള്ള മറുപടി, കഴിഞ്ഞ ലക്കത്തിൽത്തന്നെയുള്ള ‘കരാർ’ എന്ന കഥ തന്നെയാണ്. അതുപോലെയുള്ള ഒരു കഥ സജിക്കെഴുതാനാവുമോ? ‘ആരും കുത്തിയിളക്കി’യില്ലെങ്കിലും ആഷേറിന് എഴുതാൻ കഴിയും. അതുകൊണ്ടാണ് ആഷേറിന്റെ കഥ കണ്ടിട്ട്, ‘ഇവൻ കൊള്ളാ’മെന്ന് അനിൽ കൊടിത്തോട്ടം എന്നോടു പറഞ്ഞത്. അപ്പോൾ, കൊള്ളാവുന്നതും കൊള്ളരുതാത്തതും വേർതിരിച്ചറിയാൻ കഴിയും. വായനാക്ഷമതയുള്ള രചനകൾ നിർവ്വഹിക്കുന്നവരെ മാത്രമേ വായനക്കാർ ഓർത്തിരിക്കൂ. വിദേശത്തുനിന്ന് തുരുതുരെ കവിതകളെഴുതി അയയ്ക്കുന്ന അമ്മാമ്മയുടെ ഒറ്റക്കവിതപോലും പാരായണയോഗ്യമല്ല. കവിത്വമുണ്ടെങ്കിലല്ലേ കവിതയെഴുതാനാവൂ? കുമ്പനാട് എലീം സഭയിലെ കവിതക്കാരൻ, അവരുടെ സ്മരണികയിലെഴുതിയ ‘മാർപ്പാപ്പയ്ക്കൊരു കത്ത്’ എന്ന കവിത കണ്ടിട്ടാണ് അങ്ങനെയൊരു പരാമർശം ഞാൻ നടത്തിയത്. കൽക്കണ്ടംപോലെ മധുരിക്കുന്ന കവിതയായിരുന്നു അത്. സജി പരാമർശിച്ച എഴുത്തുകാരിലൊരാളുടെ കവിത കണ്ടിട്ട് ഒരു പത്രാധിപർ പൊട്ടിച്ചിരിച്ചതോർക്കുന്നു. പുതുപ്പള്ളിയച്ചൻ പെന്തെക്കോസ്തിൽ വരുന്നതിനു മുമ്പു തന്നെ അച്ചന്റെ രചനകൾ ഞാൻ വായിച്ചിട്ടുണ്ട്. അച്ചൻ വരച്ച ഒരു കാർട്ടൂണും കണ്ടിട്ടുണ്ട്. തേന്മാംകുഴിയുടെ ‘മൺതരികൾ മനുഷ്യരായി’ എന്ന ചെറുനോവലും ഡോ ഏഴംകുളം സാംകുട്ടിയുടെ ‘പാളംതെറ്റിയ തീവണ്ടി’, തോമസ് മാമ്മന്റെ ‘കുരുമുളക്’, ‘കറുത്ത നക്ഷത്രം’, ‘അഗ്നിയാത്ര (?)’ എന്നീ നോവലുകളും വായിക്കാൻ കൊള്ളാം. സാമുവേൽ മേനയുടെ ‘നിക്ഷേപം നിറയ്ക്കപ്പെട്ട മൺപാത്രങ്ങൾ’ ബൗദ്ധികമായി അല്പം ഉയർന്ന നിലവാരമുള്ളവർക്കും പ്രയോജനപ്പെടും. വായിച്ച കഥകളിൽ, ‘എനിക്കു ഭ്രാന്തുണ്ട്’, ‘എനിക്കു ദാഹിക്കുന്നു’ എന്നിവ (മേനസാറിന്റെ) മികച്ച നിലവാരമുള്ളവയാണ്. ഇവയൊക്കെ നല്ലതാണെന്നു കരുതി, കനൽക്കട്ടകൾ കണ്ടിട്ട് അവ നക്ഷത്രങ്ങളാണെന്ന് എങ്ങനെ പറയാനാവും? എം. ഇ. ചെറിയാൻ സാറെഴുതിയ ‘മകനേ വരൂ’ എന്ന ഖണ്ഡകാവ്യം ഏറെ ഹൃദ്യമായ വായനാനുഭവമാണു നൽകിയത്.

എന്റെ വായന പരന്നതാണോ ഉരുണ്ടതാണോയെന്നറിയില്ല. വായിക്കാതെ കാർട്ടൂൺ വരയ്ക്കാനാവില്ല. എന്റെ ചിന്തകളുടെ കാര്യവും അങ്ങനെതന്നെ. അക്ഷരം പഠിച്ചതു മൂന്നര വയസ്സിലാണ്. അന്നുമുതൽ വായിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലാണു വായന. *ബാലരമ* മുതൽ വിജ്ഞാനകോശം വരെ വീട്ടിലുണ്ട്. അവ വായിക്കുന്നുമുണ്ട്. എല്ലാ ശാഖകളിലുമുള്ളവ വായിക്കാറുണ്ട്. ഗെയ്ൽ ട്രേഡ്വെലിന്റെ ‘വിശുദ്ധനരക’മാണ് അടുത്തിടെ വായിച്ച പുസ്തകം. ഇപ്പോൾ വായിക്കുന്നത് ഓ. അബൂട്ടിയുടെ ‘ഇംഗ്ലീഷിലെ ദ്വയാർത്ഥപ്രയോഗങ്ങളാ’ണ്. ഭാഷാപരമായ പുസ്തകങ്ങൾ, ചരിത്രം, യാത്രാവിവരണം, ജീവചരിത്രം, ആത്മകഥ, ലേഖനസമാഹാരം എന്നിവയൊക്കെ വായിക്കുന്നുണ്ട്. പഠിച്ച സ്ഥാപനങ്ങളിലും പ്രാദേശികതലങ്ങളിലുമൊക്കെ നട

09

10

## പ്രതികരണം....

മാണ്. ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം വേദപുസ്തകം പഴയനിയമത്തിലെ ആദ്യഖണ്ഡമായ ഉല്പത്തിപുസ്തകമാണ്. പഞ്ചഗ്രന്ഥത്തിലെ ഒന്നാം പുസ്തകത്തെ തുടർന്ന് മറ്റു നാലെണ്ണവും ക്രമേണ വേദപുസ്തകം മുഴുവൻ തന്നെയും മലയാളികൾക്ക് കാവ്യരൂപത്തിൽ കാഴ്ചവെക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹമെന്ന് പറയപ്പെടുന്നു. പക്ഷെ അത് നടന്നില്ല. പുതിയ നിയമത്തിലെ നല്ല ശമര്യക്കാരന്റെ കഥ നല്ല ശമര്യൻ എന്ന പേരിൽ 1933-ൽ മഹാകവി കവിതയാക്കി. ശാർദ്ദൂലവിക്രീഡിതത്തിൽ 1913-ൽ രചിച്ച നിശാകുലം എന്ന വിലാപകാവ്യമായിരിക്കാം സൈമൺന്റെ പ്രസിദ്ധീകൃതകാവ്യം.

വേദവിഹാരത്തെ ഇംഗ്ലീഷ് മഹാകവി ജോൺ മിൽട്ടന്റെ പറുദീസാ നഷ്ട ത്തോടും രാമായണം, ഭാരതം തുടങ്ങിയ ഭാരതീയേതിഹാസകാവ്യങ്ങളോടും താരതമ്യപ്പെടുത്താറുണ്ട്. ഈ പൂർവ്വസുരികളുടെ കൃതികൾ സൈമണിൽ അസാമാന്യസ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നതിൽ തർക്കമില്ല. സൃഷ്ടിപ്പിൻ ചരിത്രമാണല്ലോ മിൽട്ടനെപ്പോലെ സൈമണും കാവ്യവിഷയമായി തിരഞ്ഞെടുത്തത്.

ഉല്പ്പത്തിയിലെ സൃഷ്ടിചരിത്രം പ്രമേയമാക്കിയ കവികൾ ഉണ്ട്. വള്ളത്തോളിന്റെ “പാരീസിലെ ക്രിസ്മസ്” എന്ന കവിതയിൽ ഏദനിൽ നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾ മടക്കിത്തരാൻ ക്രിസ്തു അവതരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

*“മാറാത്ത വിമോഹത്തിൽ*
*മഞ്ഞിനാൽ മരവിച്ച്*
*തീരെ നഗ്നനായി നിന്ന മാനുഷദ്രുമാരാമം*
*പൂക്കാനോ തളിർക്കാനോ പോരുമായിരുന്നുവോ?*
*ശ്ലാഘ്യമാം വസന്തമേ നീയന്നു പിറക്കായ്കിൽ”.*

എന്ന് കവി പാടുന്നു.

കടമ്മനിട്ടയുടെ ’ഇരുട്ട്’ എന്ന കവിതയിലും ‘ഏദനിലെ പാപത്തെ’ പരാമർശിക്കുന്നുണ്ട്.

*‘‘വേദശാഖിയിൽത്തൂങ്ങും*
*കാഫലമാശിച്ചുഞാൻ*
*നേദ്യ ചേതസ്സാ പൊങ്ങി നിപതിച്ചുപോയ്ത്താഴെ”*

എന്ന് കവി പാടുന്നു. വയലാർ രാമവർമ്മയടെ ‘ഒരു പുതിയ പറുദീസാ’ എന്ന കവിതയിൽ

*“കനിപറിച്ച കയ്യുകളാൽ*
*കറപിടിച്ച കയ്യുകളാൽ*
*പറുദീസകൾ പണിതുയർത്തിയ*
*കഥയറിയാമോ?*
*മെഴുകുതിരികളെ!”*

ഒ.എൻ.വി.യുടെ ‘സൃഷ്ടാവിന്റെ ദുഃഖ’ത്തിലും ഉല്പ്പത്തി പുസ്തകമാണ് പ്രമേയം.

*“സ്രഷ്ടാവ് മർത്ത്യനോടിന്നലെ*
*ചോദിച്ചു*
*സൃഷ്ടിച്ചതെന്തിനു നിന്നെ*
*ഞാനിങ്ങനെ?*
*തൻ പ്രതിച്ഛായയിൽ പണ്ടുഞാൻ*
*സൃഷ്ടിച്ച*
*തൻ പ്രിയ പുത്രനല്ലെയിവൻ?”*

പലസ്തീൻ നാടിന് ചേരാതുള്ള വർണ്ണനകൾകൊണ്ട് അതിനെ ഇന്ത്യയാക്കുന്നതിന് ഇടയായിട്ടില്ല എന്നും പ്രായേണ വേദനാടുകൾക്കും വൈദികകാലത്തിനും അനുരൂപമായ വർണനകളാണ് ഈ ഗ്രന്ഥത്തിൽ കാണാനുള്ളത് എന്നും മറ്റും മഹാകവി സത്യവാങ്മൂലം ഹാജരാക്കുന്നുണ്ടെങ്കിലും വർണ്ണനകളിലും പദസന്നിവേശത്തിലും അലങ്കാരപ്രയോഗത്തിലും മറ്റും ഭാരതീയേതിഹാസങ്ങളുടെ സ്വാധീനം അന്യൂനമായി പ്രകടമാണ്. യഹോവയെ “അച്യുതൻ” എന്നു വിശേഷിപ്പിക്കുന്നതും മറ്റും ച്യുതി അഥവാ നാശമില്ലാത്തവൻ എന്ന അർത്ഥത്തിലാണ്.അതുപോലെ അനേകം ലൊട്ടുലൊടുക്ക് തുടങ്ങി തികച്ചും ഗ്രാമ്യമെന്ന് ആഢ്യന്മാർ വിധിച്ചേക്കാവുന്നതു മുതൽ പണ്ഡിതമൂർദ്ധന്യർക്കുപോലും ശബ്ദകോശത്തിന്റെ സഹായത്തോടെമാത്രം മനസ്സിലാക്കാൻ കഴിയുന്ന സംസ്കൃതപദങ്ങളും ഇംഗ്ലീഷ് പദങ്ങളും എബ്രായപദങ്ങളും മറ്റും നിർല്ലോപം മഹാകവി ഈ കൃതിയിൽ എടുത്തുപെരുമാറുന്നുണ്ട്.

വേദവിഹാരത്തിൽ ആവർത്തിച്ചു പ്രകടമായി കാണുന്ന ഭാരതീയ സ്വാധീനം കവിതയുടെ പോരായ്മയല്ല പ്രത്യുത മേന്മയാണെന്നത്രെ ആധുനിക മതം. ആധുനിക ക്രിസ്തീയ മതചിന്തയിൽ, പ്രത്യേകിച്ചും സൈമൺന്റെയും മറ്റും കാലശേഷം ശക്തിപ്പെട്ടിരിക്കുന്ന ദേശീയവൽക്കരണ പ്രവണതയുടെ ആദ്യകാല പ്രണേതാക്കളിൽ, പ്രമുഖനായി സൈമണെ അവരോധിക്കാൻ സഹായിക്കുന്നവയാണീ ഭാരതീയ സ്വാധീനവ്യാപ്തിയെന്ന് ഡോക്ടർ എം.എം. തോമസിനെപ്പോലുള്ളവർ കരുതുന്നു.

പ്രൊട്ടസ്റ്റന്റ് പശ്ചാത്തലം, മതവൈരാഗ്യം, യാഥാസ്ഥിതികത്വം, സവർണ്ണസാഹിത്യത്തിന്റെ ധാർഷ്ഠ്യം, അപൂർവ്വമല്ലാത്ത ജാതിസ്പർദ്ധ മുതലായവ ഈ ശ്രദ്ധേയനായ സാഹിത്യകാരനെ ഒട്ടൊക്കെ അവഗണനയ്ക്ക് പാത്രമാക്കി എന്നതു നിഷേധിക്കാനാവില്ല. അദ്ദേഹത്തിന്റെ ചില കൃതികൾ വീണ്ടും അച്ചടിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും എതിരെ കടുത്ത ഭീഷണികൾ ഇപ്പോഴും ഉയരുന്നുണ്ട് എന്ന് സൈമൺ കുടുംബത്തിലെ ചില പിൻമുറക്കാർ ഈ ലേഖകനോട് പരാതിപ്പെടുകയുണ്ടായി. പി.ജി. തന്റെ ലേഖനത്തിൽ വ്യക്തമാക്കുന്നു.

മഹാകവി സൈമൺന്റെ പ്രതിഭാവിലാസം തെളിഞ്ഞുകാണുന്ന മറ്റൊരു രംഗമാണ് ഗാനരചനയും സംഗീതവും. ഗതകാനുയായി, സംഗീതരത്നാവലി, ഗാനചന്ദ്രിക, ഗാനപ്രസൂനം തുടങ്ങിയ സമാഹാരങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 300-ൽപരം ക്രൈസ്തവഭക്തിഗാനങ്ങൾ കലാസുഭഗതയും സംഗീതമാധുരിയും വഴിയുന്ന അത്യാകർഷക കൃതികളാണ്. മതബോധനവും ധാർമ്മികാഭിമുഖ്യവും മുറ്റിനിൽക്കുന്ന ഈ ഗാനങ്ങൾ സൈമൺന്റെ ആധുനിക മൂല്യബോധനത്തിനും സാക്ഷ്യം വഹിക്കുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും നടന്ന പൈശാചികമായ അണുബോംബുവർഷത്തിന് ഒരു വർഷം മുമ്പ് നിര്യാതനായ സൈമൺന്റെ ചില ഗാനങ്ങളിൽ പ്രകടമാകുന്ന യുദ്ധവിരോധവും മാനവികത്വവും ആധുനികർക്ക് ആകർഷകമായി തോന്നും.

19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ബോവർ സഹോദരന്മാരും സ്രാവുസും മറ്റും ജർമ്മനിയിലാരംഭിച്ച് ഇപ്പോൾ സാർവ്വലൗകികമായി ശക്തിപ്പെട്ടിരിക്കുന്ന വേദപുസ്തകവ്യാഖ്യാനപ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചത് സൈമൺ ആണെന്ന് അദ്ദേഹത്തിന്റെ വെളിപാടു പുസ്തകവ്യാഖ്യാനവും സമാഗമനകൂടാരവും ഉത്തമഗീത വ്യാഖ്യാനവും വ്യക്തമാക്കുന്നെന്ന് പി.ജി. കൂട്ടിച്ചേർക്കുന്നു. കവിതയിലെ മിത്തുകളും ശൈലീവിശേഷങ്ങളും പൂർവ്വസങ്കല്പങ്ങളും വിശകലനം ചെയ്യുന്ന ആധുനിക കാവ്യസമീക്ഷാരീതിയുടെയും കേരളത്തിലെ ആദ്യപഥികരിൽ ഒരാളായിരുന്നു സൈമൺ എന്ന് അദ്ദേഹത്തിന്റെ ഉത്തമഗീതാ വ്യാഖ്യാനം വിളംബരം ചെയ്യുന്നു.

ജീവിതത്തിലെ ഏറ്റവും വികാരഭരിതമായ പ്രണയത്തിന്റെ ആവിഷ്ക്കാരമാണല്ലോ ഉത്തമഗീതത്തിൽ. ‘ഷാലബത്യാ’ എന്ന ഉത്തമഗീത വ്യാഖ്യാനം ഏറെ ഗംഭീരമാണ്. ‘അതിന്റെ ജ്വലനം അഗ്നി ജ്വലനവും ഒരു ദിവ്യജ്വാലയും തന്നെ’.

പ്രേമത്തിന്റെ ‘ദാഹശക്തിയും തേജസ്സും’ അഗ്നിക്കു തുല്യമാണ്. പ്രണയത്തിന്റെ പരിശുദ്ധി ഇവിടെ സ്പഷ്ടീഭവിക്കുന്നു. തീവ്ര അഭിനിവേശമായി പ്രേമം മാറുന്നു. ടാഗോറിന്റെ ഗീതാഞ്ജലിയിലും അഷ്ടപതിയിലും ഇതുതന്നെ ദർശിക്കുന്നുണ്ട്. ചങ്ങമ്പുഴയുടെ ദിവ്യഗീതം, പുത്തൻകാവ് മാത്തൻ തരകന്റെ ‘ശൂലേംകുമാരി’ എന്ന ഖണ്ഡകാവ്യവും ഉത്തമഗീതത്തെ അവലംബമാക്കി രചിച്ചതാണ്. ‘ശലോമിയെ വരികെന്റെ പ്രിയേ’ എന്ന സൈമൺ സാറിന്റെ പാട്ട് എത്ര മനോഹരമാണ്.

*“വേഷവിശേഷങ്ങളാഭരണം*
*ജാതികൾക്കൊത്ത ദുരാചരണം*
*ദുരീകരിക്ക നീ സോദരപൂരണം*
*സാധിച്ചിടും കപടാത്മീക*
*ധാരണം”*

ഈ വരികൾ ആർക്കാണ് ഇഷ്ടപ്പെടാത്തത്. ഒരു കാലത്ത് മലയാളികളെ പ്രണയ ജ്വരത്തിലാഴ്ത്തിയ പത്മരാജൻ ചിത്രമാണ് ‘നമുക്കു പാർക്കാൻ മു

04

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 22

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
25/11/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

**മാധ്യമവിചാരം**

# ഐ. പി. സിയിൽ പുതിയ പോർമുഖം തുറക്കുന്നു



അനിൽ കൊടിത്തോട്ടം
9495733727

**ഐ.** പി. സി. ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് പാസ്റ്റർ കെ. സി. ജോണിനെ മാറിനിൽക്കേണ്ടി വരുന്ന കോടതി ഉത്തരവിനെക്കുറിച്ച് അറിയുന്നത് കണ്ണൂരിൽവെച്ചാണ്. വിശദാംശങ്ങൾ തേടി ചില കൗൺസിൽ അംഗങ്ങളെ വിളിക്കുമ്പോൾ അവരിൽ പലരും വസ്തുത അറിഞ്ഞിട്ടില്ല. ദൈവമക്കളെ സംബന്ധിച്ചിടത്തോളം ഒരു നേതാവിന്റെ സ്ഥാനം പോകുന്നതോ പുതിയത് കിട്ടുന്നതോ ഒന്നും പ്രയോജനപ്രദമായ ഒരു വാർത്തയൊന്നുമല്ല. ആര് ഐ. പി. സിയുടെ പ്രസിഡന്റാകുമെന്നത് അവർക്ക് പ്രത്യേകിച്ചും എന്തെങ്കിലും ഗുണം ചെയ്യുമെന്നും കരുതുന്നില്ല. എന്നാൽ മാധ്യമപ്രവർത്തകർക്കും സഭാരാഷ്ട്രീയത്തിലെ ബലിയാടുകൾക്കും ഇത് പ്രധാന വാർത്ത തന്നെയാണ്.

പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ പൗത്രനും മുൻ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ വത്സൻ ഏബ്രഹാമിനെ ഭരണഘടനാഭേദഗതി എന്ന കുരുക്കിൽ കെട്ടി പുറത്തേക്ക് വലിച്ചെറിയാൻ അക്ഷീണം പരിശ്രമിച്ച തിരക്കിനിടയിൽ ഇത്തരം ഒരു ബൂമറാങ്ങ് ആരും പ്രതീക്ഷിച്ചില്ല. സമൂലമായ ഭരണഘടനാഭേദഗതിക്ക് അണിയറ നീക്കം നടത്തി, ആദ്യ ചർച്ചയിൽതന്നെ അതിനുവേണ്ടത്ര പിന്തുണ കിട്ടാതെപോയി. തന്നെ പിന്തുണയ്ക്കും എന്ന് കെ. സി. കരുതിയ ചില കേന്ദ്രങ്ങൾ അപ്രതീക്ഷിതമായി മറുകണ്ടം ചാടിയത് വിനയായി. കെ. സി.യുടെ കാലിബർ ബോധ്യമുള്ള ചിലർ മുറുമുറുപ്പുണ്ടെങ്കിലും നിഷ്പക്ഷത പാലിച്ചു. എന്നാൽ രഹസ്യനീക്കങ്ങളിൽ അവർ കെ. സി.ക്ക് എതിരായിരിക്കും എന്ന് വ്യക്തമായ അറിവ് മാധ്യമങ്ങൾക്ക് ലഭിച്ചിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ തന്ത്രജ്ഞത ഫലം കാണും എന്ന് ചിലരെങ്കിലും പ്രതീക്ഷിച്ചിരുന്നു. ഇപ്പോൾ സംഭവിച്ചത് ആരെയും അമ്പരിപ്പിക്കും.

സാംകുട്ടി ചാക്കോയ്ക്ക് ശേഷം പ്രാപ്തനായ ഒരു ഇലക്ഷൻ നടത്തിപ്പുകാരൻ ഐ. പി. സിയിൽ ഉണ്ടായിട്ടില്ല. സർക്കാർ സർവ്വീസിലെ ചില ബോറൻ പെൻഷൻപറ്റികളെയും സഭയ്ക്കുള്ളിൽ നിന്ന് കേസില്ലാ വക്കീലന്മാരെയും ഒക്കെ തിരഞ്ഞുപിടിച്ച് ഇലക്ഷൻ നടത്തുന്ന പതിവ് തെരഞ്ഞെടുപ്പുള്ള മിക്ക പെന്തെക്കോസ്ത് സഭകളും ചെയ്യുന്നതാണ്. ഉറക്കംതൂങ്ങി ഉദ്യോഗസ്ഥന്മാർ നിലവിലുള്ള ഭരണസമിതിയുടെ ചട്ടുകങ്ങളായി ഇലക്ഷനിൽ പെരുമാറുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഇലക്ഷൻ നടത്തിപ്പിന്റെ കെടുകാര്യസ്ഥതയാണ് കെ. സിക്ക് എതിരെയുള്ള കോടതിവിധിയുടെ അടിസ്ഥാനമെന്ന് സുവ്യക്തം. പാസ്റ്റർ ജേക്കബ് ജോണും സാങ്കേതിക പിഴവുകളാൽ നിയമനടപടി നേരിടുന്നതായി അറിയുന്നു. ഇവർക്കെതിരെ ഐ. പി. സിയിൽ നിന്നുതന്നെ നിയമനടപടിക്ക് ആളുകൾ മുമ്പോട്ട് വരുന്നു എന്നത് ശ്രദ്ധിക്കുക. ചർച്ച് ഓഫ് ഗോഡുകാരൻ സ്വന്തം നേതാവിനെതിരെ കേസിനുപോയാൽ സഭാംഗത്വം തെറിപ്പിക്കാനുള്ള നിയമം അവരുടെ വകുപ്പിലുണ്ടത്രേ. ഏത് വിവരദോഷി രജിസ്ട്രാർ ആണോ അത് അംഗീകരിച്ച് കൊടുത്തത് എന്ന് അറിയില്ല. ജനാധിപത്യ രാജ്യത്തിൽ നീതി തേടി പൗരൻ കോടതിയെ സമീപിച്ചാൽ തന്റെ സമൂഹം അവനെ പാപിയായി കരുതി പുറത്താക്കിക്കൊള്ളൂ എന്നത് നിയമമാക്കി അനുവദിച്ചുകൊടുത്ത രജിസ്ട്രാറോട് സഹതപിക്കുക.

ചർച്ച് ഓഫ് ഗോഡിലും ഓവർസിയറുമാർ നിയമക്കുരുക്കുകളിലാണ്. പാക്കിൽ മെത്രാൻ കൺവൻഷൻ ഗ്രൗണ്ട് പ്രശ്നം ഒത്തുതീർപ്പിലൂടെ പരിഹരിക്കാൻ പോകുന്നു എന്ന കീർവാണം പരമാവധി ശക്തിയോടെ തട്ടിവിടുന്നുണ്ട്. പക്ഷെ രഹസ്യത്തിൽ ഭൂമി മറിച്ചുവിൽക്കാൻ മെത്രാൻ നടത്തുന്ന പരിപാടികൾ അറിയാത്തവരാരെങ്കിലും ഉണ്ടെങ്കിൽ അത് പാക്കിൽ മെത്രാന്റെ അനുഗാമികൾ മാത്രമാണ്. കൺവൻഷൻ ഗ്രൗണ്ട് വിറ്റ കൗൺസിലിൽ നിലവിലുള്ള മെത്രാനും ഉൾപ്പെട്ടിരുന്നു. സാങ്കേതികമായി മെത്രാനും ഇതിൽ കുറ്റവാളിയാണ്. ഇതൊക്കെ ഇപ്പോൾ മാത്രമാണ് വാർത്ത പൊങ്ങിവരുന്നത്.

പെന്തെക്കോസ്ത് മെത്രാന്മാരുടെ ഏറ്റവും വലിയ ശാപം അവർ അധികാരത്തിലെത്തിയ ഇഷ്ടക്കാരോട് കാട്ടുന്ന അമിതവിധേയത്വമാണ്. ശിങ്കിടികൾക്കെല്ലാം സെന്റർ പാസ്റ്റർ സ്ഥാനവും മുറുമുറുപ്പുള്ളവരോട് വൈരാഗ്യം തീർക്കലും അവരുടെ ഹോബിയാണ്. പ്രസ്ഥാനത്തിനൊന്നും ചെയ്തില്ലെങ്കിലും അതിലെ സ്വത്തുക്കൾ അടിച്ചുമാറ്റുന്നത് ഹരമാണ്.

സ്വർഗ്ഗീയധ്വനി ഭരണഘടനാഭേദഗതിയെ പുലഭ്യം പറഞ്ഞും കെ. സി. ജോണിനെ കൊഞ്ഞണം കുത്തികാട്ടിയും വാർത്ത ചമച്ചപ്പോൾ ജാലകമായിരുന്നു പിന്തുണച്ചത്. ജനറൽ കൗൺസിലിൽ ഭേദഗതിക്കെതിരെ മുറവിളി ഉയർന്നപ്പോൾ ജനറൽ കൺവൻഷൻ കഴിഞ്ഞിട്ട് കാര്യങ്ങൾ ക്രമപ്പെടുത്താം എന്ന മോഹമായിരുന്നു ബാക്കി. ഇത് ഏതാണ്ടൊക്കെ ഉറപ്പിച്ച ഹല്ലേല്ലൂയ്യാ ഉടനെത്തന്നെ ഭേദഗതി യാഥാർത്ഥ്യമാകുമെന്ന് ഊറ്റംകൊണ്ടു. ഭേദഗതിയുടെ ബുദ്ധികേന്ദ്രങ്ങളിലേക്ക് ആലോചന പകരാൻ ഹല്ലേല്ലൂയ്യാ പെടാപ്പാട് പെട്ടിരുന്നു എന്നത് ഏവർക്കും അറിയാം. നിനച്ചിരിക്കാത്ത നാഴികയിൽ നിർഭാഗ്യം കോടതിവിധിയുടെ രൂപത്തിൽ വന്ന് എല്ലാം തകർത്തു. കെ. സി. പ്രതിരോധത്തിലാണ്. വിട്ടുവീഴ്ചയും ആത്മസംയമനവും വിശാലഹൃദയവും നഷ്ടപ്പെടുന്നിടത്താണ് അനാരോഗ്യകരമായ ഇത്തരം പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുന്നത്. ചുരുങ്ങിയ നാളുകളെ ഇനി അടുത്ത ഇലക്ഷനുള്ളൂ. അതിനുള്ളിൽ അപ്പീൽ പോയി അനുകൂലവിധി സമ്പാദിച്ച് ഭേദഗതി നടപ്പിലാക്കി മുമ്പോട്ട് പോകാം എന്നത് എത്രകണ്ട് യാഥാർത്ഥ്യമാകും. പാസ്റ്റർ വത്സൻ ഏബ്രഹാമും കെ. സി. ജോണും നേതൃനിരയിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ട ആളുകളല്ല. പരസ്പരധാരണയിൽ മുമ്പ് അവർക്ക് പ്രവർത്തിക്കാനുമായിട്ടുണ്ട്. മുമ്പൊരിക്കൽ ആ ധാരണ നിലനിർത്തേണ്ടതിന് ഇൻഡ്യാ ബൈബിൾ കോളേജ് കെ. സി.ക്ക് ഡോക്ടറേറ്റ് നൽകിയത് ഓർക്കുമല്ലോ. താഴെത്തട്ടിൽ ബന്ധങ്ങളില്ലാതെയും ടെനി ജോപ്പന്മാരെപ്പോലെ ചില പാർശ്വവർത്തികൾ വഴിത്തെറ്റിച്ചും ഏകപക്ഷീയ തീരുമാനങ്ങളാൽ സഹപ്രവർത്തകർക്ക് അനഭിമതനായും വത്സൻ ഏബ്രഹാം കഴിഞ്ഞ ഇലക്ഷന് ജേക്കബ് ജോണിനോട് തോറ്റു. ജയിച്ച ജേക്കബ് ജോണിനെ മറയാക്കി വത്സനെതിരെ യുദ്ധം നയിച്ച ഒരു മാധ്യമപ്രവർത്തകന്റെ മലിനബുദ്ധിക്ക് കെ. സി.കൂടി വശപ്പെട്ടതോടെ കാര്യങ്ങൾ അവതാളത്തിലായി. ഒരു കെ. സി. - വത്സൻ ശീതസമരമാണ് നാം ഇപ്പോൾ കാണുന്നത്. ഇതൊന്നും നല്ല

05

## അനിൽ കൊടിത്തോട്ടത്തിന്റെ പ്രഭാഷണങ്ങൾ




പ്രസിദ്ധ സുവിശേഷ പ്രഭാഷകനും മാധ്യമപ്രവർത്തകനുമായ അനിൽ കൊടിത്തോട്ടത്തിന്റെ പ്രസംഗ ഡി.വി.ഡികൾ വിതരണത്തിന് തയ്യാറായി.

ബൈബിൾ പ്രവേശിക, സഹനം ശക്തിയാക്കിയ ഭക്തൻ, ഗലീലിയായിലെ കാനാവ്, രഹസ്യ ശിഷ്യൻ, ജീവജലം, നിങ്ങളറിയാത്ത ഭക്ഷണം തുടങ്ങി ആറ് പ്രസംഗങ്ങൾ രണ്ടു ഡി.വി.ഡികളിലായി ഒരു സെറ്റിന് 200 രൂപ വില.

**കോപ്പികൾക്ക് ബെഥേൽ നെടുങ്ങാടപ്പള്ളി. ഫോൺ: 9605425561**




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.